# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മരട് മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ -ഇകെഎം(എം1)316/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 05/07/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
മരട് മുനിസിപ്പാലിറ്റി

സർ,

വിഷയം : മരട് മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മരട് മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
3. ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
4. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, എറണാകുളം
5. ഓഫീസ് കോപ്പി

നമ്പർ: കെ എസ് എ -ഇകെഎം(എം1)316/22 തീയ്യതി: 05/07/2022

## എറണാകുളം ജില്ലയിലെ മരട് മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മരട് മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 64 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| മിനിമോൾ കെ. ജി. | ജോയിന്റ് ഡയറക്ടർ | 09-02-2022 | 21-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-02-2022 | 21-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

അബ്ദുൾ സലാം ടി.ഐ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
വിജയകുമാർ എൻ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ജോസഫ് ജോർജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ബബിത ബി. കുമാർ , സീനിയർ ഗ്രേഡ് ഓഡിറ്റർ
വിജു എം.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ
മെഴ്സി കെ.പി., സീനിയർ ഗ്രേഡ് ഓഡിറ്റർ.
ടിനു കെ.ജെ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.റ്റി.എച്ച് നദീറ | ചെയർപേഴ്സൺ | 01-04-2019 | 29-01-2020 |
| ശ്രീ.ബോബൻ.നെടുമ്പറമ്പിൽ | ചെയർമാൻ | 30-01-2020 | 26-02-2020 |
| ശ്രീമതി.മോളി ജെയിംസ് | ചെയർപേഴ്സൺ | 27-02-2020 | 31-03-2020 |
| ശ്രീ.സുഭാഷ്.പി.കെ | സെക്രട്ടറി | 01-04-2019 | 02-09-2019 |
| ശ്രീ.എം.മുഹമ്മദ് ആരിഫ്ഖാൻ | സെക്രട്ടറി | 03-09-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബിജു.എം.കെ | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2019 | 29-07-2019 |
| ശ്രീ.സുഭാഷ്.ജി | മുനിസിപ്പൽ എഞ്ചിനീയർ | 30-07-2019 | 31-03-2020 |
| ഡോ.ജീന | മെഡിക്കൽ ഓഫീസർ.പി.എച്ച്.സി നെട്ടൂർ | 01-04-2019 | 31-03-2020 |
| ഡോ.ബാലുഭാസി. | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി വളന്തക്കാട് | 01-04-2019 | 31-03-2020 |
| ഡോ.ഹീര സാബു | മെഡിക്കൽ ഓഫീസർ (ആയ്യൂർവേദം) | 01-04-2019 | 31-03-2020 |
| ഡോ.രാജേശ്വരി.സി.എൽ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ.രേഖ.എസ് | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.ചിത്ര.കെ.പിള്ള | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സീന അഗസ്റ്റിൻ.പി.എ | സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2019 | 31-03-2020 |
| ശ്രീമതി.മോളി.പി.യു | ഹെഡ് മിസ്ട്രസ്.ജി.എച്ച്.എസ്.എസ്.മാങ്കായിൽ | 01-04-2019 | 31-03-2020 |
| ശ്രീമതി.സതി.എ.സി | ഹെഡ് മിസ്ട്രസ്.ജി.എൽ.പി.എസ്.മാങ്കായിൽ | 01-04-2019 | 31-03-2020 |
| ശ്രീ.ബെന്നോ ജോസഫ് | ജി.വി.എച്ച്.എസ്.എസ്, മാങ്കായിൽ | 01-04-2019 | 30-11-2019 |
| ശ്രീ.ആന്റെണി ജയൻ | ജി.വി.എച്ച് എസ്.എസ്, മാങ്കായിൽ | 01-12-2019 | 31-03-2020 |
| ശ്രീ.വിൽസൺ.സി.ജെ | പ്രോജക്ട് ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി അനുഷ.കെ.കെ | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2019 | 14-10-2019 |
| ശ്രീമതി ശാന്തിനി .എൻ,പി | ഐസിഡിഎസ് സൂപ്പർവൈസർ | 15-10-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Viju M S (Senior Grade Auditor, On 10-02-2022)<br>Last Updated By: Joby George (Computer Assistant, On 05-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക ലഭിച്ചതിന്റെ വിവരം<br>Written By: Viju M S (Senior Grade Auditor, On 17-02-2022)<br>Last Updated By: Raj N.C (Computer Assistant, On 24-05-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ<br>Written By: Joseph George (Senior Grade Auditor, On 18-02-2022)<br>Last Updated By: Joby George (Computer Assistant, On 05-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം )<br>Written By: Viju M S (Senior Grade Auditor, On 17-02-2022)<br>Last Updated By: Prasad P G (Asst. Audit Officer, On 04-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Joseph George (Senior Grade Auditor, On 18-02-2022)<br>Last Updated By: Joby George (Computer Assistant, On 05-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം.<br>Written By: Viju M S (Senior Grade Auditor, On 17-02-2022)<br>Last Updated By: Raj N.C (Computer Assistant, On 24-05-2022) | 1-5 |
| 7 | അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി<br>Written By: Babitha B Kumar (Senior Grade Auditor, On 21-02-2022)<br>Last Updated By: Raj N.C (Computer Assistant, On 24-05-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Viju M S (Senior Grade Auditor, On 17-02-2022)<br>Last Updated By: Raj N.C (Computer Assistant, On 24-05-2022) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Viju M S (Senior Grade Auditor, On 16-02-2022)<br>Last Updated By: Raj N.C (Computer Assistant, On 24-05-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Viju M S (Senior Grade Auditor, On 21-02-2022)<br>Last Updated By: Raj N.C (Computer Assistant, On 24-05-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Viju M S (Senior Grade Auditor, On 17-02-2022)<br>Last Updated By: Raj N.C (Computer Assistant, On 24-05-2022) | 1-10 |
| 12 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: TINU K.J. (Auditor, On 20-02-2022)<br>Last Updated By: Raj N.C (Computer Assistant, On 04-06-2022) | 1-11 |
| 13 | വസ്തുനികുതി - പുതിയ നികുതി നിർണ്ണയ പ്രകാരം ഡിമാന്റ് ചെയ്ത്, പഴയ നികുതി നിർണ്ണയ പ്രകാരം ഈടാക്കുന്നു.<br>Written By: TINU K.J. (Auditor, On 20-02-2022)<br>Last Updated By: Raj N.C (Computer Assistant, On 03-06-2022) | 1-12 |
| 14 | ബാങ്ക് റീക്കൺസിലിയേഷൻ - അപാകതകൾ<br>Written By: TINU K.J. (Auditor, On 21-02-2022)<br>Last Updated By: Prasad P G (Asst. Audit Officer, On 04-07-2022) | 1-13 |
| 15 | വസ്തുനികുതിപിരിവ് അപാകതകൾ<br>Written By: Mercy KP (Auditor, On 21-02-2022)<br>Last Updated By: Raj N.C (Computer Assistant, On 24-05-2022) | 1-14 |
| 16 | നികുതി കളക്ഷൻ വിവരങ്ങൾ - വ്യത്യസ്തമായ രേഖപ്പെടുത്തലുകൾ<br>Written By: Mercy KP (Auditor, On 21-02-2022)<br>Last Updated By: Raj N.C (Computer Assistant, On 24-05-2022) | 1-15 |
| 17 | കെട്ടിട വാടക - കുടിശ്ശിക നിലനിൽക്കുന്നു<br>Written By: Mercy KP (Auditor, On 21-02-2022)<br>Last Updated By: Raj N.C (Computer Assistant, On 24-05-2022) | 1-16 |

| | | |
|---|---|---|
| 18 | അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്റർ ഓഡിറ്റിനായി ലഭ്യമാക്കിയില്ല.<br>Written By: Mercy KP (Auditor, On 21-02-2022)<br>Last Updated By: Raj N.C (Computer Assistant, On 24-05-2022) | 1-17 |
| 19 | എസ്റ്റിമേറ്റിൽ നിന്ന് പകുതിയിലധികം കുറവിൽ റെസ്റ്റൊറേഷൻ ചാർജ്ജ് ഈടാക്കി<br>Written By: Mercy KP (Auditor, On 21-02-2022)<br>Last Updated By: Raj N.C (Computer Assistant, On 24-05-2022) | 1-18 |
| 20 | മൊബൈൽ ടവറുകളുടെ വസ്തുനികുതി വർഷങ്ങളായി ഈടാക്കുന്നില്ല.<br>Written By: Mercy KP (Auditor, On 21-02-2022)<br>Last Updated By: Raj N.C (Computer Assistant, On 24-05-2022) | 1-19 |
| 21 | തൊഴിൽനികുതി രജിസ്റ്ററുകൾ അപൂർണ്ണം<br>Written By: Mercy KP (Auditor, On 21-02-2022)<br>Last Updated By: Prasad P G (Asst. Audit Officer, On 04-07-2022) | 1-20 |
| 22 | ശാന്തിവനം ശ്മശാനം നടത്തിപ്പ് - യഥാർത്ഥത്തിൽ ഇല്ലാത്ത വരവ് അക്കൗണ്ട്സിൽ കാണിച്ചിരിക്കുന്നു<br>Written By: Mercy KP (Auditor, On 21-02-2022)<br>Last Updated By: Raj N.C (Computer Assistant, On 25-05-2022) | 1-21 |
| 23 | ശാന്തിവനം ശ്മശാനം നടത്തിപ്പ് - സുതാര്യത ഉറപ്പാക്കണം<br>Written By: Mercy KP (Auditor, On 21-02-2022)<br>Last Updated By: Joby George (Computer Assistant, On 05-07-2022) | 1-22 |
| 24 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - അപാകതകൾ<br>Written By: Viju M S (Senior Grade Auditor, On 19-02-2022)<br>Last Updated By: Raj N.C (Computer Assistant, On 25-05-2022) | 1-23 |
| 25 | എസ്.ടി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് - എഗ്രിമെന്റിൽ ഏർപ്പെട്ടില്ല.<br>Written By: Viju M S (Senior Grade Auditor, On 21-02-2022)<br>Last Updated By: Raj N.C (Computer Assistant, On 25-05-2022) | 1-24 |
| 26 | പ്രോജക്ട് ഓഫീസറുടെ പദ്ധതികൾ-ഫയൽ ഓഡിറ്റിന് ഹാജരാക്കിയില്ല.<br>Written By: Viju M S (Senior Grade Auditor, On 19-02-2022)<br>Last Updated By: Raj N.C (Computer Assistant, On 25-05-2022) | 1-25 |
| 27 | ഗാർഹിക കുടിവെള്ള കണക്ഷൻ- അപാകതകൾ<br>Written By: Viju M S (Senior Grade Auditor, On 19-02-2022)<br>Last Updated By: Raj N.C (Computer Assistant, On 25-05-2022) | 1-26 |
| 28 | പ്രിന്ററിന് നല്കിയ തുക തിരികെ ഈടാക്കിയില്ല.<br>Written By: Viju M S (Senior Grade Auditor, On 11-02-2022)<br>Last Updated By: Prasad P G (Asst. Audit Officer, On 04-07-2022) | 1-27 |
| 29 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ -തുക അധികം നല്കി.<br>Written By: Viju M S (Senior Grade Auditor, On 19-02-2022)<br>Last Updated By: Raj N.C (Computer Assistant, On 25-05-2022) | 1-28 |
| 30 | എസ്.സി.പി ഫണ്ടിൽ നിന്ന് മുഴുവൻ തുകയും അനുവദിച്ചു.<br>Written By: Viju M S (Senior Grade Auditor, On 21-02-2022)<br>Last Updated By: Prasad P G (Asst. Audit Officer, On 04-07-2022) | 1-29 |
| 31 | അങ്കണവാടി പോഷകാഹാരം - GST അടക്കമുള്ള തുക നല്കി<br>Written By: Babitha B Kumar (Senior Grade Auditor, On 19-02-2022)<br>Last Updated By: Raj N.C (Computer Assistant, On 25-05-2022) | 1-30 |
| 32 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് - അധികം തുക നല്കി<br>Written By: Babitha B Kumar (Senior Grade Auditor, On 21-02-2022)<br>Last Updated By: Raj N.C (Computer Assistant, On 25-05-2022) | 1-31 |
| 33 | വയോമിത്രം ക്ലബ്ബുകളുടെ ഉല്ലാസയാത്രയ്ക്ക് വേണ്ടി തുക ചെലവഴിച്ചു<br>Written By: Babitha B Kumar (Senior Grade Auditor, On 03-06-2022)<br>Last Updated By: Raj N.C (Computer Assistant, On 03-06-2022) | 1-32 |
| 34 | അങ്കണവാടിക്ക് സ്ഥലം വാങ്ങൽ -സ്റ്റാമ്പ് ഡ്യൂട്ടി ,രജിസ്ട്രേഷൻ ഫീസ് നല്കി<br>Written By: Babitha B Kumar (Senior Grade Auditor, On 21-02-2022)<br>Last Updated By: Raj N.C (Computer Assistant, On 30-05-2022) | 1-33 |
| 35 | അങ്കണവാടിക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയില്ല<br>Written By: Babitha B Kumar (Senior Grade Auditor, On 19-02-2022)<br>Last Updated By: Joby George (Computer Assistant, On 05-07-2022) | 1-34 |

| | | |
|---|---|---|
| 36 | ചികിത്സാധനസഹായപദ്ധതികൾ - സർക്കാരിന്റെ പ്രത്യേക അനുമതി ലഭ്യമാക്കിയില്ല<br>Written By: Babitha B Kumar (Senior Grade Auditor, On 21-02-2022)<br>Last Updated By: Raj N.C (Computer Assistant, On 02-06-2022) | 1-35 |
| 37 | ഹെഡ്മാസ്റ്റർ ജി.എൽ.പി.എസ്. നടപ്പിലാക്കിയ പദ്ധതികൾ - വികസനഫണ്ടിൽ നിന്നും ഓണറേറിയം നൽകിയതിന്റെ അനുമതി ലഭ്യമാക്കിയിട്ടില്ല<br>Written By: Joseph George (Senior Grade Auditor, On 21-02-2022)<br>Last Updated By: Prasad P G (Asst. Audit Officer, On 04-07-2022) | 1-36 |
| 38 | ISO സർട്ടിഫിക്കേഷൻ- തുടർ നടപടികളുടെ വിവരങ്ങളില്ല.<br>Written By: Joseph George (Senior Grade Auditor, On 21-02-2022)<br>Last Updated By: Prasad P G (Asst. Audit Officer, On 04-07-2022) | 1-37 |
| 39 | കംപ്യൂട്ടർ,അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - ഉപകരണങ്ങൾ ലഭ്യമായിട്ടിലൽ.<br>Written By: Joseph George (Senior Grade Auditor, On 21-02-2022)<br>Last Updated By: Prasad P G (Asst. Audit Officer, On 04-07-2022) | 1-38 |
| 40 | ഹയർ സെക്കണ്ടറി ക്ലാസ് മുറികൾക്ക് ബഞ്ച്, ഡെസ്ക് എന്നിവ വാങ്ങൽ- വിതരണം നടത്തിയതിന്റെ വിശദവിവരങ്ങളില്ല.<br>Written By: Joseph George (Senior Grade Auditor, On 21-02-2022)<br>Last Updated By: Raj N.C (Computer Assistant, On 04-06-2022) | 1-39 |
| 41 | ജി.എൽ.പി.എസ് മാങ്കായിലേക്ക് ബുക്ക് ഷെൽഫ് വാങ്ങൽ - അധിക നിരക്ക് നൽകി<br>Written By: Joseph George (Senior Grade Auditor, On 21-02-2022)<br>Last Updated By: Raj N.C (Computer Assistant, On 03-06-2022) | 1-40 |
| 42 | തുടർവിദ്യാഭ്യാസസംഗമം- അനുമതി വിശദാംശങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Joseph George (Senior Grade Auditor, On 21-02-2022)<br>Last Updated By: Raj N.C (Computer Assistant, On 04-06-2022) | 1-41 |
| 43 | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന് ഹാന്റ് കാർട്ട് വാങ്ങൽ - വിതരണവിവരങ്ങൾ ലഭ്യമാക്കിയില്ല.<br>Written By: Joseph George (Senior Grade Auditor, On 21-02-2022)<br>Last Updated By: Prasad P G (Asst. Audit Officer, On 04-07-2022) | 1-42 |
| 44 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ - വിതരണവിവരങ്ങളിലൽ.<br>Written By: Joseph George (Senior Grade Auditor, On 21-02-2022)<br>Last Updated By: Prasad P G (Asst. Audit Officer, On 04-07-2022) | 1-43 |
| 45 | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന് പിക്കപ്പ് വാൻ വാങ്ങൽ - ആദായനികുതി നൽകിയ തുക തിരികെ ഈടാക്കിയില്ല.<br>Written By: Joseph George (Senior Grade Auditor, On 21-02-2022)<br>Last Updated By: Raj N.C (Computer Assistant, On 04-06-2022) | 1-44 |
| 46 | സ്കൂളുകളിൽ ജൈവവൈവിധ്യ പാർക്കുകൾ സ്ഥാപിക്കൽ - മൂല്യനിർണ്ണയം ഉറപ്പാക്കാതെ തുക നൽകി<br>Written By: Joseph George (Senior Grade Auditor, On 21-02-2022)<br>Last Updated By: Prasad P G (Asst. Audit Officer, On 04-07-2022) | 1-45 |
| 47 | നഗരസഭ ഓഫീസിലേക്ക് ഇന്റർകോം വാങ്ങൽ -ടെണ്ടറിലും അധികം തുക നൽകി.<br>Written By: Joseph George (Senior Grade Auditor, On 21-02-2022)<br>Last Updated By: Prasad P G (Asst. Audit Officer, On 04-07-2022) | 1-46 |
| 48 | ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ നിയമനം സംബന്ധിച്ച വിവരം ലഭ്യമാക്കിയില്ല<br>Written By: Abdul Salam T.I (Audit Officer, On 21-02-2022)<br>Last Updated By: Raj N.C (Computer Assistant, On 04-06-2022) | 1-47 |
| 49 | വക്കീൽ ഫീസ് നൽകിയത് - വിശദവിവരങ്ങളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു. | 1-48 |

| | | |
|---|---|---|
| | Written By: Abdul Salam T.I (Audit Officer, On 21-02-2022)<br>Last Updated By: Raj N.C (Computer Assistant, On 04-06-2022) | |
| 50 | പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ് ബിൽ- സ്പഷ്ടീകരണം നൽകേണ്ടതാണ്.<br>Written By: Abdul Salam T.I (Audit Officer, On 21-02-2022)<br>Last Updated By: Raj N.C (Computer Assistant, On 04-06-2022) | 1-49 |
| 51 | മുൻകൂർ നൽകിയ തുകകൾ സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല<br>Written By: Abdul Salam T.I (Audit Officer, On 21-02-2022)<br>Last Updated By: Raj N.C (Computer Assistant, On 04-06-2022) | 1-50 |
| 52 | കേരള വാട്ടർ അതോറിറ്റിയ്ക്ക് നൽകേണ്ടതില്ലാത്ത ജി.എസ്.ടി. നൽകി - 22,821/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Abdul Salam T.I (Audit Officer, On 21-02-2022)<br>Last Updated By: Raj N.C (Computer Assistant, On 04-06-2022) | 1-51 |
| 53 | മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-<br>Written By: N.Vijayakumar (Audit Officer (HG), On 20-02-2022)<br>Last Updated By: Raj N.C (Computer Assistant, On 04-06-2022) | 1-52 |
| 54 | നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 20-02-2022)<br>Last Updated By: Raj N.C (Computer Assistant, On 04-06-2022) | 1-53 |
| 55 | മരാമത്ത് പ്രവൃത്തികൾ - മുനിസിപ്പൽ എഞ്ചിനിയർ ഫയലുകൾ ഹാജരാക്കിയിട്ടില്ല<br>Written By: N.Vijayakumar (Audit Officer (HG), On 20-02-2022)<br>Last Updated By: Joby George (Computer Assistant, On 05-07-2022) | 1-54 |
| 56 | ഇ ടെണ്ടർ ഫീസ് - മുനിസിപ്പൽ എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്ന ടെണ്ടർ ഫീസ് നഗരസഭാ ഫണ്ടിലേയ്ക്ക് മാറ്റിയിട്ടില്ല<br>Written By: N.Vijayakumar (Audit Officer (HG), On 20-02-2022)<br>Last Updated By: Raj N.C (Computer Assistant, On 04-06-2022) | 1-55 |
| 57 | വിവിധ സ്ഥാപനങ്ങളിലെ വൈദ്യുതീകരണം - വിവരങ്ങൾ ലഭ്യമാക്കിയില്ല<br>Written By: N.Vijayakumar (Audit Officer (HG), On 21-02-2022)<br>Last Updated By: Raj N.C (Computer Assistant, On 04-06-2022) | 1-56 |
| 58 | ബിറ്റുമിൻ ഉപയോഗത്തിനനുസൃതമായി ഒഴിഞ്ഞ ബാരലിന്റെ വില ബില്ലിൽ കുറവു ചെയ്യുന്നില്ല<br>Written By: N.Vijayakumar (Audit Officer (HG), On 20-02-2022)<br>Last Updated By: Raj N.C (Computer Assistant, On 04-06-2022) | 1-57 |
| 59 | പാക്കാക്കൽ ടെമ്പിൾ റോഡ് കാന നിർമ്മാണം - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ<br>Written By: N.Vijayakumar (Audit Officer (HG), On 21-02-2022)<br>Last Updated By: Joby George (Computer Assistant, On 05-07-2022) | 1-58 |
| 60 | കടേക്കുഴി പ്രഭാകര മേനോൻ റോഡ് കാന നിർമ്മാണം (101/19)- പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 21-02-2022)<br>Last Updated By: Raj N.C (Computer Assistant, On 04-06-2022) | 1-59 |
| 61 | പൂതേപ്പാടം റോഡ്, കലിംഗ് പറമ്പ് റോഡ് ടൈൽ വിരിക്കൽ - നിർവ്വഹണത്തിലെ അപാകങ്ങൾ<br>Written By: N.Vijayakumar (Audit Officer (HG), On 21-02-2022)<br>Last Updated By: Raj N.C (Computer Assistant, On 04-06-2022) | 1-60 |
| 62 | നഗരസഭാ ഓഫീസിന് ചുറ്റുമതിൽ നിർമ്മാണം - ക്രമവിരുദ്ധമായി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകി<br>Written By: N.Vijayakumar (Audit Officer (HG), On 21-02-2022)<br>Last Updated By: Raj N.C (Computer Assistant, On 04-06-2022) | 1-61 |
| 63 | യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല. | 1-62 |

| | | |
|---|---|---|
| | Written By: N.Vijayakumar (Audit Officer (HG), On 20-02-2022)<br>Last Updated By: Raj N.C (Computer Assistant, On 04-06-2022) | |
| ഭാഗം **2** | | |
| 1 | ചെക്ക് മുഖേന വരവ് വന്ന ജീവനക്കാരുടെ തൊഴിൽനികുതി -വരവ് സാംഖ്യാ രസീതിലുള്ളതിനേക്കാൾ കുറവ്<br>Written By: TINU K.J. (Auditor, On 04-06-2022)<br>Last Updated By: Raj N.C (Computer Assistant, On 04-06-2022) | 2-1 |
| ഭാഗം **3** | | |
| 1 | പദ്ധതി വിഹിതം അധികം ചെലവഴിച്ചു.<br>Written By: Viju M S (Senior Grade Auditor, On 21-02-2022)<br>Last Updated By: Prasad P G (Asst. Audit Officer, On 04-07-2022) | 3-1 |
| 2 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് - അധികം തുക നല്കി<br>Written By: Babitha B Kumar (Senior Grade Auditor, On 21-02-2022)<br>Last Updated By: Raj N.C (Computer Assistant, On 04-06-2022) | 3-2 |
| 3 | അങ്കണവാടിക്ക് സ്ഥലം വാങ്ങൽ -സ്റ്റാമ്പ് ഡ്യൂട്ടി ,രജിസ്ട്രേഷൻ ഫീസ് നല്കി<br>Written By: Babitha B Kumar (Senior Grade Auditor, On 21-02-2022)<br>Last Updated By: Raj N.C (Computer Assistant, On 04-06-2022) | 3-3 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം<br>Written By: Viju M S (Senior Grade Auditor, On 17-02-2022)<br>Last Updated By: Raj N.C (Computer Assistant, On 04-06-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Viju M S (Senior Grade Auditor, On 18-02-2022)<br>Last Updated By: Raj N.C (Computer Assistant, On 04-06-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Viju M S (Senior Grade Auditor, On 18-02-2022)<br>Last Updated By: Raj N.C (Computer Assistant, On 04-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Viju M S (Senior Grade Auditor, On 16-02-2022)<br>Last Updated By: Raj N.C (Computer Assistant, On 04-06-2022) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Viju M S (Senior Grade Auditor, On 17-02-2022)<br>Last Updated By: Raj N.C (Computer Assistant, On 04-06-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Viju M S (Senior Grade Auditor, On 17-02-2022)<br>Last Updated By: Joby George (Computer Assistant, On 05-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Viju M S (Senior Grade Auditor, On 17-02-2022)<br>Last Updated By: Raj N.C (Computer Assistant, On 04-06-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Viju M S (Senior Grade Auditor, On 16-02-2022)<br>Last Updated By: Raj N.C (Computer Assistant, On 04-06-2022) | 4-8 |
| 9 | ചാർജ്ജ് സർച്ചാർജ്ജുകളുടെ വിവരം<br>Written By: Viju M S (Senior Grade Auditor, On 16-02-2022)<br>Last Updated By: Raj N.C (Computer Assistant, On 04-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Viju M S (Senior Grade Auditor, On 21-02-2022)<br>Last Updated By: Joby George (Computer Assistant, On 05-07-2022) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം<br>Written By: Abdul Salam T.I (Audit Officer, On 09-02-2022)<br>Last Updated By: Raj N.C (Computer Assistant, On 04-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 02.03.2019 ലെ 1(1)ാംനമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ബജറ്റ് 26.03.2020 ലെ 1(1)ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി പുതുക്കി അംഗീകരിച്ചിട്ടുണ്ട്. 2019-20 വർഷത്തെ പുതുക്കിയ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു :-

| | ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ | രസീപ്റ്റ് & പേയ്മെന്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 75150714.00 | 73661118.22 | 1489595.78 |
| വരവ് | 590720461.00 | 206140924.00 | 384579537.00 |
| ആകെ | 666581175.00 | 279802042.22 | 386779132.78 |
| ചെലവ് | 599982627.00 | 220105604.00 | 379877023.00 |
| നീക്കിയിരിപ്പ് | 65888548.00 | 59696438.22 | 6192109.78 |

ഇ.എഫ്.എം.എസ്. വഴി അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിക്കായി 51ലക്ഷം രൂപയും, ക്ഷേമ പദ്ധതികൾക്കായി ഡി.ബി.റ്റി വഴി 2.74 കോടി രൂപയും ലഭിച്ചതുൾപ്പെടെ തനത് സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയാലും ബജറ്റും വാർഷിക ധനകാര്യപത്രികയും തമ്മിൽ കണക്കിൽ അജഗജാന്തരമുണ്ട്. വാർഷിക കണക്കുകൾ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക ലഭിച്ചതിന്റെ വിവരം

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2019-20 | 31.07.2020. | 29.07.2020 |

## 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ

മരട് നഗരസഭയുടെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1. വാർഷിക കണക്ക് RP-40(b) പ്രകാരമുള്ള ട്രഷറി TPA അക്കൗണ്ടിലെ (A/c No.288) 31/03/2020 ലെ നീക്കിയിരുപ്പ് 30345രൂപയാണ് . എന്നാൽ പാസ്ബുക്ക് പരിശോധിച്ചതിൽ ഈ അക്കൌണ്ടിന്റെ അവസാനത്തെ എൻട്രി രേഖപ്പെടുത്തിയിരിക്കുന്നത് 31/03/2012 ലാണ്. കഴിഞ്ഞ എട്ട് വർഷമായി ഈ പാസ്സ്ബുക്കിൽ വരവ് ചെലവുകൾ രേഖപ്പെടുത്തിയിട്ടില്ല. ട്രഷറിയിൽ ഇത് സംബന്ധിച്ച് നൽകിയ കത്ത് പ്രകാരം ഈ അക്കൌണ്ട് നിലവിലില്ല എന്നറിയിച്ചതായി പറയുന്നു. ഈ അക്കൌണ്ടിലെ നീക്കിയിരുപ്പ് തുകയുടെ നിലവിലെ സ്ഥിതിവിവരകണക്ക് വാർഷികകണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

2. വാർഷിക കണക്ക് RP-40(b) പ്രകാരമുള്ള Axis Bank (PMAY) ന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല. Bank Of Baroda (NULM), പഞ്ചാബ് നാഷണൽ ബാങ്ക് (തനത് ഫണ്ട്) അക്കൗണ്ടുകളിലെ റിക്കൻസിലിയേഷൻ കൃത്യമല്ല. 2014-15 സാമ്പത്തിക വർഷം മുതൽ നൽകിയതും ലഭിച്ചതുമായ ചെക്കുകളും ട്രാൻസ്ഫറുകളും Outstanding വിഭാഗത്തിലാണ് നിലവിലും ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവ യഥാർത്ഥത്തിൽ വരവുവന്നിട്ടുണ്ടോ, ചെക്ക് പ്രകാരമുള്ള തുകകൾ ബാങ്കിൽ നിന്നും പിൻവലിക്കപ്പെട്ടിട്ടുണ്ടോ എന്നീ കാര്യങ്ങളിൽ തീർച്ചയില്ല. ബാങ്കിൽ നേരിട്ട് ലഭിച്ചതും പിൻവലിക്കപ്പെട്ടതുമായ ലക്ഷക്കണക്കിന് രൂപയുടെ സ്രോതസ്സും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയ പല വരവ്-ചെലവ് തുകകളുടേയും ചെക്ക്/ഡി.ഡി. നം., തീയി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

3. നഗരസഭയുടെ നികുതി, നികുതിയേതര വരുമാന സ്രോതസ്സുകളുടെ ഡിമാന്റ് തയ്യാറാക്കിയിരിക്കുന്നതും യഥാർത്ഥത്തിൽ ഈയിനങ്ങളിൽ ലഭിക്കേണ്ടതുമായ തുകകളുമായി പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ല. ഒരു വരവിനത്തിലും കൃത്യമായ ഡിമാന്റ് തയ്യാറാക്കിയല്ല വാർഷിക കണക്കുകൾ തയ്യാറാക്കിയിട്ടുള്ളത്. വസ്തുനികുതി, തൊഴിൽ നികുതി, വാടക, ലേലം, ബിൽഡിംഗ് പെർമിറ്റ്,ലൈസൻസ് ഫീസ് എന്നിവയുൾപ്പടെയുള്ള വരവുകളുടെ കൃത്യമായ കണക്കുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഡി.സി.ബി രജിസ്റ്ററിലെ വാർഷിക സ്റ്റേറ്റ്മെന്റ് പ്രകാരം ഈയിനത്തിൽ ലഭിക്കാനുള്ള ആകെ തുകകളും രജിസ്റ്ററിലെ വരവുമായി പൊരുത്തപ്പെടുന്നില്ല. ഓരോ വരവിനങ്ങളിലും ലഭിക്കുന്ന തുക സാമ്പത്തിക വർഷാടിസ്ഥാനത്തിൽ കൃത്യമായി പോസ്റ്റ് ചെയ്യപ്പെടുന്നില്ല.

4. ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-18 പ്രകാരം Prior Period Income-Property Tax, Other Income ഉൾപ്പടെയുള്ള Prior Period Income എന്ന ഇനത്തിലുള്ള 58,62,692 രൂപയുടെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

5. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ തനത് ഫണ്ട് വൗച്ചറുകൾ പ്രകാരം റീഫണ്ട് നൽകിയിട്ടുള്ള പല രസീതികളും രജിസ്റ്ററിൽ ചേർത്തിരുന്നില്ല.അതുപോലെ തിരികെ നൽകിയ ഡെപ്പോസിറ്റുകളുടെ വിവരങ്ങൾ രജിസ്റ്ററിൽ കൃത്യമായി സൂക്ഷിക്കുന്നില്ല. ആയതിനാൽ ഈയിനത്തിൽ വാർഷിക കണക്ക് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.

6. അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ജീവനക്കാർക്ക് ഫെസ്റ്റിവൽ അഡ്വാൻസ്

നൽകുന്നതൊഴികെ ഓഫീസ് ചെലവുകൾക്കായി തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്ന അഡ്വാൻസുകളോ തിരികെ ലഭിക്കുന്ന തുകകളോ രജിസ്റ്ററിൽ കൃത്യമായി ചേർത്തുവരുന്നില്ല. വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള ചെലവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് ജോലിയുമായി ബന്ധപ്പെട്ട് നൽകിയ അഡ്വാൻസ് സംബന്ധമായ (പ്രധാനമായും ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, ലൈൻ നീട്ടൽ) ജോലികൾക്ക് ഫയലുകൾ പ്രകാരം 1480625 രൂപ 2019-20 ൽ നൽകിയിട്ടുണ്ടെങ്കിലും വാർഷിക കണക്കുകളിൽ ഇവ ഡെപ്പോസിറ്റായി ഉൾപ്പെടുത്തിയിട്ടില്ല. വിവിധ സാമ്പത്തിക വർഷങ്ങളിലായി മുൻകൂർ നൽകിയ തുകകൾ പലതും ഫയൽ ലഭ്യമാക്കി ക്രമീകരിക്കാത്തതിനാൽ അഡ്വാൻസായി തന്നെ അവശേഷിക്കുകയാണ്.

7. വാർഷിക കണക്കുകളിലെ RP-16 പ്രകാരം Revenue Grants Written Off (Code 270300500) ഹെഡിൽ ചെലവ് കാണിച്ചിരിക്കുന്ന 8,07,725 രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

8. B-15 Other Receivable (Current) 17,07,837/-, Other Receivable (Arrears) Rs.1,48,84,012/- എന്നീയിനങ്ങളിൽ വലിയ തുകകൾ ലഭിക്കാനുള്ളതായി വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ ഈ തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല.

9. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 വർഷം ചെലവ് രേഖപ്പെടുത്തിട്ടുള്ള പല പദ്ധതികളിലെയും (പ്രധാനമായും തനത് ഫണ്ട് വകയിരുത്തൽ) യഥാർത്ഥ ചെലവ് 2020-21 സാമ്പത്തിക വർഷമാണ് നടന്നിട്ടുള്ളത്.

## 1-3 സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 73661118.22 |
| വരവ് | 206140924.00 |
| ആകെ | 279802042.22 |
| ചെലവ് | 220105604.00 |
| നീക്കിയിരിപ്പ് | 59696438.22 |
| തടസ്സപ്പെടുത്തിയ തുക | 18449697 |
| വരവ് നഷ്ടം | 1000 |
| ചെലവ് നഷ്ടം | 66738 |

## 1-4 ഫണ്ട് വിനിയോഗം

| നം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 25929303 | 25929303 | 23025512 | 0 | 2903791 |
| വികസനഫണ്ട് എസ്.സി.പി. | 0 | 16948000 | 16948000 | 12730486 | 0 | 4217514 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1140000 | 1140000 | 271877 | 0 | 868123 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 7184600 | 7184600 | 6070533 | 0 | 1114067 |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 5680000 | 5680000 | 4382968 | 0 | 1297032 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 48447000 | 48447000 | 14316111 | 0 | 34130889 |
| NULM | 0 | | | | 0 | |

തൻവർഷം വികസനഫണ്ട് എസ്.സി.പി., ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനങ്ങളിൽ വാർഷിക കണക്കിലും എ.സി.ആറും തമ്മിൽ യഥാക്രമം 21,94,345/- രൂപ, 7,83,827/- രൂപ എന്നിങ്ങനെ വ്യതാസമുണ്ട്. ഈ തുകകൾ ട്രഷറിയിൽ നിന്നും ബിൽ മാറാൻ സാധിക്കാതെ വന്നപ്പോൾ ബിൽ ഡിസ്കൌണ്ടിംഗ് സമ്പ്രദായം വഴി മാറിയ തുകകളുടേതാണ്.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 473 | 229421820 | 233 | 66143622 | 88 | 240 | 49.26% |

ഏറ്റെടുക്കുന്ന പദ്ധതികൾ സമയബന്ധിതമായി തന്നെ പൂർത്തിയാക്കേണ്ടതാണ്. ഏറ്റെടുത്ത പദ്ധതികളിൽ 50%

പോലും പൂർത്തീകരിക്കാവൻ സാധിച്ചിട്ടില്ല. ആയത് നഗരസഭയുടെ പദ്ധതി നിർവ്വഹണത്തിലെ അനാസ്ഥയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 1-6 അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 5607258 | 923802 | 6531060 | 6369273 | 161787 |
| ഗുണഭോക്താക്കൾക്ക് നല്കിയത് | 0 | 0 | 0 | 0 | 0 |
| ആകെ | 5607258 | 923802 | 6531060 | 6369273 | 161787 |

അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് ശരിയായി എഴുതിയിട്ടില്ല. 2018-19 വർഷത്തെ നീക്കിയിരിപ്പ് ചേർക്കാതെയാണ് 2019-20 ൽ ക്യാഷ് ബുക്ക് എഴുതിത്തുടങ്ങിയത്. ഓരോ ദിവസത്തെയും ആകെ കണക്കുകൾ കൂട്ടി എഴുതിയിട്ടില്ല. മാസാന്ത്യ/വർഷാന്ത്യ റീക്കൺസിലിയേഷൻ ചെയ്തിട്ടില്ല. ഈ കാരണങ്ങളാൽ വാർഷികധനകാര്യപത്രികയിലെ തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല. അപാകതകൾക്ക് വിശദീകരണം നല്കുവാനും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാനും ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം.64 , 21.02.22) മറുപടി ലഭ്യമാക്കിയില്ല. ക്യാഷ് ബുക്ക് ശരിയായ രീതിയിൽ എഴുതി അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 38520 | 53 |
| കർഷകതൊഴിലാളി പെൻഷൻ | 758400 | 126 |
| വിധവാപെൻഷൻ | 7746600 | 1299 |
| വാർദ്ധക്യകാലപെൻഷൻ | 16515000 | 2846 |
| വികലാംഗപെൻഷൻ | 1655500 | 298 |
| വിവാഹധനസഹായം | 270000 | 9 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 480600 | 82 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16,02.2022ന് ഹെൽത്ത് ഇൻസ്പെക്ടറുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 112690/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1. ഇൻകുമ്പൻസി രജിസ്റ്റർ- സ്ഥാപനത്തിൽ ജീവനക്കാരുടെ പേര്, തസ്തിക, വിലാസം എന്നിവ രേഖപ്പെടുത്തുന്ന ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയത് അടിയന്തിരമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

2. സുലേഖ വഴി ലഭ്യമാകുന്ന ചെലവ് പത്രികയിൽ ഗുണഭോക്തൃവിഹിതം ശേഖരിച്ചത് രേഖപ്പെടുത്തുന്നില്ല.

3. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സമയോചിതമായ നടപടികൾ കൈക്കൊള്ളുന്നില്ല.

5. സാംഖ്യ രസീത് ക്യാൻസൽ ചെയ്യുന്നത് ബന്ധപ്പെട്ട സെക്രട്ടറിയോ, സൂപ്രണ്ടോ സാക്ഷ്യപ്പെടുത്തുന്നില്ല.

6. ചെക്ക് രജിസ്റ്ററിൽ ചെക്ക് ലഭ്യമായിട്ടുള്ളത് ആരിൽ നിന്ന് എന്ന വിവരം വ്യക്തമായി രേഖപ്പെടുത്തുന്നില്ല.

7. സംഖ്യ രസീത് സ്റ്റേഷണറികൾക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

8. ഓഡിറ്റിനായി ഫയൽ ഓഡിറ്റ് റിക്വസിഷൻ വഴി ആവശ്യപ്പെട്ടാലും സമയബന്ധിതമായി ഓഡിറ്റിന് ഹാജരാക്കുന്നില്ല.

9. ഡേ ബുക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ദിവസേന പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
10. ഹെൽത്ത് ഇൻസ്പെക്ടർ സ്വീകരിച്ച 301ാം നമ്പർ കൈയ്യെഴുത്ത് രസീത് ബുക്കിന് ഔട്ട് ഡോർ കളക്ഷൻ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല
11. നഗരസഭ ഓഡിറ്റിനായി ഹാജരാക്കിയിരിക്കുന്ന തൊഴിൽനികുതി രജിസ്റ്ററുകൾ അപൂർണമാണ്. ഇൻഡക്സ് രേഖപ്പെടുത്തിയിട്ടില്ല. ജീവനക്കാരുടെ തൊഴിൽ നികുതി അടവുവിവരങ്ങൾ രേഖപ്പെടുത്തുമ്പോൾ സ്ഥാപനത്തിൻെറ പേര് , ജീവനക്കാരുടെ ലിസ്റ്റ് ഉദ്യാഗപ്പേര് എന്നിവ സഹിതം രേഖപ്പെടുത്തി തുകയും രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.02.2016 മുതൽ<br>12.02.2016വരെ | 2013-14(ii)<br>2014-15<br>2015-16(i) | ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.01.2017 മുതൽ<br>16.02.2019 വരെ | 2014-15മുതൽ<br>2018-19വരെ | 29.07.2019 |

## 1-11 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

മരട് നഗരസഭയിൽ 2019-2020 സാമ്പത്തിക വർഷത്തെ രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.
1) സാംഖ്യാ രസീത് സ്റ്റേഷനറികളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. സാംഖ്യാ രസീത് സ്റ്റേഷനറികളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കണമെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (25/16-2-2022) നൽകിയിരുന്നെങ്കിലും ആയത് ലഭ്യമാക്കിയില്ല. പരിശോധനക്ക് സമർപ്പിച്ച സാംഖ്യാ രസീതുകൾ പ്രകാരം 0020898 മുതൽ 0040198 വരെ ആകെ 19300 സ്റ്റേഷനറികൾ ഈ സാമ്പത്തിക വർഷം ഉപയോഗിച്ചിട്ടുണ്ട്. ഈ സീരീസ് സ്റ്റേഷനറികൾ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് ലഭിച്ചതാണോ എന്ന രേഖകൾ ലഭ്യമായില്ല. ഇവ എവിടെ നിന്ന് ഏതൊക്കെ സീരീസ് ആണ് ലഭിച്ചതെന്നും എത്ര എണ്ണം ലഭിച്ചെന്നും എത്ര എണ്ണം ഇഷ്യൂ ചെയ്തെന്നും ഇഷ്യൂ ചെയ്തതിൽ എത്ര എണ്ണം ഉപയോഗിച്ചെന്നും എത്ര എണ്ണം നീക്കിയിരുപ്പ് ഉണ്ടെന്നുമുള്ള യാതൊരു രേഖയും നഗരസഭയിൽ സൂക്ഷിക്കുന്നില്ല. ആയതിനാൽ പരിശോധനക്ക് ലഭ്യമാക്കാത്ത ഉപയോഗിച്ച സ്റ്റേഷനറികൾ ഉണ്ടോ എന്നും ഇവ മുഖേന അനധികൃതമായി പണം പിരിച്ചോ എന്നും വ്യക്തമല്ല. വൻ നികുതി നികുതിയേതര വരവുള്ള നഗരസഭയിൽ വരവിന്റെ പ്രധാന രേഖയായ സാംഖ്യാ രസീത് സ്റ്റേഷനറികളുടെ സൂക്ഷിപ്പ് സംബന്ധിച്ച് സ്റ്റോക്ക് രജിസ്റ്റർ പോലും സൂക്ഷിക്കാത്തതിനാൽ രസീത് പിരിവ് സംബന്ധിച്ച് യാതൊരു പരിശോധനകളും നഗരസഭയിൽ നടക്കുന്നില്ല എന്ന് വ്യക്തമാണ്. ആയത് ശരിയായ നടപടിയല്ല. ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി വിവരം അറിയിക്കേണ്ടതാണ്. ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് ലഭിക്കുന്ന സാംഖ്യാ രസീത് സ്റ്റേഷനറികൾ മാത്രം ഉപയോഗിക്കേണ്ടതും ഏതെല്ലാം സീരീസ് സ്റ്റേഷനറികളാണ് ലഭ്യമായതെന്ന ഗ്രാമ ലക്ഷ്മി മുദ്രാലയത്തിൽ നിന്നുള്ള ഇഷ്യൂ രസീത് സ്റ്റോക്ക് രജിസ്റ്ററിൽ പതിപ്പിക്കേണ്ടതും യഥാസമയം സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റേഷനറികളുടെ വരവ്, കൈപ്പറ്റ്, ബാലൻസ് വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്.
2) സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)നം.246/2011/എൽ.എസ്.ജി.ഡി. തീയതി 13.10.2011 പ്രകാരം സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗ്രാമലക്ഷ്മി മുദ്രാലയം വഴിയാണ് രസീതിന്റെ അച്ചടി ജോലികൾ നിർവ്വഹിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതെങ്കിലും മരട് നഗരസഭയിൽ ഉപയോഗിക്കുന്നത് ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് ലഭിച്ച കയ്യെഴുത്ത് രസീതുകളാണോ എന്ന് രേഖകൾ ഇല്ല.തൻവർഷം ഉപയോഗിച്ച കയ്യെഴുത്ത് രസീത് ബുക്കുകൾ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് ലഭിച്ചതാണെന്ന് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമ ലക്ഷ്മി മുദ്രാലയത്തിൽ നിന്നാണ് ഇവ ലഭിച്ചതെന്നും എത്ര എണ്ണം, ഏതൊക്കെ സീരീസ് രസീതുകളടങ്ങിയ കയ്യെഴുത്ത് രസീത് ബുക്കുകളാണ് ലഭിച്ചതെന്നും തെളിയിക്കുന്ന രേഖകൾ ഒന്നും തന്നെ പരിശോധനക്ക് ലഭ്യമായില്ല. ആയതിനാൽ എവിടെ നിന്ന് എത്ര എണ്ണം ഏതൊക്കെ സീരീസ്

കയ്യെഴുത്ത് രസീത് ബുക്കുകളാണ് ലഭിച്ചതെന്ന് വ്യക്തമല്ല. മേൽ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി(25/16-2-2022) നൽകിയിരുന്നെങ്കിലും ആയത് പരിശോധനക്ക് ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി വിവരം നൽകേണ്ടതാണ്. ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് ലഭിക്കുന്ന കയ്യെഴുത്ത് രസീത്ബുക്കുകൾ മാത്രം ഉപയോഗിക്കേണ്ടതും ഏതെല്ലാം സീരീസ് ലഭ്യമായതെന്ന ഗ്രാമ ലക്ഷ്മി മുദ്രാലയത്തിൽ നിന്നുള്ള ഇഷ്യൂ രസീത് സ്റ്റോക്ക് രജിസ്റ്ററിൽ പതിപ്പിക്കേണ്ടതുമാണ്.

3) 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൌണ്ടിംഗ് ചട്ടങ്ങൾ , ചട്ടം 11 പ്രകാരം രസീതുകളിലെ തുകകളിൽ തിരുത്തലുകളോ മാറ്റങ്ങളോ വരുത്തുവാൻ പാടില്ല. തെറ്റുകൾ സംഭവിച്ചാൽ അത്തരം രസീതുകൾ റദ്ദ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്. എന്നാൽ കൃഷി ഓഫീസർ കൈപ്പറ്റിയ ചില രസീതുകളിലെ തുക തിരുത്തിയാണ് പണം പിരിച്ചത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | രസീത് നമ്പർ/തീയതി | പേര് | രേഖപ്പെടുത്തിയിരുന്ന തുക | തിരുത്തി രേഖപ്പെടുത്തിയ തുക |
|---|---|---|---|---|
| 1 | 29259/22-1-2020 | സ്മിത ടി എസ് തച്ചറ എന്നത് തിരുത്തി ഷീബ ആന്റണി പുളിക്കത്തറ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. | 423 | 398 |
| 2 | 29260/22-1-2020 | ശരത് ചന്ദ്രൻ ഇല്ലിക്കൽ എന്നത് തിരുത്തി കുമാരി വെള്ളാനിത്തറ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. | 723 | 115 |
| 3 | 29261/22-1-2020 | റോയ് എൻ പി നെടുംപറമ്പ് എന്നത് തിരുത്തി ലീല കോക്കാന്തറ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. | 1016 | 159 |
| 4 | 29262/22-1-2020 | കെ വി ഇന്ദ്രദാദ് കര്യാപ്പിള്ളിൽ എന്നത് തിരുത്തി മേരി ഫ്രാൻസിസ് ആനാംതുരുത്തിൽ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. | 326 | 229 |
| 5 | 29263/22-1-2020 | കെവി മാത്യൂ കക്കാരതുരുത്തി എന്നത് തിരുത്തി ജിഷ വിപിൻ ദാസ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. | 1076 | 159 |

മേൽ ചേർത്ത രസീതുകൾ മുഖേന തിരുത്തി രേഖപ്പെടുത്തിയ തുക മാത്രമാണോ പിരിച്ചതെന്ന് അന്വേഷണം നടത്തി വിവരം ലഭ്യമാക്കേണ്ടതാണ്. രസീതുകളിലെ തുകകളിൽ തിരുത്തലുകളോ മാറ്റങ്ങളോ വരുത്താതെ തെറ്റുകൾ സംഭവിച്ചാൽ അത്തരം രസീതുകൾ റദ്ദ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

4) താഴെ ചേർത്ത 100 രസീതുകൾ വീതമടങ്ങിയ രണ്ട് കയ്യെഴുത്ത് രസീത്ബുക്കുകൾ പരിശോധനക്ക് ലഭ്യമായില്ല. ഇവ ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി(25/16-2-2022)നൽകിയിരുന്നെങ്കിലും ആയത് പരിശോധനക്ക് ലഭ്യമാക്കിയില്ല. ഇതിൽ രസീത് ബുക്ക് നമ്പർ 285 നഗരസഭയിൽ തിരിച്ചേൽപ്പിച്ചതായും ആയത് ലൈബ്രേറിയനിൽ നിന്ന് 15-11-2019ൽ കൈപ്പറ്റിയതായി റെവന്യൂ ഇൻസ്പെക്ടർ ശ്രീമതി ശാലിനി ഒപ്പ് വെച്ചതായും ഔട്ട് ഡോർ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| രസീത് ബുക്ക് നമ്പർ | രസീത് നമ്പർ | കൈപ്പറ്റിയ ഉദ്യോഗസ്ഥൻ |
|---|---|---|
| 285 | 28401 മുതൽ 28500 വരെ | ജെയ്മോൻ സി ജെ, ലൈബ്രേറിയൻ |
| 291 | 29101 മുതൽ 29200 വരെ | കൈപ്പറ്റ് വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. റദ്ദ് ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. |

ഈ രസീത് ബുക്കുകളും ഔട്ട് ഡോർ കളക്ഷൻ രജിസ്റ്ററുകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

5) Cancelled Receipts Report ൽ ഉൾപ്പെട്ട സാംഖ്യാ രസീതുകൾ ക്യാൻസൽ ചെയ്തതായി രസീതുകളിൽ രേഖപ്പെടുത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | സാംഖ്യാ രസീത് നമ്പർ / തീയതി | തുക |
|---|---|---|
| 1 | 119020100564/9-4-2019 | 1608 |
| 2 | 119020500012/12-4-2019 | 1962 |
| 3 | 119020100863/16-4-2019 | 25081 |
| 4 | 119020103085/10-6-2019 | 2701 |
| 5 | 119020103280/13-6-2019 | 30648 |
| 6 | 119020103281/13-6-2019 | 4118 |
| 7 | 119020103333/14-6-2019 | 8600 |
| 8 | 119020103870/26-6-2019 | 1980 |

ഈ തുകകൾ പിന്നീട് വരവ് വന്നതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. സാംഖ്യാ രസീതുകൾ ക്യാൻസൽ ചെയ്യുമ്പോൾ അവയിൽ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

6) ചില സാംഖ്യാ രസീത് സ്റ്റേഷനറികൾ ഉപയോഗിക്കാതെ ഇവയുടെ തുടർച്ചയായ ഉപയോഗിച്ച മറ്റ് സാംഖ്യാ രസീത് സ്റ്റേഷനറികൾക്കൊപ്പം ചേർത്ത് സൂക്ഷിക്കുന്നു. ഇവയിൽ ക്യാൻസൽ ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്റ്റേഷനറി നമ്പർ |
|---|---|

| | |
|---|---|
| 1 | 0023547 |
| 2 | 0023549 |
| 3 | 0023557 |
| 4 | 0023558 |
| 5 | 0023559 |
| 6 | 0023560 |
| 7 | 0024101 |
| 8 | 0024102 |
| 9 | 0024129 |
| 10 | 0024137 |
| 11 | 0024153 |
| 12 | 0024193 |
| 13 | 0024213 |
| 14 | 0024257 |
| 15 | 0024373 |
| 16 | 0024935 |
| 17 | 0025394 |
| 18 | 0025397 |
| 19 | 0025409 |
| 20 | 0025413 |
| 21 | 0026153 |

സാംഖ്യാ രസീത് സ്റ്റേഷനറികൾ സംബന്ധിച്ച് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്ത നഗരസഭയിൽ ഉപയോഗിച്ച സ്റ്റേഷനറികളുടെ തുടർച്ചയുള്ള ഇത് പോലുള്ള സ്റ്റേഷനറികൾ ഉപയോഗിക്കാതെയും ക്യാൻസൽ ചെയ്യാതെയും സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല. ഇത് പോലുള്ള ഉപയോഗിക്കാത്ത സാംഖ്യാ രസീതുകൾ മുഖേന ചട്ടവിരുദ്ധമായി പണം പിരിക്കുന്നുണ്ടോ എന്ന് വ്യക്തമല്ല. സാംഖ്യാ രസീത് സ്റ്റേഷനറികൾ ക്രമമായി ഉപയോഗിക്കേണ്ടതും, റദ്ദ് ചെയ്യുമ്പോൾ അവയിൽ ആയതിന്റെ കാരണം രേഖപ്പെടുത്തി ക്യാൻസൽ ചെയ്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

മേൽ അപാകതകളിന്മേൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12 വസ്തുനികുതി - പുതിയ നികുതി നിർണ്ണയ പ്രകാരം ഡിമാന്റ് ചെയ്ത്, പഴയ നികുതി നിർണ്ണയ പ്രകാരം ഈടാക്കുന്നു.

29-6 -2019 ലെ 119020104019 നമ്പർ സാംഖ്യാ രസീതിൽ പി.എൽ പ്രകാശ് ജെയിംസ് , കെ.എ ജോബ് എന്നിവരുടെ ഉടമസ്ഥതയിലുള്ള 21/411 നമ്പർ കെട്ടിടത്തിൽ നിന്നും വസ്തുനികുതി ഇനത്തിൽ 8,166/- രൂപ ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. സഞ്ചയ പ്രകാരം ഈ കെട്ടിട നമ്പർ 2010 ലെ വസ്തുനികുതി നിർണ്ണയ പ്രകാരമുള്ള കെട്ടിടങ്ങളുടെ വിവരത്തിൽ നിലവിലുള്ളതും, 2013 ലെ വസ്തുനികുതി നിർണ്ണയപ്രകാരമുള്ള കെട്ടിടങ്ങളുടെ വിവരത്തിൽ നിലവിലില്ലാത്തതുമാണ്. Form 6 പ്രകാരം കെട്ടിടത്തിന്റെ 2013 നിർണ്ണയത്തിലെ പുതിയ കെട്ടിടനമ്പർ 33/225 ആണ്. 2010ലെ നികുതി നിർണ്ണയ പ്രകാരം വാർഷിക വസ്തുനികുതി 8,166/- (ലൈബ്രറി സെസ്സ് ഉൾപ്പടെ) രൂപയും, 2013 ലെ നിർണ്ണയ പ്രകാരം 17,886/- രൂപയുമാണ്. സഞ്ചയയിൽ ഡിമാന്റ് ചെയ്ത വസ്തുനികുതി 2013 ലെ നിർണ്ണയ പ്രകാരമുള്ള 17,886/- രൂപയാണെങ്കിലും രസീത് മുഖേന ഈടാക്കുന്നത് 2010 ലെ നിർണ്ണയ പ്രകാരമുള്ള 8,166/- രൂപയാണ്. ഇത്തരത്തിൽ പുതിയ വസ്തുനികുതി നിർണ്ണയ പ്രകാരം വസ്തുനികുതി ഡിമാന്റ് ചെയ്യുകയും പഴയ വസ്തുനികുതി നിർണ്ണയ പ്രകാരമുള്ള വസ്തുനികുതി ഈടാക്കുകയും ചെയ്യുന്നത് നികുതി നഷ്ടത്തിനും വസ്തുനികുതി കുടിശ്ശിക വർദ്ധനവിനും കാരണമാകുന്നു. സഞ്ചയ പ്രകാരം ഈ വാണിജ്യ കെട്ടിടത്തിന്റെ നിലവിലെ വസ്തുനികുതി കുടിശ്ശിക 56,766/- രൂപയാണ്. ഇത് പോലുള്ള മറ്റ് കെട്ടിടങ്ങൾ നഗരസഭയിൽ ഉണ്ടോ എന്ന് വ്യക്തമല്ല. അപാകതക്ക് വിശദീകരണം നൽകേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (51/18-2-2022) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമായില്ല. കെട്ടിട ഉടമ വസ്തുനികുതി അടവാക്കുമ്പോൾ പഴയ കെട്ടിട നമ്പറും, പഴയ നിരക്കിലുള്ള നികുതിയും രേഖപ്പെടുത്തിയ സാംഖ്യാ രസീത് നൽകി പഴയ നിരക്കിലുള്ള കെട്ടിട നികുതി ഈടാക്കുന്നത് ശരിയായ നടപടിയല്ല. നിലവിലെ നിരക്കിലുള്ള പുതുക്കിയ രീതിയിലുള്ള വസ്തുനികുതി കുടിശ്ശിക സഹിതം മേൽ കെട്ടിടത്തിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഇത് പോലുള്ള മറ്റ് കെട്ടിടങ്ങൾ

നഗരസഭയിലുണ്ടോ എന്ന് വിശദമായി പരിശോധന നടത്തി വിവരം അറിയിക്കേണ്ടതാണ്. 29-6-2019 ലെ രസീത് നമ്പർ 119020104016 പ്രകാരം ഈ കെട്ടിട ഉടമകളിൽ നിന്നും 8,166/- രൂപ ഈടാക്കിയ സാംഖ്യാ രസീത് ക്യാൻസൽഡ് റെസീപ്റ്റ് റിപ്പോർട്ട് പ്രകാരം ക്യാൻസൽ ചെയ്തിട്ടുണ്ടെങ്കിലും ക്യാൻസൽ ചെയ്ത സാംഖ്യാ രസീത് ലഭ്യമായില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. കെട്ടിട ഉടമ 8,166/- രൂപ മാത്രമാണോ ടി കെട്ടിടത്തിന്റെ വസ്തുനികുതിയായി അടച്ചതെന്നും അടവാക്കിയ തുകയുള്ള രസീത് തന്നെയാണോ നൽകിയതെന്നും പരിശോധിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-13 ബാങ്ക് റീക്കൺസിലിയേഷൻ - അപാകതകൾ

2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൌണ്ട്സ് ചട്ടങ്ങൾ, ചട്ടം 53 പ്രകാരം തൊട്ടടുത്ത മാസം 7 -ാം തീയതിക്കകം ഓരോ ബാങ്ക് അക്കൌണ്ടുകളുടെയും പ്രതിമാസ റീകൺസീലിയേഷൻ നടത്തേണ്ടതും ആയതിൽ അക്കൌണ്ട്സ് ഓഫീസറും സെക്രട്ടറിയും ഒപ്പ് വെക്കേണ്ടതുമാണ്. എന്നാൽ മരട് നഗരസഭ ബാങ്ക് അക്കൌണ്ടുകളുടെ റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ പ്രതിമാസ റീകൺസീലിയേഷൻ നടത്തുന്നതായി കാണുന്നില്ല. സാമ്പത്തിക വർഷാവസാനം മാത്രമാണ് ആയത് തയ്യാറാക്കുന്നത്. പഞ്ചാബ് നാഷണൽ ബാങ്കിലെ നഗരസഭയുടെ തനത് ഫണ്ട് അക്കൌണ്ട് നമ്പർ 7476001100000011 ന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheque Issued But Not Presented To Bank എന്ന ഇനത്തിൽ 2014 മുതൽ ലഭിക്കാനുള്ള തുകകൾ ഉൾപ്പെടുന്നു. താഴെ ചേർത്ത തുകകൾ ബാങ്കിൽ വരവ് വരാത്തത് സംബന്ധിച്ച് നഗരസഭ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദീകരണം നൽകേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(47/18-2-2022) ഇവ ക്രമീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതാണെന്നും റീകൺസീലിയേഷൻ കൃത്യമാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി, ആയത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. വിഷയത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

| ക്രമ നമ്പർ | ചെക്ക് നമ്പർ | ചെക്ക് തീയതി | തുക |
|---|---|---|---|
| 1 | 727247 | 23-7-2014 | 131656/- |
| 2 | 458351 | 13-8-2014 | 100000/- |
| 3 | 458380 | 1-9-2014 | 2371862/- |
| 4 | 207077 | 4-12-2014 | 10728/- |
| 5 | 561427 | 17-12-2014 | 1700/- |
| 6 | 561457 | 27-12-2014 | 871/- |
| 7 | 561490 | 15-1-2015 | 3567/- |
| 8 | 208755 | 29-1-2015 | 5600/- |
| 9 | 208843 | 18-3-2015 | 3808/- |
| 10 | 543069 | 21-5-2015 | 38083/- |
| 11 | 672267 | 16-7-2015 | 900/- |
| 12 | 582534 | 31-10-2015 | 2500/- |
| 13 | 654389 | 5-4-2016 | 2300/- |
| 14 | 575017 | 10-8-2016 | 35846/- |
| 15 | 575039 | 25-8-2016 | 8000/- |
| 16 | 663668 | 9-12-2016 | 2500/- |
| 17 | 456029 | 15-12-2016 | 2500/- |
| 18 | 616410 | 14-2-2017 | 2500/- |
| 19 | 616420 | 14-2-2017 | 5000/- |
| 20 | 616429 | 20-2-2017 | 2500/- |
| 21 | 616434 | 20-2-2017 | 5000/- |
| 22 | 616428 | 20-2-2017 | 2500/- |
| 23 | 521912 | 11-3-2017 | 2000/- |
| 24 | 616430 | 13-3-2017 | 5000/- |
| 25 | 521915 | 14-3-2017 | 3000/- |
| 26 | 521920 | 15-3-2017 | 5000/- |
| 27 | 521928 | 15-3-2017 | 2000/- |
| 28 | 814634 | 22-3-2017 | 11378/- |
| 29 | 814670 | 30-3-2017 | 6502/- |
| 30 | 895960 | 3-10-2017 | 14982/- |
| 31 | 895960 | 3-10-2017 | 995400/- |
| 32 | 895960 | 3-10-2017 | 52394/- |
| 33 | 632058 | 29-12-2017 | 3750/- |
| 34 | 802091 | 29-12-2017 | 2441/- |
| 35 | 818975 | 8-2-2018 | 7000/- |
| 36 | 802232 | 3-3-2018 | 2000/- |
| 37 | 662382 | 12-3-2018 | 2500/- |
| 38 | 662402 | 20-3-2018 | 13524/- |
| 39 | 444590 | 3-5-2018 | 11360/- |
| 40 | 444605 | 4-5-2018 | 1266/- |

| | | | |
|---|---|---|---|
| 41 | 802434 | 5-6-2018 | 15822/- |
| 42 | 057357 | 11-5-2018 | 17200/- |
| 43 | 802656 | 22-9-2018 | 5242/- |
| 44 | 969365 | 18-1-2019 | 8642/- |
| 45 | 587636 | 12-3-2019 | 2000/- |
| 46 | 215794 | 7-5-2019 | 2000/- |
| 47 | 659050 | 20-8-2019 | 23808/- |
| 48 | 659063 | 30-8-2019 | 4000/- |
| 49 | 436417 | 2-9-2019 | 2450/- |
| 50 | 670730 | 4-10-2019 | 7500/- |
| 51 | 670729 | 4-10-2019 | 7500/- |
| 52 | 436527 | 1-11-2019 | 2000/- |
| 53 | 436523 | 1-11-2019 | 2500/- |
| 54 | 557785 | 2-12-2019 | 22330/- |
| 55 | 557774 | 29-11-2019 | 2400/- |
| 56 | 847829 | 20-1-2020 | 10800/- |

2) പഞ്ചാബ് നാഷണൽ ബാങ്കിലെ നഗരസഭയുടെ തനത് ഫണ്ട് അക്കൌണ്ട് നമ്പർ 7476001100000011 ന്റെ Cheque Issued But Not Presented To Bank എന്ന ഇനത്തിലെ ഫെബ്രുവരി 2020 മുതലുള്ള താഴെ ചേർത്ത തുകകൾ പിന്നീട് ബാങ്കിൽ വരവ് വന്നിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി(47/18-2-2022) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമായില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. ഇവ വരവ് വന്നിട്ടില്ലെങ്കിൽ ആയത് സംബന്ധിച്ച് നഗരസഭ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദീകരണം നൽകേണ്ടതാണ്.

| ക്രമ നമ്പർ | ചെക്ക് നമ്പർ | ചെക്ക് തീയതി | തുക |
|---|---|---|---|
| 1 | 847854 | 1-2-2020 | 5000/- |
| 2 | 847883 | 12-2-2020 | 56858/- |
| 3 | 330905 | 17-2-2020 | 21840/- |
| 4 | 331000 | 18-3-2020 | 2000/- |
| 5 | 436653 | 20-3-2020 | 16885/- |
| 6 | 436653 | 20-3-2020 | 2500/- |
| 7 | 436650 | 20-3-2020 | 212735/- |
| 8 | 330958 | 20-3-2020 | 27000/- |
| 9 | 436652 | 20-3-2020 | 2500/- |
| 10 | 330957 | 20-3-2020 | 99900/- |
| 11 | 330976 | 23-3-2020 | 16367/- |
| 12 | 330968 | 23-3-2020 | 29820/- |
| 13 | 330970 | 23-3-2020 | 12348/- |

## 1-14 വസ്തുനികുതിപിരിവ് അപാകതകൾ

മരട് നഗരസഭയുടെ വസ്തുനികുതി പിരിവ് പരിശോധിച്ചതിൽ, താഴെ പറയുന്ന അപാകതകൾ കാണുന്നു.

(എ) വാണിജ്യാവശ്യത്തിനുള്ള 200 ച. മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് ച. മീറ്ററിന് - 60/- രൂപ നിരക്കിലും 200 ച. മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് ച. മീറ്ററിന് - 120/- രൂപ നിരക്കിലും ആണ് നഗരസഭയിൽ അടിസ്ഥാന വസ്തുനികുതി തീരുമാനിച്ചിരിക്കുന്നത്. എന്നാൽ (സഞ്ചയ പ്രകാരം) താഴെ പറയുന്ന, 200 ച. മീറ്ററിനു മുകളിലുള്ള 8 കെട്ടിടങ്ങൾക്ക് 200 ച. മീറ്റർ വരെയുള്ള കെട്ടിടങ്ങൾ എന്ന ഗണത്തിൽ പെടുത്തി അടിസ്ഥാന വസ്തുനികുതി നിർണ്ണയിച്ച് നികുതി പിരിക്കുന്നതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമയുടെ പേര് / ഉപയോഗം | ഈടാക്കുന്ന അടിസ്ഥാന വസ്തുനികുതി 60/ ച. മീ. | ഈടാക്കേണ്ട അടിസ്ഥാന വസ്തുനികുതി 120/ച. മീ. | അടിസ്ഥാന വസ്തുനികുതി യിലെ വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 8/399/C | K.N.CHANDRAN,K.C.SIJU / സൂപ്പർ മാർക്കറ്റ് | 423.72 X 60 = 25423 | 50846 | 25423 | |
| 2 | 14/404/ | M Unnikrishnan / സൂപ്പർ മാർക്കറ്റ് | 997 X 60= 59820 | 119640 | 59820 | |

| | | | | | | |
|---|---|---|---|---|---|---|
| 3 | 23/230/1 | Secretary /സൂപ്പർ മാർക്കറ്റ് | 379.58 X 60 = 22774 | 45550 | 22776 | |
| 4 | 24/345/1 | GEORGE, ZEENA GENNIFER GEORGE, ARUN ALDRIN GEORGE/ ഷോപ്പിംഗ് മാൾ | 278.8 X60 = 16728 | 33456 | 16728 | |
| 5 | 28/459/ | SAINABA.K.K., FATHIMA, SAMEERA.T.M., ASHITHA AMEEN, AMINA AMEEN, FATHIMA AMEEN / സൂപ്പർ മാർക്കറ്റ് | 248 X60 = 14880 | 29760 | 14880 | 2019-20 I & II Half അടവാക്കിയിട്ടില്ല |
| 6 | 28/527/ | AYISHABEEVI/ സൂപ്പർ മാർക്കറ്റ് | 296x60= 17760 | 35520 | 17760 | 2019-20 II Half അടവാക്കിയിട്ടില്ല . കുടിശ്ശിക നിലനിൽക്കേ തുടർ വർഷങ്ങളിലെ നികുതി അടവാക്കാൻ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. |
| 7 | 28/528/ | P.M.REHNA / ഷോപ്പിംഗ് മാൾ | 251.72x60 = 15103 | 30206 | 15103 | 2019-20 II Half അടവാക്കിയിട്ടില്ല . കുടിശ്ശിക നിലനിൽക്കേ തുടർ വർഷങ്ങളിലെ നികുതി അടവാക്കാൻ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. |
| 8 | 28/529/ | V.A.FAISAL / സൂപ്പർ മാർക്കറ്റ് | 260x 60 =15600 | 31200 | 15600 | |
| | | അടിസ്ഥാന വസ്തുനികുതിയിലെ വ്യത്യാസം (ഒരു വർഷത്തേക്ക് മാത്രം) | | | 1,88,090/- | |

കുടിശ്ശിക ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(ബി) വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ച. മീറ്ററിന് - 60/- രൂപ നിരക്കിലും 100 ച. മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ച. മീറ്ററിന് - 80/- രൂപ നിരക്കിലും ആണ് നഗരസഭയിൽ അടിസ്ഥാന വസ്തുനികുതി തീരുമാനിച്ചിരിക്കുന്നത്. എന്നാൽ ( സഞ്ചയ പ്രകാരം) താഴെ പറയുന്ന 100 ച. മീറ്ററിനു മുകളിലുള്ള 143 കെട്ടിടങ്ങൾക്ക് 100 ച. മീറ്റർ വരെയുള്ള കെട്ടിടങ്ങൾ എന്ന ഗണത്തിൽ പെടുത്തി അടിസ്ഥാന വസ്തുനികുതി നിർണ്ണയിച്ച് നികുതി പിരിക്കുന്നതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമയുടെ പേര് |
|---|---|---|
| 1 | 1/260/A | K P SABU |
| 2 | 2/308/11 | PANSY SEBASTIAN,GEORGE SEBASTIAN,JOHNY SEBASTIAN,SONY SEBASTIAN,TREESA GEORGE,TIYAJOHNY &TANIA SONY |
| 3 | 2/308/4 | PANSY SEBASTIAN,GEORGE SEBASTIAN,JOHNY SEBASTIAN,SONY SEBASTIAN,TREESA GEORGE,TIYAJOHNY &TANIA SONY |
| 4 | 2/308/6 | PANSY SEBASTIAN,GEORGE SEBASTIAN,JOHNY SEBASTIAN,SONY SEBASTIAN,TREESA GEORGE,TIYAJOHNY &TANIA SONY |
| 5 | 2/308/7 | PANSY SEBASTIAN,GEORGE SEBASTIAN,JOHNY SEBASTIAN,SONY SEBASTIAN,TREESA GEORGE,TIYAJOHNY &TANIA SONY |
| 6 | 2/308/8 | PANSY SEBASTIAN,GEORGE SEBASTIAN,JOHNY SEBASTIAN,SONY SEBASTIAN,TREESA GEORGE,TIYAJOHNY &TANIA SONY |
| 7 | 2/308/9 | PANSY SEBASTIAN,GEORGE SEBASTIAN,JOHNY SEBASTIAN,SONY SEBASTIAN,TREESA GEORGE,TIYAJOHNY &TANIA SONY |
| 8 | 2/322/2 | G.GOPINATH |
| 9 | 2/430/B | N.V.FRANCIS |
| 10 | 3/258/A | N.P.TAITTUS |
| 11 | 3/485/ | K O THOMAS |

| | | |
|---|---|---|
| 12 | 7/214/ | M K Chandrasekharan |
| 13 | 8/127/ | SABU JOHNY |
| 14 | 8/190/F27 | KOOL HOME BUILDERS |
| 15 | 10/1/ | ALEXANDER |
| 16 | 10/219/A1 | KEVINROSARIO |
| 17 | 13/346/ | NARAYANAN |
| 18 | 14/253/ | PAULSON |
| 19 | 14/328/ | P D JOSE |
| 20 | 14/331/ | P D JOSE |
| 21 | 14/386/1 | N F.RAPHEL |
| 22 | 14/390/A1 | SIVARAMA MENON & PADMA S MENON |
| 23 | 14/404/a | GOVINDAN KRISHNAN AND INDIRA KRISHNAN |
| 24 | 15/74/ | B VENUGOPAL |
| 25 | 15/308/1 | SAROJ JAIN HEMANDHAR |
| 26 | 16/51/ | AMBIKA RAJAGOPAL |
| 27 | 16/52/ | AMBIKA RAJAGOPAL |
| 28 | 16/105/A | MERY MEBIL AKHIL PEETER ANUPAMA XAVIER |
| 29 | 16/155/ | JOLLY JOSEPH |
| 30 | 16/158/ | JOLLY JOSEPH |
| 31 | 16/190/1 | E.G.GEORGE |
| 32 | 16/263/A1 | MFAR HOTELS & RESORTS PVT. LTD. |
| 33 | 16/376/ | GEORGE |
| 34 | 17/255/ | KRISHNAKUMAR |
| 35 | 18/28/b | P B PREMKUMAR |
| 36 | 18/221/ | APPUKUTTAN |
| 37 | 18/279/ | T.INDIRA MENON |
| 38 | 18/337/ | NOOR MUHAMMED SAID JACKERIA |
| 39 | 18/351/ | NOORU MUHAMMED & SAIT JACKERIA |
| 40 | 18/352/ | ABAD BUILDERS PVT LTD |
| 41 | 18/354/ | ABAD BUILDERS PVT LTD |
| 42 | 18/356/ | DR.MUHAMMED ISMAIL |
| 43 | 18/368/ | ABAD BUILDERS PVT LTD |
| 44 | 18/370/ | ABAD BUILDERS PVT LTD |
| 45 | 18/371/ | ABAD BUILDERS PRIVATE LIMITED |
| 46 | 18/372/ | ABAD BUILDERS PRIVATE LIMITED |
| 47 | 18/373/ | ABRAHAM SAMUEL AND MARIYAMMA SAMUEL |
| 48 | 18/374/ | MATHEW ROBERT AND LORETIA ROBERT |
| 49 | 18/376/ | BIJU B RAVINDRAN AND SUMA GOPINATHAN |
| 50 | 18/380/ | SAIRABANU NAZAR ABDUKJALEELK A HINDUMOL ABDUL JALEEL.KA NAZAR HIND MOL |
| 51 | 18/383/ | ABAD BUILDERS PRIVATE LIMITED |
| 52 | 18/384/ | ABAD BUILDERS PRIVATE LIMITED |
| 53 | 18/384/A | P. S MUHAMMED ASHARAF & IMBICHI PATHUMMABI |
| 54 | 18/386/ | ABAD BUILDERS PRIVATE LIMITED |
| 55 | 18/390/ | Abad Builders Pvt Ltd |
| 56 | 18/391/ | RAJ C PACHIKKARA |
| 57 | 18/402/ | ABAD BUILDERS PVT LTD |
| 58 | 18/405/ | Muhammed Ameen Sett |
| 59 | 18/409/ | NAREN CHANDRAKANTH BHATT,SANJAIKUMAR SREEVASTHAVA,VENKADESH RAMAKRISHNAN |
| 60 | 18/410/ | NOORU MUHAMMED & SAIT JACKERIA |
| 61 | 18/414/ | NOOR MUHAMMED SAID JACKERIA |
| 62 | 18/415/ | ISAC ANTONY |

| | | |
|---|---|---|
| 63 | 18/420/ | ADEEB NISHATH PATEL & ADIL NISHATH PATEL |
| 64 | 18/424/ | ABAD BUILDERS PVT LTD |
| 65 | 18/425/ | SHAFEEK M K & RASHITA |
| 66 | 18/429/ | SHAFEEK.M.K. & RASHITA |
| 67 | 18/430/ | CONFEDERATION OF INDIAN INDUSTRY |
| 68 | 18/434/ | SHERBNOOKE ALUMINIUM PRODUCTS |
| 69 | 18/471/ | SECRETARY |
| 70 | 18/472/ | SECRETARY |
| 71 | 18/483/ | PRESIDENT |
| 72 | 18/484/ | PRESIDENT |
| 73 | 18/490/ | N M IBRAHIM |
| 74 | 18/497/ | SANILKUMAR |
| 75 | 20/145/ | VINAYA KUMAR & PRIYA VINAYA KUMAR |
| 76 | 20/147/ | VINAYAKUMAR.K.R. & PRIYA VINAYAKUMAR |
| 77 | 20/148/ | VINAYA KUMAR & PRIYA VINAYA KUMAR |
| 78 | 21/9/1 | MARY MATHEW |
| 79 | 21/77/ | EDWIN JOSEPH |
| 80 | 21/524/B | JAMEELA @ BEEVI |
| 81 | 22/117/ | JOHNSON,SHIBU MON,ANEESH KUMAR,RAJEEV,MANOJ |
| 82 | 23/1/ | HASSAN RAVATHAR SHAJI |
| 83 | 23/14/ | Martin John,Gladis John |
| 84 | 23/15/ | MARTINE JOHN GLADIS JOHN |
| 85 | 23/35/2 | HAROON , SEEBA SULEKHA |
| 86 | 23/75/ | GRAICY PANIKKAR |
| 87 | 23/78/ | GRACY PANIKAR |
| 88 | 23/80/1 | MUHAMAD SAIFUTHEEN HAGI |
| 89 | 23/80/4 | MUHAMMED SAIFUDHEEN HAJI |
| 90 | 23/84/1 | AYSHA BASHEER AND RIYAZ MANZIL |
| 91 | 23/142/ | JACOB KURIAKOSE |
| 92 | 23/146/ | V K MANSOOR |
| 93 | 23/148/ | MAJEED A I |
| 94 | 23/150/ | MAJEED A I |
| 95 | 23/153/ | MAJEED |
| 96 | 23/154/ | MAJEED |
| 97 | 23/157/ | MAJEED |
| 98 | 23/255/ | SECRETARY |
| 99 | 23/280/ | SECRETARY |
| 100 | 23/438/ | K H YUSUF AND NABEESA |
| 101 | 23/577/A | PRESIDENT |
| 102 | 23/592/ | SOUDABI |
| 103 | 23/593/ | SOUDABI |
| 104 | 23/594/ | SOUDABI |
| 105 | 23/595/ | SOUDABI |
| 106 | 23/596/ | SOUDABI |
| 107 | 23/623/B | V M THACHIKUTTY |
| 108 | 23/705/ | K M Shahanas |
| 109 | 23/710/ | THAHIRA M K |
| 110 | 23/716/ | RAMLA BASHEER |
| 111 | 23/717/ | RAMLA BASHEER |
| 112 | 23/719/ | Ramla |
| 113 | 23/721/ | 1.Ijas Basheer 2.Ramla Basheer 3.Foumy Shihab 4.Salim Basheer |
| 114 | 23/722/ | 1.Ijas Basheer 2.Ramla Basheer 3.Foumy Shihab 4.Salim Basheer |

| | | |
|---|---|---|
| 115 | 23/723/ | K K BASHEER AND EJAS BASHEER |
| 116 | 23/724/ | ABHEESH MUHAMMED |
| 117 | 23/725/ | ABHEESH MUHAMMED |
| 118 | 23/727/ | ABHEESH MUHAMMED |
| 119 | 23/728/ | ABHEESH MUHAMMED |
| 120 | 23/769/ | 1.ALI 2.AFSAL 3. ANAS |
| 121 | 23/789/1 | SWEETY SUVARNNA |
| 122 | 23/820/A | ABDUL KAREEM |
| 123 | 23/859/1 | Job K J |
| 124 | 24/350/ | JANAKI VELAYUDAN |
| 125 | 24/373/ | P.G.DENNIS |
| 126 | 24/468/ | NIFFI ABDUL RAHIMAN & SANISH ABDUL RAHIMAN |
| 127 | 26/12/ | P KESAVAN |
| 128 | 26/153/ | P A ABDUL RAHMAN |
| 129 | 26/477/1 | ABDUL LATHEEF |
| 130 | 26/500/ | SAINABA K K,FATHIMA SAMIRA,ASHITHA AMEEN,AMINA AMEEN,FATHIMA AMEEN |
| 131 | 26/503/ | SHAMEERA |
| 132 | 27/30/A | MARY SALINI JOSEPH |
| 133 | 27/157/ | SABEENA |
| 134 | 27/167/1 | RABIYATH JALALUDHEEN |
| 135 | 27/232/ | SAEED MUHAMMAD,P. MUHAMMAD SHAHIL |
| 136 | 28/145/ | ELIAS THOMAS & FREEDA THOMAS |
| 137 | 28/146/ | ELIAS THOMAS |
| 138 | 28/414/ | HAFSATH BEEVI |
| 139 | 28/521/ | REHNA |
| 140 | 28/531/B | ABIDA SALIM |
| 141 | 30/345/A | VIKARI |
| 142 | 33/225/ | P L PRAKASH JAMES & K A JOB |
| 143 | 33/228/ | RAJENDRAN |

ചട്ടവിരുദ്ധമായി, കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ച് വസ്തുനികുതി പിരിവ് നടത്തി നഗരസഭയ്ക്ക് നഷ്ടമുണ്ടാക്കുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറി നം. 1 ന് (10.02.2022) മറുപടി ലഭ്യമാക്കിയില്ല.

2011 ലെ കേരളമുനിസിപ്പാലിറ്റി ( വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ Rule 9 /4 - സി , പ്രകാരം തറ വിസ്തീർണ്ണത്തിൻെറ അടിസ്ഥാനത്തിൽ വാണിജ്യാവശ്യത്തിനുള്ളതും നിലവിലുള്ളതുമായ ഒരു കെട്ടിടത്തിൻെറ വാർഷിക വസ്തുനികുതി പുനർനിർണ്ണയിക്കുമ്പോൾ തൊട്ട് മുമ്പ് നിലവിലുണ്ടായിരുന്ന വാർഷിക വസ്തുനികുതിയിൽ ഏറ്റവും കുറഞ്ഞത് ഇരുപത്തിയഞ്ച് ശതമാനം വർദ്ധനവ് വരുത്തിയിരിക്കേണ്ടതാണ്.

Rule 9 /4 - ഡി , പ്രകാരം തറ വിസ്തീർണ്ണത്തിൻെറ അടിസ്ഥാനത്തിൽ വാണിജ്യാവശ്യത്തിനുള്ളതും നിലവിലുള്ളതുമായ ഒരു കെട്ടിടത്തിൻെറ വാർഷിക വസ്തുനികുതി പുനർനിർണ്ണയിക്കുമ്പോൾ തൊട്ട് മുമ്പ് നിലവിലുണ്ടായിരുന്ന വാർഷിക വസ്തുനികുതിയിൽ വർദ്ധനവ് ഉണ്ടാകുന്നു എങ്കിൽ അപ്രകാരമുള്ള വർദ്ധനവ് നിലവിവുള്ള വാർഷിക വസ്തുനികുതിയുടെ 100 ശതമാനത്തിൽ അധികരിക്കാൻ പാടില്ലാത്തതും ഈ പരിധിക്കു വിധേയമായി നിലവിലുള്ള പ്രസ്തുത കെട്ടിടത്തിൻെറ വാർഷിക വസ്തുനികുതി നിശ്ചയിക്കേണ്ടതുമാണ്.

എന്നാൽ, ഏറ്റവും ഒടുവിൽ നടത്തിയ വാർഷിക വസ്തുനികുതി നിർണ്ണയത്തിനോ, പുനർ നിർണ്ണയത്തിനോ ശേഷം പ്രസ്തുത കെട്ടിടത്തിന് എന്തെങ്കിലും കൂട്ടിച്ചേർക്കലോ, ഘടനാപരമായ മെച്ചപ്പെടുത്തലുകളോ, ഉപയോഗക്രമത്തിൽ എന്തെങ്കിലും മാറ്റമോവരുത്തിയിട്ടുണ്ടെങ്കിൽ മേൽപ്പറഞ്ഞ ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള പരിധികൾ ബാധകമാകുന്നതല്ല.

മേൽ കെട്ടിടങ്ങളുടെ നികുതി നിർണ്ണയവിവരം സഞ്ചയ രേഖകൾ പ്രകാരം പരിശോധിച്ചതിൽ, 2011 ലെ കേരളമുനിസിപ്പാലിറ്റി ( വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം പുനർനിർണ്ണയിക്കപ്പെട്ടതായ രേഖപ്പെടുത്തലുകളോ നികുതി വർദ്ധനവോ കാണുന്നില്ല.

| | |
|---|---|
| വസ്തുനികുതി വർദ്ധനവ് തുക | 0 |
| വർദ്ധനവ് (%) | 0 |
| ഉയർന്ന പരിമിതി (തുക ) | 0 |
| താഴ്ന്ന പരിമിതി (തുക) | 0 |

ഈ രീതിയിലാണ് നികുതി നിർണ്ണയ വിവരങ്ങൾ സഞ്ചയയിൽ കാണുന്നത്.

ഇപ്രകാരം നികുതി പുനർനിർണ്ണയിക്കാതെ നഗരസഭയ്ക്ക് വർഷം തോറും നഷ്ടമുണ്ടായിക്കൊണ്ടിരിക്കുകയാണ്.

മാത്രമല്ല തെറ്റായ തറവിസ്തീർണ്ണം സെലക്ട് ചെയ്യുക വഴിയും കുറഞ്ഞ നിരക്കിൽ നികുതി ഏർപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ എത്രയും വേഗം മേൽ അപാകതകൾ പരിഹരിച്ച് നഷ്ടം ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. സ.ഉ.(സാധാ.) നം. 540/2019/തസ്വഭവ തീയതി 06.03.2019 പ്രാകരം നിലവിൽ കേരളത്തിലെ 22 നഗരസഭകളിൽ മാത്രമാണ് വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച ജോലികൾ പൂർത്തിയാക്കി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ആരംഭിച്ചിട്ടുള്ളത്. മറ്റുള്ള നഗരസഭകളിൽ വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച ജോലികൾ നടന്നു വരുകയാണ്. മരട് നഗരസഭയിൽ നികുതി പരിഷ്കരണ ജോലികൾ ഏത് ഘട്ടത്തിലാണെന്ന വിവരവും ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

മേൽ ഉത്തരവ് ഖണ്ഡിക 4 പ്രകാരം വസ്തുനികുതി പരിഷ്കരണത്തിന്റെ (പ്രാബല്യത്തീയതി 01.04.2016) ഭാഗമായി വരുന്ന വസ്തുനികുതി/സേവന ഉപനികുതി / സർ ചാർജ്ജ് / ലൈബ്രറി സെസ്സ് എന്നിവയുടെ കുടിശ്ശിക ഒന്നായോ 01.03.2019 മുതൽ 10 മാസത്തിനുള്ളിൽ 5 തുല്യ ഗഡുക്കളായോ അടയ്ക്കുന്നവർക്ക് പിഴ ഒഴിവാക്കി നൽകുന്നതാണ്. അടവ് തെറ്റിച്ചാൽ പിഴ ഈടാക്കുന്നതാണ്. സഞ്ചയ സോഫ്റ്റ്വെയറിൽ ഇതിനാവശ്യമായ ക്രമീകരണങ്ങൾ സമയബന്ധിതമായി വരുത്തുന്നതിനുള്ള നടപടി ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്. ആയതിനാൽ സോഫ്റ്റ്വെയർ സംബന്ധിച്ച് ക്രമീകരണങ്ങൾ ആവശ്യമാണെങ്കിൽ ആയത് IKMനെ അറിയിച്ച് ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

മേൽ ഉത്തരവിലെ തന്നെ ഖണ്ഡിക 7 പ്രകാരം വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കാത്ത എല്ലാ നഗരസഭകളും എല്ലാ കെട്ടിടങ്ങളുടേയും വിവരശേഖരണം, ഫോറം നം.6-ലെ ഡാറ്റാ എൻട്രി വെരിഫിക്കേഷൻ, അപ്രൂവൽ വരെയുള്ള എല്ലാ നടപടിക്രമങ്ങളും 2019 ജൂൺ മുതൽ 2019 സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ പൂർത്തീകരിക്കുന്നതിന് നഗരസഭാ സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് കൈവരിച്ച പുരോഗതി ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി ആഴ്ച തോറും അവലോകന യോഗം കൂടി വിലയിരുത്തുകയും പുരോഗതി നഗരകാര്യ ഡയറക്ടറുടെ ഓഫീസിലേക്ക് എല്ലാ വെള്ളിയാഴ്ചയും ഇ-മെയിൽ വഴി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങളെത്തുടർന്ന് നഗരസഭ സ്വീകരിച്ച തുടർനടപടി വിവരങ്ങളും പുരോഗതി റിപ്പോർട്ട് വിവരങ്ങളും പരിശോധനയ്ക്കായി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഇവ കൂടാതെ നഗരസഭയിലെ നികുതി പുനർനിർണ്ണയിക്കാത്ത മറ്റെല്ലാ കെട്ടിടങ്ങളുടെയും നികുതി, 2011 ലെ കേരളമുനിസിപ്പാലിറ്റി ( വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം പുനർനിർണ്ണയിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 നികുതി കളക്ഷൻ വിവരങ്ങൾ - വ്യത്യസ്തമായ രേഖപ്പെടുത്തലുകൾ

നഗരസഭയിലെ കെട്ടിടനികുതി വിവരങ്ങൾ സഞ്ചയ പ്രകാരം പരിശോധിച്ചതിൽ നികുതി കളക്ഷൻ വിവരങ്ങൾ Building Details, Demand View എന്നീ Screen കളിൽ വ്യത്യസ്തമായി രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.
എ. റിസോർട്ടുകളുടെ വസ്തുനികുതി ഈടാക്കിയതായി വ്യക്തമല്ല. ( സഞ്ചയ-Building Details പ്രകാരം - No)

| ക്രമ നം | കെട്ടിട നം./ ഉടമയുടെ പേര് | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 13/168അഗസ്ത്യ ഹോൾഡിംഗ്സ് പ്രൈ.ലി. | 2019-20-I Half<br>2019-20-II Half | 16572<br>16570 | 2017-18 മുതൽ2020-21 വരെ Pending. 2021-22 ൽ Yes( അടവാക്കിയതായി) കാണുന്നു . എന്നാൽ രസീത് വിവരങ്ങൾ ഇല്ല. |
| 2 | 16/318/D/ , M/s. KGA Hotels & Resorts P. Ltd. | 2019-20-I Half<br>2019-20-II Half | 1212<br>1210 | 2013-14മുതൽ2019-2020- വരെ Pending 2021-22 ൽ Yes( അടവാക്കിയതായി) കാണുന്നു . എന്നാൽ നികുതിനിർണ്ണയ വിവരങ്ങൾ ലഭ്യമല്ല.( Form -6) രസീത് വിവരങ്ങളും ലഭ്യമല്ല. |

ബി. 2019-20 ൽ താഴെ പറയുന്ന അസംബ്ലി കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കിയതായി വ്യക്തമല്ല.

| ക്രമ നം | കെട്ടിട നം./ ഉടമയുടെ പേര് | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 1/106 A, മാനേജിംഗ് ട്രസ്റ്റി, കല്ലാത്ത്ശ്രീകൃഷ്ണസ്വാമി ക്ഷേത്രം | 2019-20-I Half<br>2019-20-II Half | 8515<br>8513 | സഞ്ചയ-Building Details പ്രകാരം 2013-14 മുതൽ 2021-22 വരെ കളക്ഷൻ NO എന്നും "ഡിമാൻഡ് വ്യൂ" പ്രകാരം 2013 First Half മുതൽ 2018 First Half വരെ രസീതുകൾപ്രകാരം വരവ് എന്നും രേഖപ്പെടുത്തിയിരിക്കുന്നു. |
| 2 | 2/3, കരുണാകരൻ | 2019-20-I Half<br>2019-20-II Half | 1553<br>1552 | സഞ്ചയ-Building Details പ്രകാരം 2013-14 മുതൽ 2021-22 വരെ കളക്ഷൻ NO എന്നും "ഡിമാൻഡ് വ്യൂ" പ്രകാരം 2015 First Half & 2016 First Half രസീതുകൾപ്രകാരം വരവ് എന്നും രേഖപ്പെടുത്തിയിരിക്കുന്നു. |

കെട്ടിട നം./13/168,16/318/D/ 1/106 A,2/3. ( മുകളിലെ റിമാർക്ക്സ് കാണുക) വ്യത്യസ്തമായ രേഖപ്പെടുത്തലുകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 12 തീ. 14.02.22) മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകൾ പരിഹരിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

| ക്രമ | കെട്ടിട നം./ ഉടമയുടെ | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|

| നം | പേര് | | | |
|---|---|---|---|---|
| 1 | 12/408, രാധാകൃഷ്ണൻ | 2019-20 | 14016 | നിലവിലുണ്ടായിരുന്ന കെട്ടിട നികുതി 14016 എന്ന് കാണുന്നു ( Form -6) |

സി. മേൽ കെട്ടിടത്തിൻറെ Form – 6 പ്രകാരം തറവിസ്തീർണ്ണം താഴത്തെ നില 100 ച. മീ., മാറ്റം വന്ന തറവിസ്തീർണ്ണം താഴത്തെ നില 148 ച. മീ. എന്ന് കാണുന്നു. എന്നാൽ 80x 100 = 8000 എന്ന് അടിസ്ഥാന വസ്തുകുതി രേഖപ്പെടുത്തിയിരിക്കുന്നു. കെട്ടിടം നിലവിൽ വന്ന തീയതി, നിലവിലെ യഥാർത്ഥ തറവിസ്തീർണ്ണം, ഏത് നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത് എന്നീ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 12 തീ. 14.02.22) മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകൾ പരിഹരിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഡി. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 26.08.19 ലെ 5 നമ്പർ തീരുമാനം പ്രകാരം ശ്രീ. ടി.പി. ഫ്രാൻസിസ് എന്നയാളുടെ XVII/253 എന്ന കെട്ടിടത്തിന് (25/111) 2014-15, 2015-16 കാലയളവിൽ രണ്ട് തവണ നികുതി അടവാക്കിയതിനാൽ 972/- രൂപ അധികം ഈടാക്കിയിട്ടുണ്ടെന്ന RI റിപ്പോർട്ടിനെ തുടർന്ന് തുക തിരികെ നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ടി കെട്ടിടത്തിൻെറ നികുതി കളക്ഷൻ വിവരങ്ങൾ വിവിധ സ്ക്രീനുകളിൽ വ്യത്യസ്തമായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഡിമാൻറ് വ്യൂ ൽ രസീത് വിവരങ്ങൾ പ്രകാരം തുക വരവ് വന്നതായും ബിൽഡിംഗ് ഡീറ്റെയ്ൽസിൽ കളക്ഷൻ "No" ആയും രേഖപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം വ്യക്തതയില്ലാതെ നികുതി കളക്ഷൻ വിവരങ്ങൾ വിവിധ സ്ക്രീനുകളിൽ വ്യത്യസ്തമായിട്ട് രേഖപ്പെടുത്തുന്നതിനാലാണ് രണ്ട് തവണ നികുതി അടവാക്കുന്നതിനും പിന്നീട് കമ്മിറ്റി തീരുമാനം വഴി തുക തിരികെ നൽകുന്നതിനും ഇടയാകുന്നത്. രസീത് പ്രകാരം വരവ് വന്ന തുകകൾ കളക്ഷൻ "No" ആയി രേഖപ്പെടുത്തിയിരിക്കുന്നതിൻെറ കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 33 തീ. 16.02.22) മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മേൽ കെട്ടിടങ്ങൾ കൂടാതെ ഇത്തരത്തിൽ അപാകതകളുള്ള മറ്റ് കെട്ടിടങ്ങളും കണ്ടെത്തി സഞ്ചയ രേഖപ്പെടുത്തലുകളിലെ അപാകതകൾ പരിഹരിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 കെട്ടിട വാടക - കുടിശ്ശിക നിലനിൽക്കുന്നു

1. നഗരസഭയുടെ കെട്ടിട വാടക ഇനത്തിൽ 2019-20 ൽ താഴെ പറയും പ്രകാരം കുടിശ്ശിക ഉള്ളതായി വാടക രജിസ്റ്റർ സംഗ്രഹത്തിൽ കാണുന്നു.

| ക്രമ നം. | ഷോപ്പ് നം. | വാടകക്കാരൻെറ പേര് | കുടിശ്ശിക |
|---|---|---|---|
| 1 | 5 /മരട് മാർക്കറ്റ് | പി.ടി. സുധാകരൻ | 5370 |
| 2 | 7/മരട് മാർക്കറ്റ് | തമീൻ കെ. വൈ. | 3772 |
| 3 | 8/ഒന്നാം നമ്പർ അംഗനവാടിയുടെ മുകളിലെ മുറി | സിന്ധു പി.റ്റി. | 35100 |
| 4 | 11 | ഹോർട്ടികോർപ് മാനേജർ | 5544 |
| | ആകെ | | 49,786/- |

കുടിശ്ശിക ഇതിനകം ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.56 തീ.19.02.22) മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക ഈടാക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2. ക്രമ നം. 4, ഷോപ്പ് നം.11 ( ഹോർട്ടികോർപ് മാനേജർ) വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന രസീത് നമ്പരുകൾ 04.11.19 ലെ സാംഖ്യ ഡേ ബുക്കിൽ കാണുന്നില്ല. വിശദവിവരം താഴെചേർക്കുന്നു. 26,400/- രൂപ കളക്ഷൻ വന്നതായി സംഗ്രഹത്തിൽ ചേർത്തിട്ടുണ്ട് . ഈ രസീത് നമ്പരുകളുടെയും കളക്ഷൻ തുകയുടെയും നിജസ്ഥിതി പരിശോധിച്ച് തുക ലഭ്യമായിട്ടുണ്ടോ എന്ന വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.56 തീ.19.02.22) മറുപടി ലഭ്യമാക്കിയില്ല. നിജസ്ഥിതി പരിശോധിച്ച് തുടർ നടപടിവിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

| ക്രമ നം. | ഷോപ്പ് നം. | വാടകക്കാരൻെറ പേര് | രസീത് നമ്പർ / തീയതി | തുക |
|---|---|---|---|---|
| 1 | 11 | ഹോർട്ടികോർപ് മാനേജർ | 01/119050900004 /04.11.19 | തുക രേഖപ്പെടുത്തിയിട്ടില്ല |
| 2 | ---"--- | ---"--- | 01/119050900005 /04.11.19 | തുക രേഖപ്പെടുത്തിയിട്ടില്ല |
| 3 | ---"--- | ---"--- | 01/119050900006 /04.11.19 | തുക രേഖപ്പെടുത്തിയിട്ടില്ല |
| 4 | ---"--- | ---"--- | 01/119050900007 /04.11.19 | തുക രേഖപ്പെടുത്തിയിട്ടില്ല |
| 5 | ---"--- | ---"--- | 01/119050900008 /04.11.19 | തുക രേഖപ്പെടുത്തിയിട്ടില്ല |

## 1-17 അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്റർ ഓഡിറ്റിനായി ലഭ്യമാക്കിയില്ല.

നഗരസഭയുടെ പരിധിയിലുള്ള അനധികൃത കെട്ടിടങ്ങൾ സംബന്ധിച്ച് സൂക്ഷിക്കുന്ന രജിസ്റ്റർ ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ( നം. 33 തീ. 16.02.22) സർക്കുലർ നമ്പർ 29342/ RA 1/ 2014 തസ്വഭവ തീ. 19.05.2014 പ്രകാരം അനധികൃത നിർമ്മാണങ്ങൾ രേഖപ്പെടുത്തുന്നതിനായി ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം പരിശോധിച്ചതിൽ

19/267/A / Latha Haridas എന്ന ഒരു കെട്ടിടം മാത്രമേ അനധികൃത കെട്ടിടങ്ങളുടെ ഗണത്തിൽ കാണുന്നുള്ളൂ. ഇതിൻെറ നികുതി വിവരങ്ങളോ മറ്റ് വിശദവിവരങ്ങളോ ( Form – 6) സഞ്ചയയിൽ ലഭ്യമല്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. 2019-20 കാലയളവിലെ അനധികൃത നിർമ്മാണങ്ങൾ, ഇതുമായി ബന്ധപ്പെട്ട ക്രമവൽക്കരണ വിവരങ്ങൾ എന്നിവ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്. 2019-20 കാലയളവിലെ കെട്ടിടനികുതി വേക്കൻസി റെമിഷൻ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

ബിൽഡിംഗ് പെർമിറ്റ് ഫയൽ, നമ്പർ E2/196/2019 (196) Dt. 06.01.20 ഓഡിറ്റിനായി ഹാജരാക്കിയില്ല. പെർമിറ്റ് ഫയൽ, ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ( നം. 50 തീ. 18.02.22) പെർമിറ്റ് ഫയൽ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-18 എസ്റ്റിമേറ്റിൽ നിന്ന് പകുതിയിലധികം കുറവിൽ റെസ്റ്റൊറേഷൻ ചാർജ്ജ് ഈടാക്കി

മരട് നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം KWA - പാക്കേജ് III- ൽ ഉൾപ്പെടുത്തി നഗരസഭയുടെ വിവിധ റോഡുകളിൽ നടത്തി വരുന്ന പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾക്കായി (വലിയ പൈപ്പുകൾ സ്ഥാപിക്കുന്ന) വാട്ടർ അതോറിറ്റിയുടെ 31.01.2019 ലെ WS-II – 45/2016 നമ്പർ കത്ത് പ്രകാരം 13544.6 M2 ( 11910.5 + 1634.1) ഏരിയ റോഡ്കട്ടിംഗ് നടത്തുന്നതിന് നഗരസഭയോട് അനുമതി ചോദിച്ചുകൊണ്ട് എസ്റ്റിമേറ്റ് ആവശ്യപ്പെട്ടിട്ടുണ്ട്. തുടർന്ന് 34 റോഡുകൾക്ക് 12,29,63,704.42/- രൂപ റെസ്റ്റൊറേഷൻ ചാർജ്ജായി KWA യിൽ നിന്ന് ഈടാക്കുന്നതിനായി 06.02.2019 ലെ 52-ാം നമ്പർ കൗൺസിൽ തീരുമാനം പ്രകാരം വാട്ടർ അതോറിറ്റിയെ അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ തുക കൂടുതലാണെന്നും നിരക്ക് കുറയ്ക്കണമെന്നും വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടു. ഇതിനു മറുപടിയായി 25.03.19 ലെ E4-1122/19 നമ്പർ കത്തിൽ നഗരസഭ പറയുന്നത് റോഡുകളുടെ പുനർനിർമ്മാണത്തിന് ഭാരിച്ച തുക ആവശ്യമായതിനാൽ നിലവിലുള്ള ഗവൺമെൻറ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റെസ്റ്റൊറേഷൻ ചാർജ്ജിൽ മാറ്റം വരുത്താൻ സാധിക്കുകയില്ല എന്നാണ്. തുടർന്ന് വാട്ടർ അതോറിറ്റി 12,29,63,704.42/- രൂപയുടെ എസ്റ്റിമേറ്റ് ആവശ്യപ്പെട്ടുകൊണ്ട് 03.04.19 DB1-795/2017 നമ്പർ കത്ത് നൽകി. ഇതു സംബന്ധിച്ച് വിശദവിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം 42/തീ. 17.02.22 മറുപടി ലഭ്യമാക്കിയില്ല.

1. ഇത് പ്രകാരം നഗരസഭ തയ്യാറാക്കിയ വിശദമായ എസ്റ്റിമേറ്റ് ഫയലിൽ ലഭ്യമല്ല. ആയത് ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

2. ഈ പ്രവൃത്തിക്കായി നഗരസഭ വാട്ടർ അതോറിറ്റിയുമായി ഒപ്പുവച്ച കരാർ ഉടമ്പടിയുടെ പകർപ്പും ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

3. 06.05.19 E4- 1122/19 നമ്പർ കത്ത് പ്രകാരം 7,39,17,667/- രൂപയുടെ പുതുക്കിയനിരക്കിൽ തയ്യാറാക്കിയ റെസ്റ്റൊറേഷൻ ചാർജ്ജ് അടവാക്കുന്നതിന് നഗരസഭ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൻറെ എസ്റ്റിമേറ്റ് കാൽക്കുലേഷൻ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ഇതിൽ ഉൾപ്പെട്ട റോഡുകളുടെ തരം, (TAR/TILE Thickness ഉൾപ്പെടെ) കാൽക്കുലേഷൻ വിവരങ്ങൾ എന്നിവ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

4. വീണ്ടും തുക കുറച്ചുകൊണ്ട് 23.05.2019 ലെ E4-1122/19 നമ്പർ കത്ത് പ്രകാരം 5,38,58,660/- രൂപ അടവാക്കുവാൻ നഗരസഭ ആവശ്യപ്പെട്ടു. ഇതിൻെറ കാൽക്കുലേഷൻ ഷീറ്റിൽ 5 റോഡുകളുടെ പേരുകൾ മാത്രം ചേർക്കുകയും ബാക്കി ഏരിയയ്ക്ക് Other Roads, Balance Road എന്ന് രേഖപ്പെടുത്തുകയുമാണ് ചെയ്തിരിക്കുന്നത്.

5. റെസ്റ്റൊറേഷൻ ചാർജ്ജ് 12,29,63,704.42/- രൂപയിൽ നിന്ന് 5,38,58,660/- രൂപയിലേക്ക് കുറയുവാനുണ്ടായ കാരണങ്ങൾ വ്യക്തമല്ല. റോഡുകളുടെ പുനർനിർമ്മാണത്തിന് ഭാരിച്ച തുക ആവശ്യമായതിനാലും നിലവിലുള്ള ഗവൺമെൻറ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റെസ്റ്റൊറേഷൻ ചാർജ്ജിൽ മാറ്റം വരുത്താൻ സാധിക്കാത്തിനാലും റെസ്റ്റൊറേഷൻ ചാർജ്ജ് കുറയേണ്ട സാഹചര്യം നിലവിലില്ല. 5,38,58,660/-യുടെ കാൽക്കുലേഷൻ ഷീറ്റിൽ 5 റോഡുകളുടെ പേരുകൾ മാത്രം ചേർക്കുകയും ബാക്കി ഏരിയയ്ക്ക് Other Roads, Balance Road എന്ന് രേഖപ്പെടുത്തുകയുമാണ് ചെയ്തിരിക്കുന്നത്. ആദ്യത്തെ എസ്റ്റിമേറ്റിൽ നിന്ന് പകുതിയിലധികം കുറവിൽ റെസ്റ്റൊറേഷൻ ചാർജ്ജ് ഈടാക്കിയിരിക്കുന്നത് സംബന്ധിച്ച് വ്യക്തമായ കാരണങ്ങളും കാൽക്കുലേഷൻ വിവരങ്ങളും ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്. റോഡുകളുടെ പേര്, ഏരിയ, തരം ( Tar/tile, Thickness) എന്നിവയുൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

6. പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾക്കായി കുഴിച്ച റോഡുകളുടെ പുനർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ എന്നും ആയതിനായി എത്ര തുക ചെലവഴിച്ചു എന്ന വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

7. 23.05.2019 ലെ E4-1122/19 നമ്പർ കത്ത് പ്രകാരം അടവാക്കേണ്ടത് 5,38,58,660/- രൂപയായിരുന്നു. ഇതിൽ രണ്ട് ഗഡുക്കളായി 5,05,89,026/- രൂപ ലഭിച്ചിട്ടുണ്ട്. ബാക്കി 32,69,634/- രൂപ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിൻെറ വിശദവിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

| ക്രമ നം . | രസീത് നം./ തീയതി | തുക |
|---|---|---|
| 1 | 19020500100/08.07.2019 | 2,05,89,026/- |
| 2 | 120020500090/08.07.2020 | 3,00,00,000/- |
| | ആകെ | 5,05,89,026/- |

8. നഗരസഭയുടെ 13.02.2020 ലെ E4- 1122/19 നമ്പർ കത്തിൽ പറയുന്നത് പ്രവൃത്തി പൂർത്തിയാക്കിയ റോഡുകളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ വാട്ടർ അതോറിറ്റി നഗരസഭാ ഫണ്ടിൽ അടവാക്കിയിട്ടുള്ള റസ്റ്റൊറേഷൻ തുകയെക്കാൾ 41,32,609/- രൂപ അധികരിച്ചിട്ടുള്ളതായി നഗരസഭാ ഓവർസിയർ റിപ്പോർട്ട് ( 10.02.2020) സമർപ്പിച്ചിരിക്കുന്നതിനാൽ അടിയന്തിരമായി ഈ തുക നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതാണ് എന്നാണ്. ഇതു പ്രകാരം തുക ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിൻറെ വിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്. ആയതിനാൽ

23.05.2019 ലെ E4-1122/19 നമ്പർ കത്ത് പ്രകാരം അടവാക്കേണ്ടതായ 5,38,58,660/- രൂപയും 41,32,609/- രൂപയും ചേർത്ത് ആകെ 5,79,91,269/- രൂപ നഗരസഭാ ഫണ്ടിൽ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിൻെറ വിശദവിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

## 1-19 മൊബൈൽ ടവറുകളുടെ വസ്തുനികുതി വർഷങ്ങളായി ഈടാക്കുന്നില്ല.

സഞ്ചയ സോഫ്റ്റ്‌വെയർ രേഖകൾ പരിശോധിച്ചതിൽ 2019-20 ൽ മൊബൈൽ ടവറുകളുടെ വസ്തുനികുതിയിൽ താഴെ പറയും പ്രകാരം കുടിശ്ശിക നിലനിൽക്കുന്നതായി കാണുന്നു.

| ക്രമ നം | കെട്ടിട നം./ ഉടമയുടെ പേര് | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 8/390/Aഇൻഡസ് ടവേഴ്സ് | 2019-20-I Half<br>2019-20-II Half | 3404/-<br>3404/- | 2013-14 മുതൽ Pending |
| 2 | 16/127 ടാറ്റ ടവർ ടെലി സർവീസസ്LMT | 2019-20-I Half<br>2019-20-II Half | 2588/-<br>2587/- | 2013-14 മുതൽ Pending |
| 3 | 16/169 റിലയലൻസ് ടവർ ഇൻഫ്രാടെൽ | 2019-20-I Half<br>2019-20-II Half | 2588/-<br>2587/- | 2013-14 മുതൽ Pending |
| 4 | 16/368/A ഐഡിയ സെല്ലുലാർ ലിമിറ്റഡ് | 2019-20-I Half<br>2019-20-II Half | 8526/-<br>8524/- | 2013-14 മുതൽ Pending |
| 5 | 24/286 വയർലെസ് ഇൻഫോ ടി.ടി. സർവീസസ് ലി. | 2019-20-I Half<br>2019-20-II Half | 8869/-<br>8868/- | 2013-14 മുതൽ Pending |
| | | ആകെ | 51946/- | |

മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതിനും ഇതിനായി ഡിമാൻറ് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകളും ഇല്ലെങ്കിൽ ആയതിൻെറ കാരണവും അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 12 തീയതി 14.02.22) മറുപടി ലഭ്യമാക്കിയില്ല. മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

## 1-20 തൊഴിൽനികുതി രജിസ്റ്ററുകൾ അപൂർണ്ണം

1. നഗരസഭ ഓഡിറ്റിനായി ഹാജരാക്കിയിരിക്കുന്ന തൊഴിൽനികുതി രജിസ്റ്ററുകൾ അപൂർണമാണ്. ഇൻഡക്സ് രേഖപ്പെടുത്തിയിട്ടില്ല. ജീവനക്കാരുടെ തൊഴിൽ നികുതി അടവുവിവരങ്ങൾ രേഖപ്പെടുത്തുമ്പോൾ സ്ഥാപനത്തിൻെറ പേര് , ജീവനക്കാരുടെ പേര് വിവരം , ഉദ്യോഗപ്പേര്, അടവാക്കേണ്ട തുക എന്നിവ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. തൊഴിൽ നികുതി ഡിമാൻറ് നോട്ടീസ് ഡ്യൂപ്ലിക്കേറ്റുകൾ , ചട്ടം 16 (1) പ്രകാരം ലഭ്യമാക്കിയിട്ടുള്ള ഫോറം II , ഫോറം III ,ഫോറം IV പത്രികകൾ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 50 തീ.18.02.22) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

2. നഗരസഭയുടെ 2019-20 ലെ എഗ്രിമെന്റ് രജിസ്ററർ പ്രകാരം താഴെ പറയുന്ന കോൺട്രാക്ടർമാർ കരാർ പ്രകാരം ജോലികൾ ഏറ്റെടുത്ത് നടപ്പാക്കിയിരുന്നതായി കാണുന്നു. എഗ്രിമെന്റ് രജിസ്ററിൽ കോൺട്രാക്ട് ഒപ്പിട്ട തീയതി മുതൽ ജോലി പൂർത്തീകരിച്ച തീയതിവരെ കണക്കാക്കുമ്പോൾ മേൽ കോൺട്രാക്ടർമാർ നഗരഭയിൽ, 60 ദിവസത്തിലധികം ജോലി ചെയ്തിരുന്നു എന്ന് വ്യക്തമാണ്. കൂടാതെ ഒന്നിലധികം ജോലികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളവരും ഉണ്ട് . ആയതിനാൽ ഇവർക്ക് നോട്ടീസ് നൽകി 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 3 (2) പ്രകാരം തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ഓഡിറ്റിനായി ഹാജരാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 50 തീ.18.02.22) മറുപടി ലഭ്യമാക്കിയില്ല.

| നം. | കോൺട്രാക്ടറുടെ/സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ഫ്രാൻസിസ് സൈജു സി.എം. |
| 2 | എബി എബ്രഹാം പി.ജെ. |
| 3 | പി. ആർ. പവറോൺ |
| 4 | സിൽവനോസ് വി. ആൻറണി |
| 5 | ജോഷ് കുമാർ |
| 6 | ജേക്കബ് ഡയനിഷ് |
| 7 | കെ.കെ. ഗോപിനാഥ് |
| 8 | ആർ. ആർ. തോമസ് |
| 9 | വിനോയ് ആൻറണി |
| 10 | ഒ.എം. അബ്ദുൾ സലാം |
| 11 | രഞ്ജിത് കുമാർ |
| 12 | ജോസഫ് എ. എക്സ്. |
| 13 | ടി.കെ വർഗ്ഗീസ് |
| 14 | കെ.പി. ജോസഫ് സ്റ്റാൻലി |
| 15 | മെൽവിൻ ജോസഫ് |
| 16 | അഫ് സൽ മുഹമ്മദ് |

| | |
|---|---|
| 17 | ജോബി ജോർജ്ജ് |
| 18 | ഷജീർ പി.വി. |
| 19 | എൻ.പി. ജോർജ്ജ് |
| 20 | പി.എ. ജോസഫ് |
| 21 | കുരുവിള കെ. റെജി |
| 22 | ഫ്രാൻസിസ് ദേവസ്യ |
| 23 | രാജേഷ് കെ. ആർ. |

ചട്ടപ്രകാരം നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

### 1-21 ശാന്തിവനം ശ്മശാനം നടത്തിപ്പ് - യഥാർത്ഥത്തിൽ ഇല്ലാത്ത വരവ് അക്കൗണ്ട്സിൽ കാണിച്ചിരിക്കുന്നു

മരട് നഗരസഭയിലെ ജനങ്ങൾക്ക് സൗജന്യ ശവദാഹം നഗരസഭാ കൗൺസിൽ തീരുമാനപ്രകാരം നടപ്പിലാക്കി വരുന്നുണ്ട്. ഇതിനായി ശാന്തിവനം ശ്മശാനം നടത്തിപ്പ് (2019-20) സംബന്ധിച്ച്, സൗജന്യ ശവദാഹത്തിന് 1800/- രൂപ നിരക്കിൽ നഗരസഭ ശ്മശാനം നടത്തിപ്പുകാരന് നൽകിവരുന്നതായും മരട് നഗരസഭയ്ക്ക് പുറമേ നിന്നും വരുന്ന മൃതദേഹം ദഹിപ്പിക്കുന്നതിന് 2500/- രൂപ ശ്മശാനം നടത്തിപ്പുകാരന് ഈടാക്കാവുന്നതും ആണ്. ടി ഇനത്തിൽ യാതൊരു വരുമാനവും നഗരസഭയ്ക്ക് ലഭിക്കുന്നില്ല എന്നാണ് ഫയൽ പരിശോധനയിൽ കണ്ടത്. എന്നാൽ നഗരസഭയുടെ 2019-20 വാർഷിക ധനകാര്യ പത്രിക പ്രകാരം RP 4- Fees & User Charges - 140502000 (Crematorium Fees) എന്ന ഹെഡിൽ 48,114.00 രൂപ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വരവ് സംബന്ധിച്ച വിശദവിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം. 33 / 16.02.22) മറുപടി ലഭ്യമാക്കിയില്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-22 ശാന്തിവനം ശ്മശാനം നടത്തിപ്പ് - സുതാര്യത ഉറപ്പാക്കണം

ശാന്തിവനം ശ്മശാനം നടത്തിപ്പിനായി 2019-20 സാമ്പത്തിക വർഷം താഴെ പറയും പ്രകാരം ശ്രീ സുധീഷ് ടി. കെ എന്നയാൾക്ക് തുകകൾ നൽകിയതായി കാണുന്നു.

| ക്രമ നം. | കാലയളവ് | എണ്ണം X നിരക്ക് = തുക | ചെക്ക് നം , തീയതി, തുക |
|---|---|---|---|
| 1 | 4/2019<br>5/2019<br>6/2019<br>7/2019 | 8x1800 = 14400<br>8x1800 = 14400<br>9x1800 = 16200<br>10x1800 = 18000<br>ആകെ = 63000/- | Ch No. 670756/10.10.19 – ₹ 62370.00 |
| 2 | 8/2019<br>9/2019 | 16x1800 = 28800<br>15x1800 = 27000<br>ആകെ = 55800/- | Ch No.557826/21.12.19 – ₹ 55800.00 |
| 3 | 10/2019<br>11/2019 | 7x1800 = 12600<br>10x1800 = 18000<br>ആകെ = 30600/- | Ch No.847868/05.02.20 – ₹ 29736.00 |
| 4 | 12/2019<br>1/2020 | 12x1800 = 21600<br>15x1800 = 27000<br>ആകെ = 48600/- | Ch No.330953/09.03.20 – ₹ 48114.00 |

| | | | |
|---|---|---|---|
| | | | |
| 5 | 2/2020<br>3/2020 | 13x1800 = 23400<br>11x1800 = 19800<br>ആകെ = 43200/- | Ch No.848854/22.05.20 – ₹ 42768.00 |
| | | | ആകെ = ₹ 2,38,788/- |

ശ്മശാനം നടത്തിപ്പ് സംബന്ധിച്ച്, താഴെ പറയുന്ന രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നം. 3 ( 10.02.2022) നൽകി.

1. ശ്മശാനം നടത്തിപ്പ് സംബന്ധിച്ച 11.03.19 ലെ ഫയൽ നോട്ട് പ്രകാരം 2019-20 കാലയളവിലേക്ക് നിലവിലെ കരാറുകാരനായ ശ്രീ. സുധീഷ് ടി. കെ. യ്ക്ക് കരാർ പുതുക്കി നൽകാവുന്നതാണെന്ന കാണുന്നു. ആയത് പ്രകാരം ചമച്ചിരിക്കുന്ന കരാർ വ്യവസ്ഥയിലെ ക്രമ നം 3. പ്രകാരം മരട് നഗരസഭാ നിവാസികളുടെ മൃതദേഹം സൗജന്യമായി ദഹിപ്പിക്കേണ്ടതും മരട് നഗരസഭയ്ക്ക് പുറമേ നിന്നും വരുന്ന മൃതദേഹം ദഹിപ്പിക്കുന്നതിന് 2500/- രൂപ ഈടാക്കാവുന്നതും ആയതിന് പ്രത്യേക രസീത് തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

(എ) രസീത് ബുക്ക് സ്റ്റോക്ക് രജിസ്റ്റർ, ഉപയോഗിച്ച രസീത് ബുക്കുകൾ ( കൗണ്ടർ ഫോയിൽ) , ഔട്ട് ഡോർ കളക്ഷൻ രജിസ്റ്റർ എന്നിവ

(ബി) കരാർ വ്യവസ്ഥ പ്രകാരമുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് അടവാക്കിയതിന്റെ വിവരങ്ങൾ
(സി) കരാർ വ്യവസ്ഥയിലെ ക്രമ നം.13 പ്രകാരം സൂക്ഷിക്കുന്ന രജിസ്റ്റർ
(ഡി) ഓരോ ദിവസവും ദഹിപ്പിക്കുന്ന മൃതദേഹങ്ങളുടെ വിവരങ്ങൾ - തീയതി, പേര്, മേൽവിലാസം, തിരിച്ചറിയൽ രേഖകളിലെ വിവരങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ, രസീത് പ്രകാരം കൈപ്പറ്റിയ തുകയുടെ വിവരങ്ങൾ.
(ഇ) മരട് ഗ്രാമ പഞ്ചായത്ത് കമ്മിറ്റി 10.01.2008 ൽ 1 (1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുള്ള ബൈലോ.

2. ഇതു സംബന്ധിച്ച ഫയൽ നോട്ട് പ്രകാരം 25.04.2017 ലെ കൗൺസിൽ തീരുമാന പ്രകാരം 1800/- രൂപയ്ക്ക് നഗരസഭാ നിവാസികളുടെ ശവദാഹം സൗജന്യമായി ചെയ്യുന്നതിനും മരട് നഗരസഭയ്ക്ക് പുറമേ നിന്നും വരുന്ന മൃതദേഹം ദഹിപ്പിക്കുന്നതിന് 2500/- രൂപ ഈടാക്കുന്നതിനും അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ പുറമേ നിന്നും വരുന്ന മൃതദേഹം ദഹിപ്പിക്കുന്നതിന് ഈടാക്കുന്ന 2500/- രൂപയിൽ നിന്നും യാതൊരു വിഹിതവും നഗരസഭയ്ക്ക് കരാറുകാരൻ നൽകുവാൻ വ്യവസ്ഥ ചെയ്തിട്ടില്ല.

3. മൃതദേഹം ദഹിപ്പിക്കുന്നതിന് ഉപയോഗിക്കുന്ന ഇന്ധനം, ആയതിൻറെ ചെലവ് എന്നിവ സംബന്ധിച്ചും മരട് നഗരസഭാ നിവാസികളുടെ മൃതദേഹം സൗജന്യമായി ദഹിപ്പിക്കുന്നതിനു നൽകുന്ന 1800/- രൂപ കൂടാതെ ശ്മശാന നടത്തിപ്പുമായി ബന്ധപ്പെട്ട് നഗരസഭ വഹിക്കുന്ന മറ്റ് ചെലവുകളുടെ വിവരങ്ങൾ
ഓഡിറ്റ് എൻക്വയറി നം. 3 ന് നഗരസഭ നൽകിയ മറുപടിയിൽ പറയുന്നത് രേഖകൾ ഹാജരാക്കുവാൻ കരാറുകാരന് നിർദേശം നൽകിയിട്ടുണ്ട് എന്നാണ്. കരാറുകാരൻ ഹാജരാക്കിയ രസീത് ബുക്കുകൾക്കും രസീതുകൾക്കും നമ്പർ ഇല്ലാത്തതും വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കാത്തവയുമാണ്. മാത്രമല്ല നഗരസഭയുടെ സീൽ ഇല്ലാത്തവയുമാണ്. ഇതിന് സ്റ്റോക്ക് രജിസ്റ്റർ ഇല്ല. ആയതിനാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം നമ്പരുകൾ രേഖപ്പെടുത്തിയ ആധികാരികമായ രസീതുകൾ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് രേഖപ്പെടുത്തലുകൾ നടത്തി ഉപയോഗിക്കേണ്ടതാണ്. കളക്ഷൻ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും മാസം തോറും നഗരസഭയുടെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്. ഓരോ ദിവസവും ദഹിപ്പിക്കുന്ന മൃതദേഹങ്ങളുടെ വിവരങ്ങൾ - തീയതി, പേര്, മേൽവിലാസം, തിരിച്ചറിയൽ രേഖകളിലെ വിവരങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ, രസീത് പ്രകാരം കൈപ്പറ്റിയ തുകയുടെ വിവരങ്ങൾ എന്നിവ സൂക്ഷിക്കേണ്ടതാണ്.
സെക്യൂരിറ്റി ഡെപ്പോസിറ്റായി 50,000/- രൂപ 01.07.2019 ൽ 1170-2010-3549 നമ്പർ രസീത് പ്രകാരം നഗരസഭയിൽ അടവാക്കിയതായി മറുപടിയിൽ അറിയിച്ചിട്ടുണ്ട്. 01.07.2019 ലെ സാംഖ്യ ഡേ ബുക്കിൽ ഈ രസീത് കാണുന്നില്ല . രസീതിൻെറ പകർപ്പ് , ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ എന്നിവ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.
25.04.2017 ലെ കൗൺസിൽ തീരുമാന പ്രകാരമാണ് മരട് നഗരസഭയ്ക്ക് പുറമേ നിന്നും വരുന്ന മൃതദേഹം ദഹിപ്പിക്കുന്നതിന് 2500/- രൂപ കരാറുകാരൻ ഈടാക്കുന്നത്. ആയതിൽ നഗരസഭാ വിഹിതം എത്ര രൂപ നൽകണമെന്ന് ടി തീരുമാനത്തിൽ പറഞ്ഞിട്ടില്ല. മൃതദേഹം ദഹിപ്പിക്കുന്നതിന് ഉപയോഗിക്കുന്ന ഇന്ധനം/വിറക് എന്നിവയുടെ ചെലവ് കരാറുകാരൻ തന്നെയാണ് വഹിക്കുന്നതെന്നും മരട് നഗരസഭാ നിവാസികളുടെ മൃതദേഹം സൗജന്യമായി ദഹിപ്പിക്കുന്നതിനു നൽകുന്ന 1800/- രൂപ കൂടാതെ ശ്മശാന നടത്തിപ്പുമായി ബന്ധപ്പെട്ട് നഗരസഭയ്ക്ക് യാതൊരു ചെലവുകളും ഇല്ല എന്നും മറുപടിയിൽ പറയുന്നു. ടി വിവരങ്ങളൊന്നും തന്നെ കരാറിൽ രേഖപ്പെടുത്തിയിട്ടില്ല.
ഇതു സംബന്ധിച്ച ബൈലോ , പഞ്ചായത്ത് കാലയളവിൽ തയ്യാറാക്കിയിട്ടുള്ളതാണെന്നും ഇപ്പോൾ ലഭ്യമല്ല എന്നും അറിയിച്ചിട്ടുണ്ട്. ബൈലോ കണ്ടെത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ശാന്തിവനം ശ്മശാനം നടത്തിപ്പ് സംബന്ധിച്ച മേൽ അപാകതകൾ പരിഹരിച്ച് സുതാര്യതയോടെയുള്ള കരാർ വ്യവസ്ഥകളോടെ കൂടുതൽ കാര്യക്ഷമമായി ഈ വിഷയം കൈകാര്യം ചെയ്യേണ്ടതാണ്. വിഷയം നഗരസഭാ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-23 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - അപാകതകൾ

മരണറിപ്പോർട്ടുകൾ (2019-20) ആസ്പദമാക്കി സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം പരിശോധിച്ചതിൽ ഗുണഭോക്താക്കൾ മരണപ്പെട്ടശേഷം പെൻഷൻ അക്കൗണ്ടുകൾ സസ്പെൻറ് ചെയ്യാത്തതുമൂലം നിലവിലും അക്കൗണ്ടുകൾ ആക്ടീവ് ആയി തുടരുകയും പലതിലും വിതരണം ചെയ്യപ്പെട്ട തുകകൾ കൈമാറാൻ സാധിക്കാത്തതായി സ്റ്റാറ്റസ് കാണിക്കുകയും ചെയ്യുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

(A) വാർദ്ധക്യകാല പെൻഷൻ ആക്ടീവ് ആയി തുടരുന്ന .

| ക്രമ നം. | ആധാർ നം. | പേര് | മരണപ്പെട്ട തീയതി | തുക | കാലയളവ് | സ്റ്റാറ്റസ് |
|---|---|---|---|---|---|---|
| 1 | 450022292781 | എൽസിപീറ്റർ | 24.08.2019 | 41060 | 09/2019 മുതൽ 01/2022 വരെ ( തുക അക്കൗണ്ടിൽ നിക്ഷേപിച്ചു) | ആക്ടീവായി തുടരുന്നു |
| 2 | 322739772300 | മേരി ഫ്രാൻസീസ് | ലഭ്യമല്ല. | 41060 | 09/2019 മുതൽ 01/2022 വരെ | ആക്ടീവായി തുടരുന്നു |
| 3 | 233828172016 | സി.എക്സ് ജോസഫ് | 31.05.2019 | 2400 | 05/2019 മുതൽ 07/2019 വരെ | ആക്ടീവായി തുടരുന്നു. |
| 4 | 89389960607 | വിളമ്മ | 07.04.2019 | 4500 | 05/2019 മുതൽ 07/2019 വരെ | ആക്ടീവായി തുടരുന്നു. |

(B) താഴെ പറയുന്നവരുടെ ആധാർ നമ്പറുകൾ അടങ്ങിയ ഭാഗം മരണറിപ്പോർട്ടിൽ നിന്ന് വേർപെടുത്തി സൂക്ഷിച്ചിരിക്കുന്നതിനാൽ പെൻഷൻ ഗുണഭോക്താക്കളാണോ എന്ന വിവരം ഓഡിറ്റിൽ പരിശോധിക്കുവാൻ സാധിച്ചില്ല. ഇവർ പെൻഷൻ ഗുണഭോക്താക്കളാണോ എന്ന വിവരം പരിശോധിച്ച് തുടർനടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | രജി. നം. | പേര് | മരണപ്പെട്ട തീയതി | ക്രമ നം. | രജി. നം. | പേര് | മരണപ്പെട്ട തീയതി |
|---|---|---|---|---|---|---|---|
| 1 | 263/19 | തങ്കമ്മ കൃഷ്ണൻ | 19.02.2019 | 11 | 341/19 | ലില്ലി ജോസഫ് | 19.04.2019 |
| 2 | 264/19 | പി.ജി ഫ്രാൻസീസ് | 24.03.2019 | 12 | 348/19 | കെ.വി.പോൾ | 12.03.2019 |
| 3 | 270/19 | കെ,വി രാധാമണി | 19.03.2019 | 13 | 349/19 | സാവിത്രി ശ്രീനിവാസൻ | 23.03.2019 |
| 4 | 271/19 | മേരി അന്തോ | 20.03.2019 | 14 | 350/19 | ലക്ഷ്മിക്കുട്ടി | 01.04.2019 |
| 5 | 281/19 | പി.ഇ.അലിയാരുക്കുട്ടി | 23.03.2019 | 15 | 351/19 | ബിയാത്തു | 24.04.2019 |
| 6 | 282/19 | എ.സി .സേവ്യർ | 14.03.2019 | 16 | 357/19 | ആന്റണി വർഗീസ് | 22.04.2019 |
| 7 | 311/19 | സൈനബ | 29.03.2019 | 17 | 358/19 | ഉണ്ണിക്കൃഷ്ണൻ | 21.03.2019 |
| 8 | 315/19 | ഭാസ്കരപ്പണിക്കർ | 02.04.2019 | 18 | 361/19 | എലിസബത്ത് | 13.03.2019 |
| 9 | 367/19 | കെ,വി ദേവസ്സി | 02.04.2019 | 19 | 368/19 | ആറ്റബീവി | 21.03.2019 |
| 10 | 335/19 | ത്രേസ്യതോമസ് | 07.04.2019 | 20 | 364/19 | തണ്ടാറാഫേൽ | 22.03.2019 |

മേൽ അപാകതകൾ ചൂണ്ടിക്കാട്ടി 18.02.2022 ൽ നല്കിയ 56ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ DBT Cell Messageപ്രകാരം, മരണപ്പെട്ട ഗുണഭോക്താക്കൾ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തുകകൾ എല്ലാം തന്നെ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് H.O Branch Account ലേക്ക് തിരികെ അടവാക്കേണ്ടതാണ്. A/c No.001101023000269, IFS Code KSBK 0000101. മേൽ സന്ദേശത്തെ തുടർന്ന് നഗരസഭ ഈ ഇനത്തിൽ തിരികെ അടവാക്കിയ തുകകൾ, തീയതി, അക്കൗണ്ട് നമ്പർ, UTR നമ്പർ എന്നിവയുൾപ്പെടുന്ന സ്റ്റേറ്റ്മെൻറ് ലഭ്യമാക്കേണ്ടതാണ്. മരണപ്പെടുന്ന വ്യക്തിയുടെ ആധാർ വിവരങ്ങൾ അപേക്ഷയോടൊപ്പം പ്രത്യേകം സ്വീകരിക്കേണ്ടതാണ്

പെൻഷൻ വിതരണം സംബന്ധിച്ച് ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് എൻക്വയറിയിലൂടെ ലഭ്യമാക്കിയത്. നഗരസഭ വഴി പെൻഷൻ വിതരണം നടത്തുന്ന എല്ലാ അക്കൗണ്ടുകളും ഓഡിറ്റിൽ പരിശോധിക്കുക എന്നത് പ്രായോഗികമല്ലാത്തതിനാൽ മേൽ ഉദാഹരണങ്ങളിൽ സംഭവിച്ചിരിക്കുന്ന അപാകതകൾ മറ്റ് അക്കൗണ്ടുകളിലും സംഭവിച്ചിട്ടില്ല എന്ന് ഉറപ്പാക്കുന്നതിനായി നഗരസഭയിലെ മുഴുവൻ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെയും അക്കൗണ്ടുകൾ പരിശോധിച്ച് അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഓരോ പീരീഡിലും വിതരണം ചെയ്യപ്പെടുന്ന പെൻഷൻ തുകകൾ കൃത്യമായി ഗുണഭോക്താവിനു ലഭ്യമാകുന്നുണ്ടോ എന്നും മരണപ്പെടുന്നവരുടെ അക്കൗണ്ടുകൾ യഥാസമയം സസ്പെൻറ് ചെയ്യപ്പെടുന്നുണ്ടോ എന്നതും ഉറപ്പാക്കുന്ന വിധത്തിൽ കൂടുതൽ കാര്യക്ഷമതയോടെ പെൻഷൻ വിതരണം കൈകാര്യം ചെയ്യപ്പെടേണ്ടതുണ്ട്. ഓരോ പീരീഡിലും വിതരണം ചെയ്യപ്പെടുന്ന പെൻഷൻ തുകകൾ സംബന്ധിച്ച് ബാങ്ക് സ്റ്റേറ്റ്മെൻറ് വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും നഗരസഭ കമ്മിറ്റിയുടെയും ബന്ധപ്പെട്ട വാർഡ് കൌൺസിലർമാരുടെയും അടിയന്തിരമായ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-24 എസ്.ടി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് - എഗ്രിമെന്റിൽ ഏർപ്പെട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം., പേര് | 279/20, എസ്.ടി. വിദ്യാർത്ഥികൾക്ക് ലാപ്‌ടോപ്പ് വിതരണം |
| അടങ്കൽ | 180000/- (വികസനഫണ്ട്, ടി.എസ്.പി.) |
| ചെലവ് | 179900/- |
| നിർവ്വഹണം | പ്രോജക്ട് ഓഫീസർ |
| ബിൽ നം.,തീയതി,തുക | 1/20-21,11.04.2020, 467313/- |

2018-19 സാമ്പത്തിക വർഷത്തിൽ 213/2019നമ്പറിൽ ആരംഭിച്ച ഈ പ്രോജക്ട് 2019-20 സാമ്പത്തിക വർഷത്തിൽ മേൽ പ്രോജക്ടായി 7ഗുണഭോക്താക്കൾക്ക് ഒന്നിന് 25700/- രൂപ വീതം വിലയുള്ള ലാപ്‌ടോപ്പ് നൽകിയിട്ടുണ്ട്. 1959 ലെ സ്റ്റാമ്പ് ആക്ട് പ്രകാരം (കേരള ഫിനാൻസ് ബിൽ 2013 പതിമൂന്നാം നിയമസഭയുടെ ബില്ല് 212) 200/- രൂപ മുദ്രപത്രത്തിൽ ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെടേണ്ടതായിരുന്നു. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.02.2018 ലെ സർക്കാർ ഉത്തരവ് നം.(കൈ) 22/2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ 2.15 ക്ലോസനുസരിച്ച് 25,000/- രൂപയ്ക്ക് മുകളിലുള്ള എല്ലാ വ്യക്തിഗത ആനുകൂല്യങ്ങളും അനുവദിക്കുമ്പോൾ ഗുണഭോക്താവുമായി കരാറിൽ ഏർപ്പെടണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ച പദ്ധതിയിലെ 7 ഗുണഭോക്താക്കളുമായും നിർവ്വഹണോദ്യോഗസ്ഥൻ കരാറിൽ ഏർപ്പെട്ടിട്ടില്ല. ആയതിനാൽ സർക്കാരിന് സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ ലഭിക്കേണ്ടിയിരുന്ന (7x200 = 1400) 1400/-രൂപ നഷ്ടം സംഭവിച്ചിട്ടുള്ളതിന് വിശദീകരണം നല്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 14.02.2022 ൽ നല്കിയ 16ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടി ഗുണഭോക്താക്കളുമായി ഏർപ്പെട്ടിട്ടുള്ള കരാർ ഉടമ്പടി ഹാജരാക്കാമെന്നാണ്. ആയതിനാൽ ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ നിന്ന് പ്രസ്തുത മൂല്യമുള്ള മുദ്രപേപ്പറിൽ കരാർ ചമയ്ക്കേണ്ടതും ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-25 പ്രോജക്ട് ഓഫീസറുടെ പദ്ധതികൾ-ഫയൽ ഓഡിറ്റിന് ഹാജരാക്കിയില്ല.

പ്രോജക്ട് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള താഴെച്ചേർത്തിട്ടുള്ള പദ്ധതികളുടെ ഫയൽ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല.

1)

| | |
|---|---|
| പ്രോജക്ട് നം, പേര് | 76/20,വയോജനങ്ങൾക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ, ഫണ്ട്, | തനത് ഫണ്ട് , ₹3,00,000/- |
| ബിൽ നം ,തീയതി,ചെലവ് | ചെക്ക് നം 436543,12.11.2019, ₹2,00,440/- |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ |

2)

| | |
|---|---|
| പ്രോജക്ട് നം, പേര് | 307/20,വയോജനങ്ങളുടെ പകൽ വീടുകൾക്ക് അടിസ്ഥാന സൗകര്യം |
| അടങ്കൽ, ഫണ്ട്, | വികസന ഫണ്ട് (പൊതുവിഭാഗം), ₹3,00,000/- |
| ബിൽ നം.,തീയതി,ചെലവ് | 02/20,27.04.2019, ₹ 2,99,490/- |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ |

3)

| | |
|---|---|
| പ്രോജക്ട് നം, പേര് | 308/20,വയോമിത്രം ക്ലബുകളുടെ, ക്ലിനിക്കുകളുടെ മെച്ചപ്പെട്ട സേവനം |
| അടങ്കൽ, ഫണ്ട്, | ₹1,85,620/- , വികസന ഫണ്ട് (പൊതുവിഭാഗം) |
| ബിൽ നം ,തീയതി,ചെലവ് | 07/20, 27.04.2019, ₹ 1,84,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ |

4)

| | |
|---|---|
| പ്രോജക്ട് നം, പേര് | 316/20,വയോമിത്രം ക്ലബുകളുടെ, ക്ലിനിക്കുകളുടെ മെച്ചപ്പെട്ട സേവനം |
| അടങ്കൽ, ഫണ്ട്, | ₹2,77,170/- ,വികസന ഫണ്ട് (പൊതുവിഭാഗം) |
| ബിൽ നം ,തീയതി,ചെലവ് | 27/20,24.03.2020, ₹ 17,000/-<br>03/20,27.04.2020, ₹ 59,000/-<br>ആകെച്ചെലവ് = ₹ 76,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ |

മേൽ ഫയലുകൾ അടിയന്തരമായി ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് 17.02.2022 ൽ നല്കിയ 40ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പദ്ധതികൾക്കായി ചെലവഴിച്ച (299490 + 184000 + 76000 + 300000) 8,59,490/- രൂപ ഫയൽ ഓഡിറ്റിനായി ഹാജരാക്കുന്നത് വരെ

തടസ്സപ്പെടുത്തുന്നു.

## 1-26 ഗാർഹിക കുടിവെള്ള കണക്ഷൻ- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം, പേര് | 158/20,ഗാർഹികകുടിവെള്ള കണക്ഷൻ (എസ്.സി.വിഭാഗം) |
| അടങ്കൽ, ഫണ്ട്, | വികസന ഫണ്ട് (എസ്.സി.പി) ₹30,000/- |
| ബിൽ നം ,തീയതി,ചെലവ് | 32/20, 31.03.2020, ₹30,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ |

മേൽ പ്രോജക്ട് പ്രകാരം 4 ഗുണഭോക്താക്കൾക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ എടുത്തതിന് 7,500/- രൂപ നിരക്കിൽ 30,000/- രൂപ നല്കിയിട്ടുണ്ട്. 14.02.2018 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (കൈ) 22/2018 പ്രകാരമുള്ള സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക നം 6.6 ലെ ക്രമനം 2 പ്രകാരം കുടിവെള്ള കണക്ഷൻ പൊതുവിഭാഗത്തിന് സബ്സിഡിയായി 5,000/- രൂപയും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് യഥാർത്ഥ ചെലവുമാണ് നല്കാവുന്നത്. എന്നാൽ ഈ 4 ഗുണഭോക്താക്കൾക്കും 7,500/- രൂപ നിരക്കിലാണ് തുക നല്കിയിട്ടുള്ളത്. ഗുണഭോക്താക്കളിൽ ശ്രീ.ജയപ്രസാദ് ,കട്ടത്തറ, മരട് എന്ന വ്യക്തി ഒഴികെ ആരുംതന്നെ ചെലവ് രേഖ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഗുണഭോക്താക്കൾക്ക് 7,500/- രൂപ നിരക്കിൽ സബ്സിഡി അനുവദിച്ചതിന് വിശദീകരണം 15.02.2022 ൽ നല്കിയ 21ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പ് പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയത് ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ നിന്നും ചെലവ് രേഖ ഓഡിറ്റിനായി ഹാജരാക്കാമെന്നാണ്.

ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ ഈ ഗുണഭോക്താക്കൾക്ക് പരമാവധി അനുവദിക്കാവുന്ന തുക 5,000/- രൂപ വീതമാണ്. ആയതിനാൽ ഈയിനത്തിൽ അധികം ചെലവഴിച്ച (2500x3) 7,500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 പ്രിന്ററിന് നല്കിയ തുക തിരികെ ഈടാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നം, പേര് | 27/19-20, മൃഗാശുപത്രിയിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ, ഫണ്ട്, | 95000, മെയിന്റനൻസ് ഫണ്ട്, (റോഡിതരം) |
| ബിൽ നം ,തീയതി,ചെലവ് | 09/2019-20, 24.01.2020, 57925 |
| നിർവ്വഹണോദ്യോഗസ്ഥൻ | സീനിയർ വെറ്ററിനറി സർജൻ |

മൃഗാശുപത്രിയിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 06.11.2019 ലെ 1,2 എന്നീ തീരുമാനങ്ങൾ പ്രകാരം കമ്മിറ്റി അംഗീകാരം നല്കി. അതനുസരിച്ച് Kerala-e-Governancce IT Portal (CPRCS) വഴി ഉപകരണങ്ങൾ വാങ്ങാൻ തീരുമാനിക്കുകയും ആയതനുസരിച്ച് M/s കെൽട്രോണിൽ നിന്ന് 14.10.2019 ൽ ലഭ്യമാക്കിയ TVM/ITBG/P1/RC/9844/19-20 പ്രൊഫോർമ്മ ഇൻവോയ്സ് പ്രകാരം മേൽ പരാമർശിത ട്രഷറി ബിൽ പ്രകാരം കമ്പ്യൂട്ടറിന് കെൽട്രോണിന്റെ TSP ചാർജ് ഉൾപ്പെടെ 43,179/- രൂപയും, A4 Monochrome/ Acer Printer ന് 10,176/- രൂപയും ഉൾപ്പെടെ 53,355/- രൂപയുടെ വർക്ക് ഓർഡർ കൊടുക്കുകയും, 4,570/- രൂപയ്ക്ക് ഒരു യു.പി.എസും വയർലെസ് ഡബ്ബിൾ ആന്റിന റൂട്ടറും എയിയോൺ ഇലക്ട്രോണിക്സ്, പാലാരിവട്ടം എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ കെൽട്രോണിൽ നിന്ന് 43,179/- രൂപയുടെ കമ്പ്യൂട്ടർ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 10,176/- രൂപയുടെ A4 Monochrome/ Acer Printer ഇതേവരെ കെൽട്രോണിൽ നിന്ന് ലഭ്യമായതായി കാണുന്നില്ല. ഇതിനായി നല്കിയ തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 10.02.2022 ൽ നല്കിയ 2ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ പ്രിന്ററിനായി നല്കിയ തുക ഈടാക്കുന്നതിനുള്ള കത്ത് കെൽട്രോണിന് നല്കിയിട്ടുണ്ടെന്നാണ്.ആയതിന്റെ പകർപ്പ് തെളിവായി ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളതുമാണ്. എന്നാൽ ടി തുക 14.10.2019 ൽ നല്കി, 2 വർഷം കഴിഞ്ഞിട്ടും കെൽട്രോണിൽ നിന്നും ഈടാക്കുവാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ കെൽട്രോണുമായി ബന്ധപ്പെട്ട വാങ്ങലുകളിൽ ഈ തുക കുറവ് ചെയ്യുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. തുക ലഭ്യമായിട്ടുള്ള വിവരം ഓഡിറ്റിന് ലഭ്യമാക്കുന്നത് വരെ 10,176/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ -തുക അധികം നല്കി.

| | |
|---|---|
| പ്രോജക്ട് നം, പേര് | 333/20, 75 വയസ്സുകഴിഞ്ഞ വയോജനങ്ങൾക്ക് സഹായ ഉപകരണം |
| അടങ്കൽ, ഫണ്ട്, | വികസന ഫണ്ട് ₹3,00,000/-, തനത് ഫണ്ട് ₹3,00,000/-,<br>ആകെ ₹6,00,000/- |
| ബിൽ നം,തീയതി,ചെലവ് | 14/20, 05.08.2019, 3,00,000/-<br>ഓൺ ഫണ്ട്. ₹1,43,516/- , ;ചെക്ക് നം 847881 തീയതി 11.02.2020<br>ആകെ ₹4,43,516/- |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ |

2018-19 ൽ 50/2019 എന്ന പ്രോജക്ടിൽ സ്പിൽ ഓവറായിട്ടുള്ള പദ്ധതിയാണിത് . കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് ഒരു കട്ടിലിന് 4,479.99 രൂപ നിരക്കിൽ 99 കട്ടിലുകൾ 75

വയസ്സകഴിഞ്ഞ വയോജനങ്ങൾക്കായി നേരിട്ട് വാങ്ങിയിട്ടുള്ളതാണ്. ഇതിനായി 4,43,516 രൂപ പ്രോജക്ട് ഓഫീസർ വഴി ചെലവഴിച്ചിട്ടുണ്ട്. 14.02.2018 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (കൈ) 22/2018 പ്രകാരമുള്ള മാർഗരേഖയിലെ ഖണ്ഡിക നം 7.1.13 ലെ ക്രമനം 2 പ്രകാരം വൃദ്ധർക്ക് കട്ടിൽ വാങ്ങി നല്കാമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആയത് 4,350/- രൂപയിൽ നിജപ്പെടുത്തണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ തന്നെ നഗരസഭയിൽ നിന്ന് 106/20 വയോജനങ്ങൾക്ക് കട്ടിൽ എന്ന പേരിൽ കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് ഒരു കട്ടിലിന് 4,350/- രൂപയിൽ നിജപ്പെടുത്തി വാങ്ങിയിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം ഒരു കട്ടിലിന് 129.99 അധികം നല്കിയതുവഴി 99 കട്ടിലുകൾക്കായി 12,869/- രൂപ കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന് അധികമായി നല്കിയിട്ടുണ്ട്. കൂടാതെ ഈ പദ്ധതിക്കായി തയ്യാറാക്കിയ ഗുണഭോക്തൃലിസ്റ്റ്, ഗുണഭോക്താക്കളുടെ അപേക്ഷകൾ, വിതരണ രേഖ/കൈപ്പറ്റ് രേഖ എന്നിവ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. തുക അധികം നല്കിയതിന് വിശദീകരണം നല്കുവാനാവശ്യപ്പെട്ട് 15.02.2022 ൽ നല്കിയ 20ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയത് കട്ടിലിന് 129.99 രൂപ മാത്രമേ അധികം നല്കിയിട്ടുള്ളുവെന്നും ആയതിനാൽ പരാമർശം ഒഴിവാക്കിത്തരണമെന്നമാണ്. എന്നാൽ ഈ സ്ഥാപനം തന്നെ നഗരസഭയിൽ സബ്സിഡി മാർഗ്ഗരേഖപ്രകാരമുള്ള തുകയ്ക്ക് കട്ടിൽ നല്കിയിട്ടുള്ളതുമാണ്. ആയതിനാൽ ഈ പദ്ധതിക്കായി അധികം ചെലവഴിച്ച 12,869/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 എസ്.സി.പി ഫണ്ടിൽ നിന്ന് മുഴുവൻ തുകയും അനുവദിച്ചു.

1)

| | |
|---|---|
| പ്രോജക്ട് നം, പേര് | 161/19-20, എസ്.സി വിഭാഗത്തിന് പി.വി.സി വാട്ടർ ടാങ്ക് നല്കൽ |
| അടങ്കൽ, ഫണ്ട്, | എസ്.സി.പി. വികസന ഫണ്ട് ₹99,000/-<br>ഗുണഭോക്തൃവിഹിതം ₹33,000/-<br>ആകെ = ₹1,32,000/- |
| ബിൽ നം ,തീയതി,ചെലവ് | .28/20,31.03.2020, ₹49,300/-<br>29.20.31.03.2020, ₹46,400/-<br>ആകെ = ₹95,700/- |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ |

2)

| | |
|---|---|
| പ്രോജക്ട് നം, പേര് | 271/20, എസ്.സി വിഭാഗത്തിന് പി.വി.സി വാട്ടർ ടാങ്ക് നല്കൽ |
| അടങ്കൽ, ഫണ്ട്, | എസ്.സി.പി. വികസന ഫണ്ട് ₹1,45,000/-<br>ഗുണഭോക്തൃവിഹിതം ₹1,47,000/-<br>ആകെ = ₹2,92,000/- |
| ബിൽ നം ,തീയതി,ചെലവ് | 08/20,27.04.2019, ₹1,16,000/-<br>11/20, 27.04.2019, ₹ 26,100/-<br>ആകെ = ₹1,42,100/- |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ |

മേൽ പ്രോജക്ട് പ്രകാരം 33 എസ്.സി ഗുണഭോക്താക്കൾക്ക് 500ലിറ്ററിന്റെ പി.വി.സി വാട്ടർ ടാങ്ക് ഒരെണ്ണം വീതം നല്കിയിട്ടുണ്ട് . 2,900/- രൂപ നിരക്കിൽ 33 എണ്ണം കുന്ദലത്ത് ഏജൻസീസ്. എസ്.എൽ പുരം. ചേർത്തല, ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നാണ് ഇത് വാങ്ങിയിട്ടുള്ളത്. സ്ഥാപനം ലഭ്യമാക്കിയ 20.03.2020 ലെ ഇൻവോയ്സ് നം 44,45 എന്നിവ പ്രകാരം യഥാക്രമം 49,300/-, 46,400/- എന്നിങ്ങനെ ആകെ 95,700/- രൂപ മേൽ ബില്ലനുസരിച്ച് നല്കിയിട്ടുണ്ട്. എന്നാൽ 14.02.2018 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (കൈ) 22/2018 പ്രകാരമുള്ള മാർഗരേഖയിലെ ഖണ്ഡിക നം 6.6 ലെ ക്രമനം 5 പ്രകാരം എസ്.സി ഗുണഭോക്താക്കൾക്ക് 500ലിറ്ററിന്റെ പി.വി.സി വാട്ടർ ടാങ്ക് 75% സബ്സിഡി നിരക്കിൽ നല്കാമെന്ന് നിഷ്കർഷിക്കുന്നുണ്ട്. മേൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ 33 എസ്.സി ഗുണഭോക്താക്കൾക്ക് 500ലിറ്ററിന്റെ പി.വി.സി വാട്ടർ ടാങ്ക് നല്കിയിട്ടുണ്ടെങ്കിലും 32 ഗുണഭോക്താക്കളുടെ ഗുണഭോക്തൃവിഹിതം മാത്രമേ നഗരസഭയിൽ അടവാക്കിയതായി കാണുന്നുള്ളൂ. കൂടാതെ ഈ പദ്ധതിക്കായി എസ്.സി.പി വികസന ഫണ്ടിൽ നിന്നും 75% സബ്സിഡി തുകയായ 71,775/- (33X2175) രൂപ മാത്രമേ നൽകേണ്ടതുള്ളൂ. ബാക്കിത്തുകയായ 23,925/- രൂപ ഗുണഭോക്തൃവിഹിതമായി ശേഖരിച്ചതിൽ നിന്നും നൽകേണ്ടതായിരുന്നു. എന്നാൽ പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ച 95700 രൂപയും എസ്.സി.പി വികസന ഫണ്ടിൽ നിന്നും നല്കിയിട്ടുണ്ട്. ആയതിനു വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടതിന് (15/14.02.2022) ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്തൃവിഹിതം അടവാക്കിയതിന്റെ ലെഡ്ജർ പരിശോധിച്ച് വിവരം ഓഡിറ്റിനെ അറിയിക്കാമെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ബന്ധപ്പെട്ട രസീത് ഓഡിറ്റ് വേളയിൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃവിഹിതമായി 32 ഗുണഭോക്താക്കൾ മാത്രമാണ് തുക അടവാക്കിയിട്ടുള്ളത്. ആയതിനാൽ കുറവായി അടവാക്കിയ ഗുണഭോക്തൃവിഹിതം ബന്ധപ്പെട്ട ഗുണഭോക്താവിൽ നിന്നോ, നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ അടവാക്കുകയും ഈ തുക വികസന ഫണ്ട് എസ്.സി.പി യിൽ അടവാക്കുകയും ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്. ഗുണഭോക്തൃവിഹിതം ഈടാക്കാതിരിക്കുകയും പ്രസ്തുത തുക എസ്.സി.പി ഫണ്ടിൽ നിന്ന് ചെലവഴിക്കുകയും ചെയ്തതിനാൽ ഗുണഭോക്തൃവിഹിതമായി ഈടാക്കേണ്ടിയിരുന്ന 725/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

2018-19 ൽ 420/19എന്ന പേരിൽ ആരംഭിച്ച ക്രമ നം 2 പ്രകാരമുള്ള മേൽ പ്രോജക്ടിൽ 49 എസ്.സി

ഉണഭോക്താക്കൾക്ക് 500L ന്റെ പി.വി.സി വാട്ടർ ടാങ്ക് ഒരെണ്ണം വീതം നല്കിയിട്ടുണ്ട് . 2,900/- രൂപ നിരക്കിൽ 49 എണ്ണം വിക്ടോറിയ പോളി ഫോം കൈപ്പള്ളി എന്ന സ്ഥാപനത്തിൽ നിന്നാണ് ഇത് വാങ്ങിയിട്ടുള്ളത്. സ്ഥാപനം ലഭ്യമാക്കിയ 20.03.2019 ലെ ഇൻവോയ്സ് നം VPF/7063/2018-19, 29.03.2019 ലെ ഇൻവോയ്സ് നം VPF/7080 /2018-29 എന്നിവ പ്രകാരം യഥാക്രമം 116000,26100എന്നീങ്ങനെ ആകെ 1,42,100/- രൂപ മേൽ ബില്ലനുസരിച്ച് നല്കിയിട്ടുണ്ട്. എന്നാൽ 14.02.2018 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (കൈ) 22/2018 പ്രകാരമുള്ള മാർഗരേഖയിലെ ഖണ്ഡിക നം 6.6 ലെ ക്രമനം 5 പ്രകാരം എസ്.സി ഗുണഭോക്താക്കൾക്ക് 500ലിറ്ററിന്റെ പി.വി.സി വാട്ടർ ടാങ്ക് 75% സബ്സിഡി നിരക്കിൽ നല്കാമെന്ന് നിഷ്കർഷിക്കുന്നുണ്ട്. മേൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ 49 എസ്.സി ഗുണഭോക്താക്കൾക്ക് 500ലിറ്ററിന്റെ പി.വി.സി വാട്ടർ ടാങ്ക് നല്കിയിട്ടുണ്ടെങ്കിലും ഗുണഭോക്തൃവിഹിതം 725 രൂപ വീതം ഈടാക്കേണ്ടിയിരുന്നെങ്കിലും 688രൂപ വീതമാണ് ഈടാക്കിയിട്ടുള്ളത്. ഈയിനത്തിൽ 1813 രൂപ എസ്.സി.പി വികസന ഫണ്ടിൽ നിന്നും അധികമായി നല്കിയിട്ടുണ്ട്. കൂടാതെ ഈ പദ്ധതിക്കായി എസ്.സി.പി വികസന ഫണ്ടിൽ നിന്നും 75% സബ്സിഡി തുകയായ 1,06,575/- (49X2175) രൂപ മാത്രമേ നൽകേണ്ടതുള്ളൂ. ബാക്കി തുകയായ 35,525/- രൂപ ഗുണഭോക്തൃവിഹിതമായി ശേഖരിച്ചതിൽ നിന്നും നൽകേണ്ടതായിരുന്നു. എന്നാൽ പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ച 1,42,100/- രൂപയും എസ്.സി.പി വികസന ഫണ്ടിൽ നിന്നാണ് നല്കിയിട്ടുള്ളത്. ആയതിനും വിശദീകരണം നല്കേണ്ടതാണെന്നാവശ്യപ്പെട്ട്കൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15/14.02.2022) ഗുണഭോക്തൃവിഹിതം തനത് ഫണ്ടിൽ നിന്ന് വികസന ഫണ്ട് എസ്.സി.പി. ഫണ്ടിലേക്ക് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കാമെന്നാണ് മറുപടി നൽകിയത്. ആയതിനാൽ ബന്ധപ്പെട്ട ഗുണഭോക്തൃവിഹിതം എസ്.സി.പി ഫണ്ടിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതും ഗുണഭോക്തൃവിഹിതമായി കുറവായി ഈടാക്കിയ 1,813/- രൂപ ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ നിന്നോ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വികസന ഫണ്ട് എസ്.സി.പിയിലേക്ക് അടവാക്കേണ്ടതുമാണ്. ഗുണഭോക്തൃവിഹിതം കുറവായി ഈടാക്കിയതിന്റെ വിവരം ഭാഗം 3 ൽ ചേർത്തിട്ടുണ്ട്.

### 1-30 അങ്കണവാടി പോഷകാഹാരം - GST അടക്കമുള്ള തുക നല്കി

2019-20 വർഷത്തിൽ അങ്കണവാടി വഴിയുള്ള പോഷകാഹാരവിതരണം എന്ന പദ്ധതിയിലുൾപ്പെടുത്തി ഭക്ഷണസാധനങ്ങൾ വാങ്ങിയപ്പോൾ GST അടക്കമുള്ള തുക നല്കിയിട്ടുണ്ട്. GST സംബന്ധിച്ച് കേന്ദ്ര ധനകാര്യ മന്ത്രാലയം 28.6.2017 ൽ പുറപ്പെടുവിച്ച നോട്ടിഫിക്കേഷൻ നം 12/2017- Central Tax (Rate) ലെ ക്രമ നം. 66 ക്ലോസ്(b)(ii) പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അങ്കണവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് GSTപൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രധനകാര്യമന്ത്രാലയത്തിന്റെ 17.06.2021ലെ 149/05/2021 നമ്പർ സർക്കുലർ പ്രകാരം സർക്കാർ സഹായത്തോടെയോ സംഭാവനകൾ വഴിയായോ ഉള്ള അങ്കണവാടികൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും ഭക്ഷണവിതരണ പരിപാടികൾക്ക് GST ബാധകമല്ല എന്ന് സ്പഷ്ടീകരിച്ചിട്ടുണ്ട്. അമൃതം ന്യൂട്രിമിക്സിന് കിലോഗ്രാമിനുള്ള വിലയായ 70 /- രൂപയുടെ കൂടെ 3.5 /- രൂപ ചേർത്ത് 73.5 /-രൂപയ്ക്കാണ് രാമമംഗലം അമൃതം ഫുഡ് സപ്ലിമെന്റ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുള്ളത് .കൂടാതെ കാക്കനാട്ടുള്ള Ernakulam District Wholesale Co-operative Consumer's Store Ltd നം GST അടക്കമുള്ള തുക നല്കിയാണ് ഭക്ഷണസാധനങ്ങൾ വാങ്ങിയിട്ടുള്ളത്. ചെലവിന്റെ വിശദവിവരങ്ങൾ താഴെ പറയുന്നു .

| ക്രമ നം. | ട്രഷറി ബിൽ നം.,തീയതി,തുക | നല്കിയത് | തുക | ഇൻവോയ്സ് നം./തീയതി | നല്കിയ GST |
|---|---|---|---|---|---|
| 1 | 5/19-20 ; 15.11.19 – 425574 /- | അമൃതം ഫുഡ് സപ്ലിമെന്റ് , രാമമംഗലം | 73206 /- | 62 / 29.04.19 | 3660 /- |
| | | | 73206 /- | 13 / 31.05.19 | 3660 /- |
| | | | 92095.5 /- | 31 / 15.07.19 | 4605 /- |
| | | | 92095.5 /- | 40 / 31.08.19 | 4605 /- |
| | | | 92095.5 /- | 60 / 30.09.19 | 4605 /- |
| 2 | 6/19-20 ; 15.11.19 – 351720 /- | EDWCCS | 351720 /- | E/298/19-20 | 2512 /- |
| 3 | 7/19-20 ; 15.11.19 480263 / | EDWCCS | 480263 /- | E/481/19-20 | 4377 /- |
| 4 | 13/19-20 ;13.02.20 -443387 /- | EDWCCS | 404236 /- | E/748/19-20 | 4695 /- |
| 5 | 14/19-20 ;26.02.20 - 404740 /- | EDWCCS | 330148 /- | E/984/19-20 | 3306 /- |
| | | അമൃതം ഫുഡ് സപ്ലിമെന്റ് , രാമമംഗലം | 74088 /- | 96 / 25.01.20 | 3704 /- |
| 6 | 16/19-20 ; 13.03.20-299765 /- | അമൃതം ഫുഡ് സപ്ലിമെന്റ് , രാമമംഗലം | 92095.5 /- | 76 / 09.12.19 | 4605 /- |
| | | അമൃതം ഫുഡ് സപ്ലിമെന്റ് , രാമമംഗലം | 93381 /- | 98 /28.02.20 | 4669 /- |

ഓഡിറ്റ് വർഷത്തിൽ GST ഇനത്തിൽ അമൃതം ഫുഡ് സപ്ലിമെന്റിന് ആകെ 34113 /- രൂപയും EDWCCSന് ആകെ

14890 /- രൂപയും നല്കിയിട്ടുണ്ട് .ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം.18 , 14.02.22)അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷണസാമഗ്രികൾക്ക് GST ഒഴിവാക്കിയിട്ടുണ്ടെന്ന് അറിഞ്ഞിരുന്നില്ല എന്നാണ് മറുപടി ഹാജരാക്കിയത് .GST ഇനത്തിൽ നല്കിയ തുക അതത് സ്ഥാപനങ്ങളിൽ നിന്ന് തിരികെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 1-31 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് - അധികം തുക നല്കി

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നല്കൽ എന്ന പ്രൊജക്ട് പ്രകാരം നല്കാവുന്ന പരമാവധി തുകയേക്കാൾ അധികം തുക ഏതാനും വിദ്യാർത്ഥികൾക്ക് ICDS സൂപ്പർവൈസർ നല്കിയിട്ടുണ്ട് .വിശദവിവരങ്ങൾ ഭാഗം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട് (ഖണ്ഡിക 3-2) .

## 1-32 വയോമിത്രം ക്ലബ്ബുകളുടെ ഉല്ലാസയാത്രയ്ക്ക് വേണ്ടി തുക ചെലവഴിച്ചു

| | | |
|---|---|---|
| പ്രൊജക്ട് നം.,പേര് | എസ് 0149 / 20 ,വയോമിത്രം ക്ലബ്ബുകളുടെ , ക്ലിനിക്കുകളുടെ മെച്ചപ്പെട്ട സേവനം | |
| അടങ്കൽ | 2,00,000 /- (വികസനഫണ്ട് ) ; 2,00,000 /- (തനത് ഫണ്ട് ) ആകെ അടങ്കൽ 4,00,000 /- | |
| ചെലവ് | ₹1,00,000 /- | 1)ബിൽ നം.18/19-20 ; 29.03.20 ; ₹50,000 /- |
| | | 2)ബിൽ നം.19/19-20 ; 29.03.20 ; ₹50,000 /- |
| നിർവഹണഉദ്യോഗസ്ഥ | ICDS സൂപ്പർവൈസർ | |

നഗരസഭയിലുള്ള വയോമിത്രം ക്ലബ്ബുകളുടെ മെച്ചപ്പെട്ട സേവനത്തിന് ICDS സൂപ്പർവൈസർ നടപ്പിലാക്കിയതാണ് ഈ പ്രൊജക്ട്. ഈ പദ്ധതിക്കായി വയോജനങ്ങളുടെ മാനസികോല്ലാസം ഉറപ്പുവരുത്തുന്നതിന് 23 വയോമിത്രം ക്ലിനിക്കുകളിൽ നിന്ന് 2020ഫെബ്രുവരി 29മുതൽ മാർച്ച് 15 വരെ ഉല്ലാസയാത്ര നടത്തുന്നതിന് വാഹനത്തിന് ടെണ്ടർ വിളിച്ചു. ലഭിച്ച 3 ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ദ്വാരക ടൂർസ് & ട്രാൻസ്പോർട്ടിനെയാണ് യാത്രയ്ക്ക് തെരെഞ്ഞെടുത്തത്. ദ്വാരക ടൂർസ് & ട്രാവൽസിന്റെ ട്രിപ്പ് വൗച്ചറുകൾ ഇപ്രകാരമാണ് (ഫയലിൽ ഉള്ളടക്കം ചെയ്തിരുന്നത് ).

1) വാഹനം - KL 16 L 3678 ബസ്

| ക്രമ നം. | യാത്ര തുടങ്ങിയ സമയം | യാത്ര അവസാനിച്ച സമയം | നല്കിയ തുക | ട്രിപ്പ് വൗച്ചർ നം. |
|---|---|---|---|---|
| 1 | 25.02.19 – 8 Am | 25.02.19 – 7 Pm | 10000 /- | 195 / 25.02.19 |
| 2 | 26.02.19 – 8 Am | 26.02.19 – 7 Pm | 10000 /- | 196 / 26.02.19 |
| 3 | 02.03.19 -8 Am | 02.03.19 – 7 Pm | 10000 /- | 197 / 02.03.19 |
| 4 | 03.03.19 – 8 Am | 03.03.19 – 7 Pm | 10000 /- | 198 / 03.03.19 |
| 5 | 24.02.19 – 8 Am | 24.02.19 – 7 Pm | 10000 /- | 199 / 24.02.19 |

2) KL 36 C 7904 ബസ്

| ക്രമ നം. | യാത്ര തുടങ്ങിയ സമയം | യാത്ര അവസാനിച്ച സമയം | നല്കിയ തുക | ട്രിപ്പ് വൗച്ചർ നം. |
|---|---|---|---|---|
| 1 | 24.02.19 – 8 Am | 24.02.19 – 7 Pm | 10000 /- | 107 / 24.02.19 |
| 2 | 03.03.19 – 8 Am | 03.03.19 – 7 Pm | 10000 /- | 128 / 03.03.19 |
| 3 | 25.02.19 - 8 Am | 25.02.19 – 7 Pm | 10000 /- | 131 / 25.02.19 |
| 4 | 26.02.19 – 8 Am | 26.02.19 – 7 Pm | 10000 /- | 162 / 26.02.19 |
| 5 | 02.03.19 – 8 Am | 02.03.19 – 7 Pm | 10000 /- | 163 / 02.03.19 |

അപാകതകൾ താഴെ പറയുന്നു.

1) 14.02.18 ലെ ജി ഒ(എം എസ് ) 22/2018തസ്വഭവ പ്രകാരം തദ്ദേശസ്ഥാപനങ്ങൾക്ക് ഉൽപ്പാദനപരമല്ലാത്ത പരിപാടികളായ ഉല്ലാസയാത്രകൾ വികസനഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുവാൻ കഴിയില്ല. സർക്കാർ ഉത്തരവിനുവിരുദ്ധമായി വികസനഫണ്ട് വിനിയോഗിച്ചു .

2) 2020 ഫെബ്രുവരി മുതൽ മാർച്ച് വരെ നടന്ന യാത്രകളുടെ ഇൻവോയ്സുകൾ 2019 ലേതാണ് . 2020 ലെ യാത്രകൾ നടന്നിട്ടുണ്ടോയെന്ന് വ്യക്തമല്ല.

ഈ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം.17 , 14.02.22) ICDS സൂപ്പർവൈസർ ഹാജരാക്കിയ മറുപടിയിൽ വികസനഫണ്ടുപയോഗിച്ച് ഉല്ലാസയാത്ര നടത്തുവാൻ പാടില്ലെന്ന് അറിയുമായിരുന്നില്ല എന്നും ഇൻവോയ്സിൽ 2019 ലെ തീയതി രേഖപ്പെടുത്തിയത് ക്ലറിക്കൽ മിസ്റ്റേക്കാണമെന്നാണ് അറിയിച്ചത്. മറുപടി അംഗീകരിക്കുന്നു. ഭാവിയിൽ ഉൽപ്പാദനപരമല്ലാത്ത ഉല്ലാസയാത്രകൾക്ക് വികസനഫണ്ട് ഉപയോഗിക്കരുതെന്ന നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്.

## 1-33 അങ്കണവാടിക്ക് സ്ഥലം വാങ്ങൽ -സ്റ്റാമ്പ് ഡ്യൂട്ടി ,രജിസ്ട്രേഷൻ ഫീസ് നല്കി

ഡിവിഷൻ 29 ലെ അങ്കണവാടിക്ക് സ്ഥലം വാങ്ങിയപ്പോൾ രജിസ്ട്രേഷൻ ഫീസിനത്തിലും സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിലുമായി 27,000 /- രൂപ വക്കീലിന് നല്കിയിട്ടുണ്ട്. വിശദവിവരങ്ങൾ ഭാഗം 3-3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-34 അങ്കണവാടിക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയില്ല

| | |
|---|---|
| പ്രൊജക്ട് നം., പേര് | എസ് 0112 / 20 , അങ്കണവാടിക്ക് സ്ഥലം വാങ്ങൽ - ഡിവിഷൻ 29 |
| അടങ്കൽ | 300000 /- (തനത് ഫണ്ട് ) |
| ചെലവ് | 300000 /- ചെക്ക് നം.847846 , 17.03.20 |
| നിർവ്വഹണഉദ്യോഗസ്ഥൻ | ICDS സൂപ്പർവൈസർ |

അങ്കണവാടിക്ക് സ്ഥലം വാങ്ങുന്നതിന് സി.കെ.പ്രസന്നൻ എന്ന വ്യക്തിക്ക് തനത് ഫണ്ടിൽ നിന്ന് ചെക്ക് നം.847846 / 17.03.20 പ്രകാരം 3,00,000 /- രൂപ നല്കിയിരുന്നു. കെട്ടിടം പണി 30.08.20 ൽ പൂർത്തിയാക്കിയെങ്കിലും കുടിവെള്ളം, വൈദ്യുതി, ചുറ്റുമതിൽ എന്നീ സൗകര്യങ്ങൾ ഒരുക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം.11, 11.02.22) ഹാജരാക്കിയ മറുപടിയിൽ സർക്കാരിന്റെ 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തി വയറിംഗ് നടത്തി വൈദ്യുതി കണക്ഷന് ഇലക്ട്രിസിറ്റി ഓഫീസിൽ ഫയൽ സമർപ്പിച്ചിട്ടുണ്ട് എന്നറിയിച്ചു. കുടിവെള്ളം, ചുറ്റുമതിൽ സൗകര്യങ്ങൾ തുടങ്ങിയവയും ശരിയാക്കി അങ്കണവാടി പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

.

## 1-35 ചികിത്സാധനസഹായപദ്ധതികൾ - സർക്കാരിന്റെ പ്രത്യേക അനുമതി ലഭ്യമാക്കിയില്ല

വൃക്ക രോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നതിനും ക്യാൻസർ രോഗികൾക്ക് കീമോതെറാപ്പിക്ക് വേണ്ടിയും മെഡിക്കൽ ഓഫീസർ (പി.എച്ച്.സി. , വളന്തകാട് )പദ്ധതി തയ്യാറാക്കി ചെലവ് ചെയ്തിട്ടുണ്ട്.

1)

| | |
|---|---|
| പ്രൊജക്ട് നം.,പേര് | എസ് 095/20 ,വൃക്ക രോഗികൾക്ക് ഡയാലിസിസ് |
| അടങ്കൽ | 538291 /-(വികസനഫണ്ട് ) & 861709 /- (തനത് ഫണ്ട്)<br>ആകെ അടങ്കൽ 1400000 /- |
| ചെലവ് | 490400 /- (വികസനഫണ്ട് ) & 861709 /-(തനത് ഫണ്ട്)<br>ആകെ ചെലവ് 1352109 /- |
| നിർവഹണഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ,പിഎച്ച്സി , വളന്തകാട് |

നഗരസഭയിലെ വൃക്ക രോഗികൾക്ക് പിഎസ് മിഷൻ ആശുപത്രിയുമായി സഹകരിച്ച് ഡയാലിസിസ് ചെയ്യുന്നതിന് നടപ്പാക്കിയതാണ് ഈ പ്രൊജക്ട് .

2)

| | |
|---|---|
| പ്രൊജക്ട് നം.,പേര് | എസ് 096/20 ,<br>നഗരസഭയിലെ ക്യാൻസർ രോഗികൾക്ക് കീമോതെറാപ്പി |
| അടങ്കൽ | 1200000 /-(തനത് ഫണ്ട്) |
| ചെലവ് | 125730 /- |
| നിർവ്വഹണഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ , പിഎച്ച്സി , വളന്തകാട് |

ഈ പ്രൊജക്ടിന്റെ ഫയൽ ഹാജരാക്കിയിട്ടില്ല. 14.02.18 ലെ സർക്കാർ ഉത്തരവ് ജി.ഒ(എം എസ്)22/2018തസ്വഭവ പ്രകാരം ചികിത്സാധനസഹായം നല്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമാണ്. എന്നാൽ ഈ പ്രൊജക്ടുകൾ സർക്കാരിന്റെ അനുമതിയില്ലാതെയാണ് നടപ്പാക്കിയിട്ടുള്ളത്. സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കുന്നത് വരെ ഈ പ്രൊജക്ടുകൾക്ക് ചെലവഴിച്ച 14,77,839 /- രൂപ തടസ്സപ്പെടുത്തുന്നു .

## 1-36 ഹെഡ്മാസ്റ്റർ ജി.എൽ.പി.എസ്. നടപ്പിലാക്കിയ പദ്ധതികൾ - വികസനഫണ്ടിൽ നിന്നും ഓണറേറിയം നൽകിയതിന്റെ അനുമതി ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നം . : 47/20

അടങ്കൽ : 1,00,000/-(വികസന ഫണ്ട്- ജനറൽ)

ചെലവ് : 68,000/-( Bill നം. 03/2019-20 Rs.29200 Dtd 07.11.2019 )

Bill നം. 09/2019-20 Rs.7200 Dtd 25.11.2019 )

Bill നം. 11/2019-20 Rs.8000 Dtd 15.01.2020 )

Bill നം. 14/2019-20 Rs.6800 Dtd 17.01.2020 )

Bill നം. 19/2019-20 Rs.8800 Dtd 27.02.2020 )

Bill നം. 21/2019-20 Rs.8000 Dtd 15.03.2020 )

പ്രോജക്ട് നം . : 48/20

അടങ്കൽ : 1,00,000/-(വികസന ഫണ്ട്- ജനറൽ)

ചെലവ് : 74400/- Bill നം. 04/2019-20 Rs.35600 Dtd 07.11.2019 )

Bill നം. 08/2019-20 Rs.7200 Dtd 25.11.2019 )

Bill നം. 12/2019-20 Rs.8000 Dtd 15.01.2020 )

Bill നം. 15/2019-20 Rs.6800 Dtd 17.01.2020 )

Bill നം. 20/2019-20 Rs.8800 Dtd 27.02.2020 )

Bill നം. 22/2019-20 Rs.8000 Dtd 15.03.2020 )

മരട് നഗരസഭയിൽ ഗവ.എൽ.പി സ്കൂൾ ഹെഡ്മാസ്റ്റർ, മാങ്കായിൽ നടപ്പിലാക്കിയ സ്പീച്ച് തെറാപ്പി (പ്രോജക്ട് : 47/20), ഫിസിയോതെറാപ്പി (പ്രോജക്ട് നം- 48/20) എന്നീ പദ്ധതികൾ പ്രകാരം എൽ.പി സ്കൂളിൽ സ്പീച്ച് തെറാപ്പി , ഫിസിയോ തെറാപ്പി എന്നിവ നടത്തിയതിന് ഓണറേറിയം നൽകുന്നതിന് യഥാക്രമം 68,000/- രൂപ, 74,400/- രൂപ വീതം വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. സ്പീച്ച് തെറാപ്പിസ്റ്റായ ശ്രീമതി.ശ്രീക്കുട്ടി പി.പി, ഫിസിയോതെറാപ്പിസ്റ്റ് ശ്രീ.ബിജു ഒ.സി എന്നിവർക്കാണ് പ്രതിഫലം നൽകിയിട്ടുള്ളത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവ് (കൈ) നം-22/2018/ത.സ്വ.ഭ.വ, തിരുവനന്തപുരം തീ. 14/02/2018 പ്രകാരമുള്ള 2018-19 മുതൽ 2021-22 വരെയുള്ള വാർഷിക പദ്ധതികളുടെ മാർഗ്ഗരേഖയിലെ ഖണ്ഡിക 8.10 പ്രകാരം സർക്കാർ പ്രത്യേക അനുമതി നൽകിയിട്ടുള്ള 12 ഇനങ്ങളിൽ മാത്രമാണ് പ്രോജക്ടിൽ തുക വകയിരുത്തി ശമ്പളം / ഓണറേറിയം നൽകാൻ അനുമതിയുള്ളത്.ഗവ.എൽ.പി സ്കൂളിൽ സ്പീച്ച് തെറാപ്പി , ഫിസിയോ തെറാപ്പി പരിശീലനം നടത്തുന്നതിനായി തുക ചെലവഴിക്കുന്നതിനും സർക്കാർ പദ്ധതി മാർഗ്ഗരേഖ പ്രകാരം ശമ്പളം / ഓണറേറിയം നൽകുന്നതിൽ ഉൾപ്പെടാത്ത സ്പീച്ച് തെറാപ്പി , ഫിസിയോ തെറാപ്പി വിഭാഗത്തിലെ ജീവനക്കാർക്ക് ഓണറേറിയം നൽകുന്നതിനും സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി എൻക്വയറി (നമ്പർ 23 തീയതി 15.02.2022 നൽകിയെങ്കിലും രേഖകളൊന്നും മറുപടിക്കൊപ്പം ഹാജരാക്കാത്ത സാഹചര്യത്തിൽ മേൽ പദ്ധതികളിലായി ചെലവഴിച്ച 1,42,400/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-37 ISO സർട്ടിഫിക്കേഷൻ- തുടർ നടപടികളുടെ വിവരങ്ങളില്ല.

പ്രോജക്ട് നം . : 306/21

അടങ്കൽ : 5,00,000/-( വികസന ഫണ്ട് (ജനറൽ) 250000, തനത്-250000)

ചെലവ് : 81000/-(Bill നം. 13/2019-20 Dtd 27.04.2019 Rs.81000/-)
ഓഡിറ്റ് എൻക്വയറി നം. : 19 തീയതി 14.02.2022

നഗരസഭാ സെക്രട്ടറി നടപ്പിലാക്കിയ നഗരസഭാ ഓഫീസിന് I.S.O സർട്ടിഫിക്കേഷൻ എന്ന പദ്ധതിപ്രകാരം സർട്ടിഫിക്കേഷനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി കൺസൾട്ടൻസിയെ നിയമിക്കുന്നതിന് ടെണ്ടർ ക്ഷണിക്കുകയും അതിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത M/s സാത്വിക് സിസ്റ്റംസ് , തോപ്പുംപടി എന്ന സ്ഥാപനം നൽകിയ 1,75,000/- രൂപയുടെ ടെണ്ടർ നഗരസഭാ കൗൺസിൽ 22/10/2018 ലെ 4ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. M/s സാത്വിക് സിസ്റ്റംസ് , തോപ്പുംപടി എന്ന സ്ഥാപനം 25/10/2018 ൽ നഗരസഭയുമായി ഏർപ്പെട്ട കരാർ പ്രകാരം കരാർ തിയതി മുതൽ 90 ദിവസത്തിനകം കൺസൾട്ടൻസി പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് സർട്ടിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കുന്നതാണ്. കരാർ തുക 5 ഘട്ടങ്ങളിലായി നഗരസഭ നൽകണം.

1.അവേർനസ് ട്രെയിനിംഗ് പൂർത്തീകരിക്കുമ്പോൾ - 20 %

2.പ്രാരംഭ ഡോക്യുമെന്റേഷൻ പൂർത്തിയാക്കുമ്പോൾ- 20 %

3. ആദ്യ ഇന്റേണൽ ഓഡിറ്റ് പൂർത്തിയാക്കുമ്പോൾ - 25 %

4.സർട്ടിഫിക്കേഷൻ ഓഡിറ്റ് പൂർത്തിയാക്കുമ്പോൾ- 25 %

5. ഐ.എസ്.ഒ സർട്ടിഫിക്കറ്റ് ലഭിച്ച ശേഷം -10%

എന്നിങ്ങനെയാണ് കൺസൾട്ടൻസിക്ക് പണം അനുവദിക്കേണ്ടത്. കരാർ പ്രകാരം അവിചാരിതമായ കാരണങ്ങളാൽ പദ്ധതി വൈകിയാൽ പരമാവധി 20% (18ദിവസം) അധിക സമയമാണ് സ്ഥാപനത്തിന് അനുവദിക്കാവുന്നത്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ 10/12/2018 ൽ SS/MM/INV/046 നമ്പർ ബിൽ പ്രകാരം സ്ഥാപനം 87,500/- രൂപയുടെ പാർട്ട് പേയ്മെന്റ് ആവശ്യപ്പെടുകയും 2% ആദായനികുതിയായ 1,620/- രൂപ കുറവ് ചെയ്ത് 79,380/- രൂപ സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്.

പദ്ധതി സംബന്ധിച്ച താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. കൺസൾട്ടൻസി സ്ഥാപനം നൽകിയ പ്രവർത്തനങ്ങൾ സംബന്ധിച്ച യാതൊരുവിവരങ്ങളും ഫയലിലോ ബില്ലിലോ രേഖപ്പെടുത്തിയിട്ടില്ല. കരാറിന്റെ ഭാഗമായ പരിശീലനങ്ങൾ, ഡോക്യുമെന്റേഷൻ ഇന്റേണൽ ഓഡിറ്റ് എന്നിവ പൂർത്തീകരിച്ചതിന്റെ വിവരങ്ങളൊന്നും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. കരാർ തുക 5 ഘട്ടങ്ങളിലായാണ് നഗരസഭ നൽകേണ്ടത്. സ്ഥാപനം നൽകിയ ബിൽ പ്രകാരമുള്ള തുക 3ാം ഘട്ടം പൂർത്തീകരിക്കുമ്പോൾ മാത്രം നൽകേണ്ടതാണ്. ഈ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ രേഖകളില്ലാതെയാണ് തുക നൽകിയിട്ടുള്ളത്.

3. കരാർ പ്രകാരം 2018 ഒക്ടോബർ 25 മുതൽ 90 ദിവസത്തിനകം പൂർത്തീകരിക്കേണ്ട പ്രവൃത്തിയുടെ തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച് യാതൊരു വിവരവും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. നഗരസഭാ ഓഫീസിന് I.S.O സർട്ടിഫിക്കേഷൻ എന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ സ്ഥാപനത്തിന് നൽകിയ 81,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-38 കംപ്യൂട്ടർ,അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - ഉപകരണങ്ങൾ ലഭ്യമായിട്ടില്ല.

പ്രോജക്ട് നം. : 218/21

അടങ്കൽ : 3,00,000/-( തനത് ഫണ്ട്)

ചെലവ് : 282129/-(ചെക്ക് നം. 5129874 Dtd 20.03.2020 Rs.399941/-)

പ്രോജക്ട് നം. : 581/21

അടങ്കൽ : 1,20,000/-( തനത് ഫണ്ട് )

ചെലവ് : 117812/-(ചെക്ക് നം. 5129874 തീയതി 20.03.2020 Rs.399941/-)
ഓഡിറ്റ് എൻക്വയറി : നമ്പർ 14 തീയതി 14.02.2022

നഗരസഭാ സെക്രട്ടറി നടപ്പിലാക്കിയ നഗരസഭാ ഓഫീസിലേക്ക് കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ , ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ എന്ന പദ്ധതികൾ പ്രകാരം സർക്കാർ ഉത്തരവ് (ആർ.ടി.നം.34/2021/ITD Dtd 19.02.2021) കെൽട്രോൺ വഴി C.P.R.C.S പോർട്ടലിൽ നിന്നും പ്രഫോർമ ഇൻവോയ്സ് നം. TVM/ITBG/PI/RC/16755 /2019-20 Dtd 07.03.2020 പ്രകാരം 5 ഡെസ്ക്ടോപ്പുകൾ കംപ്യൂട്ടറുകളും പ്രഫോർമ ഇൻവോയ്സ് നം. TVM/ITBG /PI/RC/16756/2019-20 Dtd 07.03.2020 പ്രകാരം 4മോണോക്രോം ലേസർ പ്രിന്ററുകളും പ്രഫോർമ ഇൻവോയ്സ് നം. TVM/ITBG/PI/RC/16754/2019-20 Dtd 07.03.2020 പ്രകാരം ഒരു 1 KVAയു.പി.എസും (പ്രോജക്ട് നം. : 218/21) ഓഫീസിലേക്ക് ഒരു ഫോട്ടോസ്റ്റാറ്റ് മെഷീനും (പ്രോജക്ട് നം- 581/21) വാങ്ങുന്നതിനായി 3,99,941/- രൂപ മുൻകൂർ നൽകിയിട്ടുണ്ട്. ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങുന്നതിലേക്കായി കെൽട്രോൺ ഹാജരാക്കിയ പ്രോഫോർമ ഇൻവോയ്സ് പോലും ഫയലിൽ ലഭ്യമല്ല. 2020 മാർച്ച് 20 ന് കെൽട്രോണിന് മുൻകൂർ തുക നൽകിയെങ്കിലും 5 ഡെസ്ക്ടോപ്പുകൾ കംപ്യൂട്ടറുകളും ഫോട്ടോസ്റ്റാറ്റ് മെഷീനും മാത്രമാണ് നഗരസഭക്ക് നാളിതുവരെ ലഭിച്ചതിന്റെ രേഖയുള്ളത്. ഒന്നിന് 14,726/- രൂപ വീതം 58,904/- രൂപ ആകെ വിലവരുന്ന നാല് മോണോക്രോം ലേസർ പ്രിന്ററുകളും 22,580/- രൂപ വിലവരുന്ന 1 KVAയു.പി.എസും ലഭിച്ചത് സംബന്ധിച്ച രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല. കെൽട്രോൺ ലഭ്യമാക്കിയ TVM/ITBG/PI/RC/16755/2019-20 Dtd 07.03.2020 പ്രകാരം 5 ഡെസ്ക്ടോപ്പുകൾ കംപ്യൂട്ടറുകൾക്ക് നികുതിയടക്കം 200645/- രൂപയാണ് കാണിച്ചിരുന്നത്. എന്നാൽ ഫയലിനോടൊപ്പം ഹാജരാക്കിയ ഇ-വേ ബിൽ സിസ്റ്റത്തിലൂടെയുള്ള ഒറിജിനൽ ബിൽ പ്രകാരം 5 ഡെസ്ക്ടോപ്പുകളുടെ വില നികുതിയടക്കം 19,2930/-രൂപ മാത്രമാണ്. എന്നാൽ കേരള സ്റ്റേറ്റ് ഐ.ടി മിഷന്റെ ബാങ്ക് അക്കൗണ്ടിലേക്ക് പ്രഫോർമ ഇൻവോയ്സ് പ്രകാരമുള്ള തുക ചെക്ക് വഴി മാറി നൽകിയതിനാൽ യഥാർത്ഥ ബില്ല് പ്രകാരമുള്ള തുകയേക്കാളും 7,715/- രൂപ (Rs.2,00,645-1,92,930) അധികം പദ്ധതിയിൽ നിന്നും ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. യഥാർത്ഥ ബില്ലിലും അധികരിച്ച് തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കിയില്ല. കൂടാതെ കെൽട്രോൺ തുക കൈപ്പറ്റിയതിന്റെ രസീത്, കംപ്യൂട്ടറുകൾ സ്റ്റോക്കിൽ ചേർത്ത് വിതരണം നടത്തിയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. കെൽട്രോണിന് മുൻകൂർ തുക നൽകിയെങ്കിലും നഗരസഭക്ക് നാളിതുവരെ ലഭിക്കാത്ത ഉപകരണങ്ങൾക്കായി ചെലവഴിച്ച 81,484/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-39 ഹയർ സെക്കണ്ടറി ക്ലാസ് മുറികൾക്ക് ബഞ്ച്, ഡെസ്ക് എന്നിവ വാങ്ങൽ- വിതരണം നടത്തിയതിന്റെ വിശദവിവരങ്ങളില്ല.

പ്രോജക്ട് നം. : 32/2021

അടങ്കൽ :3,00,000/-(തനത് ഫണ്ട്-100000,മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് 2,00,000)

ചെലവ് :/- 86800/- (ചെക്ക് നം. 436741 തീയതി 05.06.2020
നിർവ്വഹണം: ഹെഡ്മാസ്റ്റർ, ഗവ.ഹൈസ്കൂൾ
ഓഡിറ്റ് എൻക്വയറി നം: 9 തീയതി 11.02.2022

ഹെഡ്മാസ്റ്റർ, ഗവ.ഹൈസ്കൂൾ 2019-20 ൽ നടപ്പിലാക്കിയ ഹയർ സെക്കണ്ടറി ക്ലാസ് മുറികൾക്ക് ബഞ്ച്, ഡെസ്ക് എന്നിവ വാങ്ങൽ എന്ന പദ്ധതി പ്രകാരം 30 ബഞ്ചും ഡെസ്കും വാങ്ങുന്നതിനായി പദ്ധതി പ്രകാരം 2,86,800 രൂപ ചെലവഴിച്ചിട്ടുണ്ട്. ടെണ്ടർ പ്രകാരം ഒന്നിന് 9,560/- രൂപ നിരക്കിൽ ക്വാട്ട് ചെയ്ത കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിൽ നിന്നും ഡ്യൂവൽ ഡെസ്ക് എന്ന പ്രോഡക്ടാണ് വാങ്ങിയത്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട് :-

1. ഹയർ സെക്കണ്ടറി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിനായി പ്രോജക്ട് പ്രകാരം വാങ്ങിയ ഫർണ്ണീച്ചറുകൾ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഹയർസെക്കണ്ടറി വിഭാഗം നാളിതുവരെയായി ഏറ്റെടുത്തിട്ടില്ല. കെ.എസ്.ഐ.ഇയുടെ 19/03/2020 ലെ CHNBL0000222 നമ്പർ ഇൻവോയ്സ് പ്രകാരം ലഭിച്ച ഫർണ്ണീച്ചറുകൾ രണ്ട് വർഷത്തോളമായി ഹയർസെക്കണ്ടറി വിഭാഗം ഏറ്റെടുക്കാത്തതിനുള്ള വിശദീകരണം ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

2. പദ്ധതിയുടെ അടങ്കൽ 3,00,000 രൂപയായിരുന്നിട്ടും നിയമാനുസൃത ടെണ്ടർ നടപടികൾ സ്വീകരിക്കാതെ ക്വട്ടേഷൻ മുഖാന്തിരം വാങ്ങൽ നടത്തിയതായാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പദ്ധതിക്കായി തയ്യാറാക്കിയ ക്വട്ടേഷൻ നോട്ടീസ്, ക്വട്ടേഷനുകൾ നഗരസഭ അംഗീകരിച്ചതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

3. പദ്ധതി പ്രകാരം വാങ്ങേണ്ട ഫർണ്ണീച്ചറുകളുടെ സ്പെസിഫിക്കേഷൻ സംബന്ധിച്ച രേഖകളൊന്നും ഫയലിൽ ലഭ്യമാക്കിയിട്ടില്ല. സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത ഡ്യൂവൽ ഡെസ്ക് എന്ന ഉത്പന്നത്തിനാണ് സപ്ലൈ ഓർഡർ നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി

ലഭ്യമാക്കിയില്ല.

വിതരണം ചെയ്ത ഫർണ്ണീച്ചറുകൾ ഹയർസെക്കണ്ടറി ക്ലാസ്സുകളിൽ ഉപയോഗിക്കുന്നതിന് അനുയോജ്യമല്ല എന്നതിനാലാണ് ഹയർ സെക്കണ്ടറി വിഭാഗം ഇവ കൈപ്പറ്റാൻ തയ്യാറാകാത്തതെന്നും ആയതിനാൽ സ്കൂളിലെ മീറ്റിംഗ് ഹാളിൽ ഇവ സൂക്ഷിച്ചിരിക്കുകയാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ഹയർസെക്കണ്ടറി ക്ലാസ്സുകളിൽ ഉപയോഗിക്കുന്നതിന് ആവശ്യമായ സ്പെസിഫിക്കേഷനിലുള്ള ഫർണ്ണീച്ചറുകൾ ഏതാണ് എന്ന സംബന്ധിച്ച് ഹയർ സെക്കണ്ടറി വിഭാഗത്തിനോട് രേഖാമൂലം ആവശ്യപ്പെട്ടതായോ വിവരം നൽകിയതായോ ഫയലിൽ രേഖപ്പെടുത്തലുകളില്ല. വാങ്ങേണ്ട ഫർണ്ണീച്ചറുകൾ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ തയ്യാറാക്കാതെ വാങ്ങൽ നടത്തിയതിനാലാണ് അവ പ്രയോജനപ്പെടുത്താൻ സാധിക്കാതെ സൂക്ഷിക്കേണ്ടി വന്നിട്ടുള്ളത്. വിതരണം നടത്താതെ സൂക്ഷിച്ചിട്ടുള്ള ഫർണ്ണീച്ചറുകളുടെ വിനിയോഗം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-40 ജി.എൽ.പി.എസ് മാങ്കായിലേക്ക് ബുക്ക് ഷെൽഫ് വാങ്ങൽ - അധിക നിരക്ക് നൽകി

പ്രോജക്ട് നം. : 309/20

അടങ്കൽ : 67,600/-(വികസന ഫണ്ട്- മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്)

ചെലവ് : 67,600/-(Bill നം. 02/2019-20 Rs.67600 Dtd 07.06.2019 )

ഓഡിറ്റ് എൻക്വയറി : നം. 24 തീയതി 15.02.2022

മരട് നഗരസഭയിൽ ഗവ.എൽ.പി സ്കൂൾ ഹെഡ്മാസ്റ്റർ നടപ്പിലാക്കിയ ബുക്ക് ഷെൽഫ് വാങ്ങൽ (പ്രോജക്ട് : 47/20) എന്ന പദ്ധതി പ്രകാരം മാങ്കായിൽ ഗവ.എൽ.പി സ്കൂളിൽ 4 ബുക്ക് ഷെൽഫുകൾ വാങ്ങിയതിന് 67,600 രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. 2018-19 വർഷത്തെ പദ്ധതിയുടെ റീ ടെണ്ടറിൽ പങ്കെടുത്ത മൂന്ന് സ്ഥാപനങ്ങളിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത മെ. സ്പീഡ് ഇൻഫോവേ എന്ന സ്ഥാപനം നൽകിയ ഒരു ഷെൽഫിന് 14,900/- എന്ന നിരക്ക് (ക്വട്ടേഷൻ നം.SI/Qut/MLPS/408/2018-19 Dt 11/01/2019) അംഗീകരിച്ച നൽകാൻ നിർവ്വഹണ ഉദ്യോഗസ്ഥ നഗരസഭ സെക്രട്ടറിക്ക് 29/01/2019ൽ കത്ത് നൽകിയിട്ടുണ്ട്. ടെണ്ടർ കൌൺസിൽ അംഗീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ മെ. സ്പീഡ് ഇൻഫോവേ എന്ന സ്ഥാപനം നൽകിയ 21/03/2019ലെ 21 നമ്പർ ഇൻവോയ്സ് പ്രകാരം ഒന്നിന് 16,900/- രൂപ വീതം ആകെ 67,600/- രൂപയാണ് സപ്ലൈയർക്ക് നൽകിയിട്ടുള്ളത്. ടെണ്ടർ അംഗീകരിക്കാൻ നൽകിയ കത്ത് പ്രകാരമുള്ളതിലും 2,000/- രൂപ വീതം ആകെ 8,000/- രൂപ പദ്ധതിയിൽ നിന്നും അധികം ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഈ തുക അധികം നൽകാനിടയായത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. സപ്ലൈയർക്ക് അധികം നൽകിയ 8,000/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 1-41 തുടർവിദ്യാഭ്യാസസംഗമം- അനുമതി വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

പ്രോജക്ട് നം. : 92/2021

അടങ്കൽ : 50,000/- (തനത് ഫണ്ട് )

ചെലവ് : 33187/-

നിർവ്വഹണം : ഹെഡ്മാസ്റ്റർ, ഗവ.ഹൈസ്കൂൾ

ഓഡിറ്റ് എൻക്വയറി : നം. 6, തീയതി 11.02.2022

നഗരസഭ 2019-20 ൽ നടപ്പിലാക്കിയ തുടർവിദ്യാഭ്യാസസംഗമം എന്ന പദ്ധതി പ്രകാരം തനത് ഫണ്ടിൽ നിന്നും 33,187 രൂപ ചെലവഴിച്ചിട്ടുണ്ട്. നഗരസഭയിലെ തുടർവിദ്യാഭ്യാസ പദ്ധതികളിലെ പഠിതാക്കളുടെ കലാപരമായ മികവ് പ്രകടിപ്പിക്കുന്നതിലേക്കായി സംഘടിപ്പിച്ച ഈ പരിപാടിയുടെ ഭാഗമായി സ്റ്റേജ് ഡെക്കറേഷൻ, ലൈറ്റ് & സൌണ്ട്, ഭക്ഷണം, ഫോട്ടോ, ബാനർ, സർട്ടിഫിക്കറ്റ്, ട്രോഫി ,ജഡ്ജസ് ഫീസ് എന്നിവക്കായാണ് പദ്ധതി തുക ചെലവഴിച്ചിരിക്കുന്നത്. പദ്ധതിയിലെ ചെലവുകൾ നിർവ്വഹണ ഉദ്യോഗസ്ഥ നേരിട്ട് നൽകുന്നതിനുപകരം പരിപാടിയുടെ സംഘാടനത്തിനായി ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ.എവിൻ ടി. തിലക് , തിട്ടേത്തറ വീട്, മരട് പി.ഒ എന്നയാൾ വഴി പരിപാടി നടപ്പിലാക്കുകയാണ് ചെയ്തിട്ടുള്ളത്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട താഴെപ്പറയുന്നവക്ക് വിശദീകരണം ലഭ്യമാക്കിയില്ല :-

1. സാക്ഷരത മിഷൻ നടപ്പാക്കുന്ന തുടർവിദ്യാഭ്യാസ പദ്ധതിയുടെ ഗുണഭോക്താക്കളുടെ സംഗമം എന്ന പദ്ധതി ഏറ്റെടുത്ത് നടപ്പാക്കാനും ഇതിനായി നഗരസഭ തനത്ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനും നഗരസഭക്ക് സർക്കാരിൽ നിന്നും പ്രത്യേകാനുവാദമോ മുൻകൂർ അനുമതിയോ ലഭ്യമായതിന്റെ വിശദാംശങ്ങൾ നൽകിയിട്ടില്ല.

2. സാക്ഷരത മിഷൻ നടപ്പാക്കുന്ന തുടർവിദ്യാഭ്യാസപദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച പരിപാടിക്ക് സാക്ഷരത മിഷനിൽ നിന്നും വിഹിതമായോ റീ ഇമ്പേഴ്സ്മെന്റായോ പണം നൽകിയിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല.

3. പദ്ധതിയുടെ സംഘാടനത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥ ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്തയാൾക്ക് പദ്ധതിയുടെ നടത്തിപ്പ് ചുമതല നൽകുകയും ചെയ്തതായാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്.എന്നാൽ പദ്ധതിക്കായി നിർവ്വഹണ ഉദ്യോഗസ്ഥ തയ്യാറാക്കിയ ക്വട്ടേഷൻ നോട്ടീസ്, ക്വട്ടേഷനുകൾ എന്നിവ നഗരസഭ അംഗീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4. കലാസംഗമം പോലുള്ള ഒരു പരിപാടിയുടെ ഭക്ഷണചെലവുകൾ ഉൾപ്പടെ മുൻകൂറായി കണക്കാക്കി ക്വട്ടേഷൻ വഴി നടപ്പാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥക്ക് നഗരസഭ അനുമതി നൽകിയത് സംബന്ധിച്ച രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

5. സർക്കാർ അനുവദിച്ചിട്ടുള്ള സംഗതികളിലൊഴികെ പരിശീലന പരിപാടികളും ഉത്പാദനപരമല്ലാത്ത മേളകളും സെമിനാറുകളും പദ്ധതികളുടെ ഭാഗമായി നടത്തുന്നതിന് അനുവദിച്ചിട്ടില്ല. സാക്ഷരത മിഷൻ

പദ്ധതിയായ പഠിതാക്കളുടെ കലാസംഗമം പോലുള്ള ഒരു പരിപാടിയുടെ ചെലവുകൾ മുഴുവൻ നഗരസഭാ ഫണ്ടിൽ നിന്നും ചെലവഴിക്കുകയും ഈ തുക തിരികെ സാക്ഷരത മിഷനിൽ നിന്നും ലഭ്യമാക്കുകയും ചെയ്യാത്തതിന് വിശദീകരണം ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതിക്കായി ചെലവഴിച്ച 33,187/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-42 പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന് ഹാന്റ് കാർട്ട് വാങ്ങൽ - വിതരണവിവരങ്ങൾ ലഭ്യമാക്കിയില്ല.

പ്രോജക്ട് നം. : 314/21

അടങ്കൽ : 2,25,000/-(പ്ലാൻ ഫണ്ട്-ധനകാര്യകമ്മീഷൻ ഗ്രാന്റ്-2,25,000)

ചെലവ് : 2,25,000/-(Bill No.07/2019-20 Rs.2,25,000/-dtd 07.06.2019 )

ഓഡിറ്റ് എൻക്വയറി : നം. 41 തീയതി 17.02.2022

നഗരസഭ സെക്രട്ടറി നടപ്പിലാക്കിയ നഗരസഭയുടെ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന് ഹാന്റ് കാർട്ട് വാങ്ങൽ എന്ന പദ്ധതിക്കായി ടെണ്ടർ, റീ ടെണ്ടർ എന്നിവ ക്ഷണിച്ചതിൽ ആരും പങ്കെടുക്കാത്തതിനാൽ വിതരണക്കാരിൽ നിന്നും ക്വട്ടേഷൻ വഴിയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. കുറഞ്ഞ തുക ക്വാട്ട് ചെയ്തിരുന്നത് ശ്രീ കെ.കെ. ഗോപിനാഥൻ, കളപ്പുരയ്ക്കൽ എന്നയാളാണ്. ശ്രീ കെ.കെ. ഗോപിനാഥൻ 11/02/2019 ൽ നൽകിയ ക്വട്ടേഷൻ പ്രകാരം 51" X 37" 30" സൈസിലുള്ള ഹാൻഡ് കാർട്ട് ഒന്നിന് നികുതിയടക്കം 22,500/- രൂപയാണ് ക്വോട്ട് ചെയ്തിരുന്നത്. ഈ ക്വട്ടേഷൻ പ്രകാരം 10 ഹാൻഡ് കാർട്ടുകൾക്ക് സപ്ലൈ ഓർഡർ (നം-(project 40/18) Dtd 14.02.2019) നൽകിയിരുന്നു. ഓഫർ പ്രകാരമുള്ള സപ്ലൈ പൂർത്തീകരിച്ച് ശ്രീ കെ.കെ. ഗോപിനാഥൻ 22/03/2019 ൽ നൽകിയ ബിൽ പ്രകാരം പ്ലാൻ ഫണ്ടിൽ നിന്നും 2,25,000/- രൂപ നൽകിയിട്ടുണ്ട്.

ഈ പദ്ധതിയുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന രേഖകൾ ലഭ്യമായിട്ടില്ല :-

01) ശ്രീ കെ.കെ. ഗോപിനാഥൻ നൽകിയ ക്വട്ടേഷൻ നഗരസഭ കൌൺസിൽ അംഗീകരിച്ചതിന്റെ/സാധൂകരണം നൽകിയതിന്റെ വിശദാംശങ്ങളില്ല.

02) ഈ പദ്ധതിക്ക് ബാധകമായ 6500/-രൂപ ഇ.എം.ഡി വാങ്ങിയതിന്റെ രേഖകളില്ല. പദ്ധതി പ്രകാരം ലഭ്യമായ ഹാൻഡ് കാർട്ടുകൾ സ്റ്റോക്കിൽ ചേർത്തതിന്റെയും വിതരണം നടത്തിയതിന്റെയും രേഖകളില്ല. ഇവ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന് നൽകിയതിനുള്ള രേഖകൾ എന്നിവ ഫയലിനൊപ്പം ലഭ്യമാക്കിയിട്ടില്ല.

03) ശ്രീ കെ.കെ. ഗോപിനാഥൻ 22/03/2019 ൽ നൽകിയ ബില്ലിൽ നൽകിയ ഹാൻഡ് കാർട്ടുകളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല. ബിൽ കാഷ് ബില്ലിന്റെയോ ജി.എസ്.ടി ഇൻവോയ്സിന്റെയോ മാതൃകയിലുള്ളതല്ല.ബില്ല് പ്രകാരം 34,322/- രൂപ ജി.എസ്.ടി ഇനത്തിൽ ഈടാക്കിയിട്ടുണ്ടെങ്കിലും ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ള 32ALKPK3702GIZI ജി.എസ്.ടി.എൻ നമ്പർ ജി.എസ്.ടി പോർട്ടൽ പ്രകാരം നിലവിലില്ലാത്തതാണ്.

ഇക്കാര്യങ്ങളിൽ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും വിശദീകരണം ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ചെലവഴിച്ച 2,25,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 1-43 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ - വിതരണവിവരങ്ങളില്ല.

പ്രോജക്ട് നം. : 270/20

അടങ്കൽ : 7,20,000/-(പ്ലാൻ ഫണ്ട്-SCP)

ചെലവ് : 6,62,400/-(Bill No.01/2019-20 To 08/2019-20 Rs.8,28,00/-each Dtd 27.04.2019)

നഗരസഭാ സെക്രട്ടറി നടപ്പിലാക്കിയ എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ പദ്ധതി പ്രകാരം ഇ ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്തിരുന്നത് M/s ടീം ഐ.റ്റി കംപ്യൂട്ടേഴ്സ് എന്ന സ്ഥാപനമാണ്. സ്ഥാപനം നൽകിയ ടെണ്ടർ മൂന്ന് വർഷ വാറന്റിയുള്ള Dc/4/1 TB/15.6"/UBUNTU സ്പെസിഫിക്കേഷനോട് കൂടി ലാപ്ടോപ്പിന് ഒന്നിന് 27,600/- രൂപ നിരക്കിൽ ആകെ 6,62,400/- രൂപയാണ് ക്വാട്ട് ചെയ്തിരുന്നത്. ഈ ടെണ്ടർ പ്രകാരം ലാപ്ടോപ്പുകൾ വിതരണം ചെയ്യാൻ വർക്ക് ഓർഡർ (നം-project 421/19 Dtd 14.03.2019) നൽകിയിരുന്നു. ഈ പദ്ധതിയുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന രേഖകൾ ലഭ്യമായിട്ടില്ല :-

1. മെ.ടീം ഐ.റ്റി കംപ്യൂട്ടേഴ്സ് നൽകിയ ടെണ്ടർ നഗരസഭ കൌൺസിൽ അംഗീകരിച്ചതിന്റെ/സാധൂകരണം നൽകിയതിന്റെ വിശദാംശങ്ങളില്ല.

2. മെ.ടീം ഐ.റ്റി കംപ്യൂട്ടേഴ്സ് ലാപ്ടോപ്പുകൾ നൽകിയതിന്റെ ഒറിജിനൽ ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല.

3. പദ്ധതി പ്രകാരം ലഭ്യമായ ലാപ്ടോപ്പുകൾ സ്റ്റോക്കിൽ ചേർത്തതിന്റെയും വിതരണം നടത്തിയതിന്റെയും രേഖകളില്ല.

4. പദ്ധതി ഗുണഭോക്താക്കളുടെ ലിസ്റ്റ്, അർഹത തെളിയിക്കുന്ന രേഖകൾ, ഗുണഭോക്താക്കൾ ലാപ്ടോപ്പ് കൈപ്പറ്റിയതിന്റെ രേഖകൾ എന്നിവ ഫയലിനൊപ്പം ലഭ്യമാക്കിയിട്ടില്ല. ഈ കാര്യങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം 36/16.02.2022) മറുപടി നൽകിയില്ല.

മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിക്കായി ചെലവഴിച്ച 6,62,400 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-44 പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന് പിക്കപ്പ് വാൻ വാങ്ങൽ - ആദായനികുതി നൽകിയ തുക

തിരികെ ഈടാക്കിയില്ല.

പ്രോജക്ട് നം. : 315/21

അടങ്കൽ : 8,06,340/-(പ്ലാൻ ഫണ്ട് – ധനകാര്യകമ്മീഷൻ ഗ്രാന്റ് - 8,06,340/- )

ചെലവ് : 8,06,340/-(Bill No.18/2019-20 Rs.8,06,340/- Dtd 10.06.2019 )

ഓഡിറ്റ് എൻക്വയറി : നം.46 തീയതി 17.02.2022

നഗരസഭാ സെക്രട്ടറി നടപ്പിലാക്കിയ നഗരസഭയുടെ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന് പിക്കപ്പ് വാൻ വാങ്ങൽ എന്ന പദ്ധതിക്കായി GEM പ്രകാരം മാരുതി സുസുക്കി കമ്പനിയിൽ നിന്നും നൽകിയ പ്രൊഫോർമ ഇൻവോയ്സ് (MSIL/Super Carry/01 Dtd 06/03/2019) പ്രകാരം രണ്ട് പിക്കപ്പ് വാനിന് എല്ലാ നികുതികളുമടക്കം 8,06,340/- (4,03,170/- രൂപ വീതം) രൂപയാണ് വില നിശ്ചയിച്ചിരുന്നത്. ട്രഷറി ബിൽ പ്രകാരം തുക നൽകിയപ്പോൾ ആദായനികുതി ടി.ഡി.എസ് ആയി 16,127/- രൂപയും റിട്ടെൻഷൻ മണിയായി 8,063/-രൂപയും കുറച്ച് 7,82,150/- രൂപയാണ് മാരുതി സുസുക്കി കമ്പനിക്ക് നൽകിയത്. വാഹനവിലയായി ആവശ്യപ്പെട്ട മുഴുവൻ തുകയും ലഭിക്കാത്തതിനാൽ വാഹനം വിതരണം നടത്താൻ വിസമ്മതിക്കുകയും ഒരു വർഷത്തിന് ശേഷം 26/06/2020ൽ വാങ്ങിയ തുക തിരികെ നഗരസഭക്ക് നൽകി. പ്ലാൻഫണ്ടിൽ നിന്നും പിൻവലിച്ച തുക നിലവിൽ നഗരസഭ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്.

ഈ പദ്ധതിയുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല :-

1. വാഹനത്തിന്റെ വിലയിൽ നിന്നും സ്രോതസ്സിൽ ആദായനികുതി കുറവ് ചെയ്യുന്നത് 10,00,000ന് മുകളിൽ വിലയുള്ള വാഹനങ്ങളുടെ വാങ്ങലുമായി മാത്രം ബന്ധപ്പെട്ട കാര്യമായിരിക്കെ അതിൽ കുറവ് വിലയുള്ള വാഹനവാങ്ങലിൽ നികുതി ഈടാക്കിയതു സംബന്ധിച്ച കൃത്യമായ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല

2. സർക്കാർ വകുപ്പുകളിലേക്കും ലോക്കൽ അതോറിറ്റികളിലേക്കുമുള്ള വാങ്ങലുകളെ സ്രോതസ്സിൽ നിന്നും (TDS) നികുതി ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് Sec(2061H). ഈ സാഹചര്യത്തിൽ സ്രോതസ്സിൽ നിന്നും നികുതി കുറവ് നടത്തിയതിനുള്ള കാരണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

3. ട്രഷറി ബിൽ പ്രകാരം മാരുതി സുസുക്കി കമ്പനിക്ക് തുക നൽകിയപ്പോൾ ആദായനികുതി റ്റി.ഡി.എസ് ആയി കുറവ് ചെയ്ത 16127രൂപ വാഹനം ലഭിക്കാത്ത സാഹചര്യത്തിൽ നഗരസഭ പ്ലാൻ ഫണ്ടിൽ നിന്നുള്ള അധികചെലവാണ്. ഈ തുക തിരികെ ലഭിച്ചതിന്റെ വിശദാംശങ്ങളില്ല.

4. മാരുതി സുസുക്കി കമ്പനി വാഹനം വിതരണം നടത്താത്ത സാഹചര്യത്തിൽ തുക തിരികെ ഈടാക്കാൻ ഒരു വർഷം കാലതാമസം എടുത്തതിനും പ്ലാൻഫണ്ടിൽ നിന്നും പിൻവലിച്ച തുക നഗരസഭ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നതിനും വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

ആദായനികുതി ടി.ഡി.എസ് ആയി കുറവ് ചെയ്ത 16,127/- രൂപ വാഹനം ലഭിക്കാത്ത സാഹചര്യത്തിൽ റീഫണ്ട് വാങ്ങുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-45 സ്കൂളുകളിൽ ജൈവവൈവിധ്യ പാർക്കുകൾ സ്ഥാപിക്കൽ - മൂല്യനിർണ്ണയം ഉറപ്പാക്കാതെ തുക നൽകി

പ്രോജക്ട് : 49/20

അടങ്കൽ : 2,00,000/- (തനത് ഫണ്ട്)

ചെലവ് : 2,00,000/-

ഓഡിറ്റ് എൻക്വയറി : നം.32 തീയതി 16.02.2022

മരട് നഗരസഭയിൽ ഗവ.എൽ.പി. സ്കൂൾ ഹെഡ്മാസ്റ്റർ നടപ്പിലാക്കിയ ജൈവവൈവിധ്യ പാർക്ക് നിർമ്മാണം (പ്രോജക്ട് : 49/20) എന്ന പദ്ധതി പ്രകാരം മാങ്കായിൽ ഗവ.എൽ.പി സ്കൂൾ, ജെ.ബി.എസ് കുണ്ടന്നൂർ എന്നിവിടങ്ങളിൽ ൽ രണ്ട് ജൈവ വൈവിധ്യ പാർക്ക് നിർമ്മിച്ചതിന് 2,00,000/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. 2019-20 വർഷത്തെ പദ്ധതിയുടെ ക്വട്ടേഷനിൽ പങ്കെടുത്ത മൂന്ന് സ്ഥാപനങ്ങളിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത മെ. സെമന്തി കോൺട്രാക്ടേഴ്സ് എന്ന സ്ഥാപനം നൽകിയ 2,00,000/- രൂപ എന്ന നിരക്ക് 30/12/2019 ലെ എട്ടാം നമ്പർ തീരുമാനപ്രകാരം കൌൺസിൽ അംഗീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട് :-

1. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവ് (കൈ) നം-22/2018/ത.സ്വ.ഭ.വ, തിരുവനന്തപുരം തി.14/02/2018 പ്രകാരമുള്ള 2018-19 മുതൽ 2021-22 വരെയുള്ള വാർഷിക പദ്ധതികളുടെ മാർഗ്ഗരേഖ പ്രകാരം സർക്കാർ അനുവദിച്ചിട്ടില്ലാത്ത പദ്ധതികൾ നടപ്പാക്കുന്നതിന് സർക്കാരിൽ നിന്നും മുൻകൂർ അനുമതി ആവശ്യമാണ്.ഈ പദ്ധതി നടപ്പാക്കുന്നതിന് മുൻകൂർ അനുമതി വാങ്ങിയിട്ടുണ്ടോ എന്ന വിവരം ലഭ്യമായിട്ടില്ല.

2. സർക്കാർ വാങ്ങൽ മാർഗ്ഗരേഖ [സ.ഉ.(ആർ.ടി.)2487/16/എൽ.എസ്.ജി.ഡി. തീയതി 20.08.2016] പ്രകാരം 100000രൂപയിൽ അധികരിച്ചുള്ള വാങ്ങലുകൾക്ക് ടെണ്ടർ നിർബന്ധമാണ് 2,00,000/- രൂപ അടങ്കൽ ഉണ്ടായിട്ടും ക്വട്ടേഷൻ പ്രകാരമാണ് പദ്ധതി നടപ്പാക്കിയത്.

3. മരാമത്ത് വിഭാഗത്തിൽ ഉൾപ്പെടുന്ന പ്രവൃത്തി ആയതിനാൽ ക്ഷമതയുള്ള സ്ഥാപനങ്ങളിൽ നിന്നോ നഗരസഭയുടെ തന്നെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നോ തയ്യാറാക്കുന്ന എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടിയിരുന്നത്. കരാറുകാരൻ നടത്തിയ പ്രവൃത്തിയുടെ മൂല്യം നിർണ്ണയിക്കുന്നതിന് സാങ്കേതിക പരിജ്ഞാനം ആവശ്യമായതിനാൽ സാങ്കതിക വിഭാഗത്തിന്റെ പരിശോധനക്കും ശുപാർശക്കും വിധേയമായാണ് കരാറുകാരന് തുക അനുവദിക്കേണ്ടിയിരുന്നത്. ഇവ കൂടാതെ തുക അനുവദിച്ചതിനാൽ ചെയ്ത പ്രവൃത്തിയുടെ കൃത്യമായ മൂല്യം കണക്കാക്കാതെയാണ് തുക നൽകിയിട്ടുള്ളത്.

4. പദ്ധതി പ്രകാരമുള്ള ജൈവ വൈവിധ്യ പാർക്ക് സ്ഥാപനം എന്ന പ്രവൃത്തിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തേണ്ടത്. അവ എങ്ങനെ, എത്ര അളവിൽ, എത്രയെണ്ണം എന്ന സ്പെസിഫിക്കേഷൻ ക്വട്ടേഷൻ നോട്ടീസിലോ പദ്ധതി ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല. എത്ര ഏരിയയാണ് പാർക്ക് നിർമ്മാണത്തിനായി തിരഞ്ഞെടുത്തിരിക്കുന്നത് എന്ന വിവരവും ഫയലിലില്ല.

5. കുറഞ്ഞ നിരക്ക് നൽകിയ സ്ഥാപനം ഒരു സിമന്റ് ചട്ടിയിൽ ചെടി നൽകുന്നതിന് 300/- രൂപയാണ് ക്വാട്ട് ചെയ്തിട്ടുള്ളത്. സിമന്റ് ചട്ടിയുടെ അളവോ നട്ടിട്ടുള്ള ചെടി ഏതാണെന്നോ,അതിന്റെ വിലയോ സംബന്ധിച്ച വിശദാംശങ്ങളൊന്നുമില്ലാത്തതിനാൽ ഈയിനത്തിലെ ചെലവ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമല്ല.

6. പാർക്കിനുള്ളിലായി ടൈലിട്ട നടപ്പാത നിർമ്മിക്കുന്നതിന് 29,000/- രൂപ വീതം നിരക്കിൽ ആകെ 58,000/- രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ പാർക്കിനുള്ളിൽ രണ്ട് ടൈലുകൾ വീതം വെറുതെ ഇട്ടിരിക്കുകയാണ്. അതുപോലെ പാർക്കിനുള്ളിൽ ചെറിയ കുന്ന് സ്ഥാപിക്കുന്നതിന് 25,000 /-രൂപ വീതം രണ്ട് പാർക്കിനായി ആകെ 50,000/- രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികളുടെ മൂല്യ നിർണ്ണയം നടത്താതെയാണ് തുക അനുവദിച്ചിട്ടുള്ളത്.

ഇക്കാര്യങ്ങൾ പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-46 നഗരസഭ ഓഫീസിലേക്ക് ഇന്റർകോം വാങ്ങൽ -ടെണ്ടറിലും അധികം തുക നൽകി.

പ്രോജക്ട് നം. : 321/21

അടങ്കൽ : 4,00,000/-( തനത് ഫണ്ട്-2,00,000/- & പ്ലാൻ ഫണ്ട്-ജനറൽ2,00,000/-)

ചെലവ് : 3,11,960/-(Bill No.22/2019-20 Rs.2,00,000/-dtd 18.05.2019 & ചെക്ക് നം Rs.1,11,960/-)
ഓഡിറ്റ് എൻക്വയറി : നം.35 തീയതി 16.02.2022)

നഗരസഭാ സെക്രട്ടറി നടപ്പിലാക്കിയ നഗരസഭ ഓഫീസിലേക്ക് ഇന്റർകോം വാങ്ങൽ എന്ന പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്തിരുന്നത് മെ.ബ്രൈസൺ ടെക്നോളജിസ് എന്ന സ്ഥാപനമാണ്. സ്ഥാപനം 17/01/2019 ൽ BT/JRPM/19-20/588 നമ്പർ ടെണ്ടർ പ്രകാരം ഇന്റർകോം സ്ഥാപിക്കുന്നതിനായി 3,11,460/- രൂപയാണ് ക്വാട്ട് ചെയ്തിരുന്നത്. ഈ ടെണ്ടർ നഗരസഭ കൌൺസിലിന്റെ 06/02/2019ലെ 21 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് വർക്ക് ഓർഡർ (നം-ഇ3/6767/2018 (Project 61/19) Dtd 25.02.2019) നൽകിയിരുന്നു. ടെണ്ടർ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് M/s. ബ്രൈസൺ ടെക്നോളജീസ് ഹാജരാക്കിയ ഇൻവോയ്സ് (BT/18-19/G272 DTD 25/03/2019) പ്രകാരം പ്ലാൻ ഫണ്ടിൽ നിന്നും 2,00,000/- രൂപയും തനത് ഫണ്ടിൽ നിന്നും 1,11,960/-രൂപയും M/s.ബ്രൈസൺ ടെക്നോളജിസിന് നൽകിയിട്ടുണ്ട്. അംഗീകരിച്ച ടെണ്ടർ പ്രകാരം നൽകേണ്ട തുക 3,11,460/- രൂപയായിരിക്കെ 3,11,960/- രൂപയാണ് സ്ഥാപനത്തിന് നൽകിയത്. അധികം നൽകിയ തുക തിരികെ ലഭ്യമാക്കേണ്ടതാണ്.

## 1-47 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ നിയമനം സംബന്ധിച്ച വിവരം ലഭ്യമാക്കിയില്ല

മരട് നഗരസഭയുടെ 2019-20 ലെ വിവിധ വൌച്ചറുകൾ പ്രകാരം താഴെപ്പറയുന്ന അഞ്ച് പേർ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത് വരുന്നതായി കാണുന്നു :-

1. ശ്രീമതി ദീപ്തി ഇ.സി.

2.ശ്രീമതി ബീന പി.പി.

3. ശ്രീമതി ശ്രീലക്ഷ്മി പി.ജി.

4. ശ്രീമതി ബിന്ദു എം.ആർ.

5. ശ്രീമതി സൌമ്യ വി.എസ്.

ഇത് സംബന്ധിച്ച് താഴെപ്പറയുന്ന വിഷയങ്ങളിൽ വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് ഓഡിറ്റ് എൻക്വയറി (നം.22/15.2.22) നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടിയൊന്നും തന്നെ ലഭിച്ചിട്ടില്ലാത്തതാണ് :-

(എ) ടി തസ്തികയിലെ ദിവസവേതനക്കാർക്ക് എന്ന് മുതൽ സർക്കാരിന്റെ ഏത് ഉത്തരവ് പ്രകാരമാണ് നിയമനം നൽകിയത്, എത്ര വർഷത്തേക്കാണ് സർക്കാർ അനുമതി ലഭിച്ചിട്ടുള്ളത് മുതലായ വിവരങ്ങൾ

(ബി) അവരെ ഏല്പിച്ചിട്ടുള്ള ജോലികൾ പൂർത്തീകരിക്കപ്പെട്ടുവെങ്കിൽ തുടർന്നും അവരുടെ സേവനം ലഭിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കിയതിന്റെ വിവരങ്ങൾ.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾക്ക് നിഷ്കർഷിച്ചിട്ടുള്ള സർവ്വീസ് ബ്രേക്ക് ചട്ടങ്ങൾ പാലിക്കുന്നുണ്ടോ?

(ഡി) നഗരസഭയിലെ ദിവസവേതനക്കാരിൽ നിന്നും 12% തുക EPF ഇനത്തിൽ കുറവ് ചെയ്യുന്നതിന് സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ? EPF ൽ Employers Contribution ഇനത്തിൽ തൻവർഷം എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്? തനത് ഫണ്ടിൽ നിന്നും Employers Contribution ഇനത്തിൽ തുക ചെലവഴിക്കുന്നതിന് സർക്കാരിന്റെ അനുമതി ലഭ്യമാണോ?.

ഇത് സംബന്ധിച്ച് ആവശ്യമായ വിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 1-48 വക്കീൽ ഫീസ് നൽകിയത് - വിശദവിവരങ്ങളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു.

നഗരസഭക്ക് വേണ്ടി വിവിധ കോടതികളിൽ ഹാജരാകുന്ന അഡ്വക്കേറ്റുമാർക്ക് നൽകുന്ന ഫീസിന്റെ വിവരങ്ങളും കേസ് സംബന്ധമായ വിശദവിവരങ്ങളും സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിക്കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെകൊടുക്കുന്നു.

| വൌച്ചർ നം. | തുക | കൈപ്പറ്റിയ ആൾ | റിമാർക്സ് |
|---|---|---|---|
| 157-12/19 | 60750 | ദിനേശ് റാവു എ. | WP(C)25175/19,14736/19,14740/19,14747/19,14815/19,14819/19 എന്നിവയുടെ വിവരങ്ങൾ യാതൊന്നും തന്നെ സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. WP(C)29765/19 എന്ന കേസിൽ നിന്നും അഡ്വ.ദിനേശ് റാവുവിനെ റിമൂവ് |

| | | | |
|---|---|---|---|
| | | | ചെയ്തതായും പകരം അഡ്വ.സേതുമാധവനെ ചുമതലപ്പെടുത്തിയിട്ടുള്ളതായും രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നു. എന്നാൽ ടി കേസിന് മുഴുവൻ തുകയും ടിയാന് നൽകിയത് വിശദീകരിക്കേണ്ടതാണ്. |
| 156-12/19 | 4,32,000 | അഡ്വ.ടി ആർ രാജൻ | കേസ് സംബന്ധമായ യാതൊരു വിവരങ്ങളും വക്കീൽ സമർപ്പിച്ച 62 ബില്ലുകളിലും ലഭ്യമല്ല. Bill For Professional Charges എന്ന് മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. കേസ് സംബന്ധമായും ചെലവ് സംബന്ധമായതുമായ വിവരങ്ങൾ സ്യൂട്ട് രജിസ്റ്ററിലില്ല. |
| 52-3/20 | 99,900 | ---"--- | " (12 Bills)" |
| 34-1/20 | 70,000 | അഡ്വ.ശരത് സർവാതേ | Advance Towards Travelling Expenses. സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തലില്ല. അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്ത വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. |

മേൽപ്പറഞ്ഞ അപാകതകൾ സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.61/19.2.22) മറുപടിയൊന്നും ലഭിച്ചിട്ടില്ല. ആയതിനാൽ മൊത്തം ചെലവഴിച്ച തുക 6,62,650/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-49 പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ് ബിൽ- സ്പഷ്ടീകരണം നൽകേണ്ടതാണ്.

വൌച്ചർ നം. 141-2/20

ചെക്ക് നം. 330922/27.2.20 8,23,878/- രൂപ

2019-20 സാമ്പത്തിക വർഷത്തിൽ ലഭിച്ച അവസാന ബില്ലായ 2/20 ലെ വാട്ടർ അതോറിട്ടി ബിൽ നം. 40834/13.2.20 പ്രകാരം 8,67,046/-രൂപ അടവാക്കേണ്ടതുണ്ട് . (പ്രതിമാസ ചാർജായ 2,74,626/- രൂപയും 12/19, 1/20 എന്നീ മാസങ്ങളിലെയും അരിയർ ഉൾപ്പെടെ).

ഈ തുകയുടെ വിശദവിവരം താഴെകൊടുക്കുന്ന പ്രകാരമാണ്.

CB As On 31/1/20 - 5,80,919/-

Fine - 11,501/-

Demand For The Month - 2,74,626/-

-----------------

Total Amount Payable - 8,67,046/-

-----------------

31.01.2020 ലെ യഥാർത്ഥ ക്ലോസിങ് ബാലൻസായി വരേണ്ട തുക 5,49,252/- രൂപയാണ് (12/19, 01/20 മാസങ്ങളിലെ അരിയർ). എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി വാട്ടർ അതോറിട്ടി ബിൽ പ്രകാരമുള്ള ക്ലോസിങ് ബാലൻസ് തുകയെ സംബന്ധിച്ചും ഫൈൻ തുകയെ സംബന്ധിച്ചും വിശദീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 34/16.2.22) മറുപടിയൊന്നും ലഭിച്ചിട്ടില്ല. വാട്ടർ അതോറിട്ടിയിൽ ഫൈൻ തുക പിന്നീട് അടവാക്കിയിട്ടുണ്ടോ എന്ന പരിശോധിച്ച് മറുപടി നൽകേണ്ടതാണ്.

## 1-50 മുൻകൂർ നൽകിയ തുകകൾ സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല

04.10.2011 ലെ ജി.ഒ (പി) 419/2011/ധന പ്രകാരം മുൻകൂർ നൽകിയ തുകകൾ സമയബന്ധിതമായി ക്രമീകരിക്കാത്തവരിൽനിന്നും മുഴുവൻ അഡ്വാൻസ് തുകയും 18% നിരക്കിൽ പലിശ സഹിതം ഒറ്റത്തവണയായി ഈടാക്കേണ്ടതും, (മേൽ ഉത്തരവ് ഖണ്ഡിക -4-III), സമയബന്ധിതമായി ക്രമീകരിച്ചുവെങ്കിലും അധികം അഡ്വാൻസ് തുക തിരികെ അടയ്ക്കേണ്ടിവന്നവരിൽ നിന്നും 18% നിരക്കിൽ പലിശ ഈടാക്കേണ്ടതുമാണ് (മേൽ ഉത്തരവ് ഖണ്ഡിക -4-II). മുൻകൂറുകൾ നൽകുമ്പോൾ മേൽ സർക്കാർ ഉത്തരവിലെ അഡ്വാൻസിന്റെ കാലാവധിയായ മൂന്ന് മാസ പരിധി കർശനമായി പാലിക്കേണ്ടതും, മൂന്നുമാസ കാലാവധി കഴിയുന്ന മുറയ്ക്ക് ഖണ്ഡിക -4-III പ്രകാരം ക്രമീകരിക്കാത്തവരിൽ നിന്നും മുഴുവൻ അഡ്വാൻസ് തുകയും 18% നിരക്കിൽ പലിശ സഹിതം ഒറ്റത്തവണയായി ഈടാക്കേണ്ടതുമാണ്.

നഗരസഭയിലെ വിവിധ ആവശ്യങ്ങൾക്ക് മുൻകൂർ നൽകിയ തുകകൾ സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല. വിശദ വിവരം ചുവടെചേർക്കുന്നു.

| ക്രമ നം. | തീയതി | മുൻകൂർ കൈപ്പറ്റിയ ആളിൻെറ പേര് | വൌച്ചർ നം. , ചെക്ക് നം. | ആവശ്യം | തുക |
|---|---|---|---|---|---|
| 1 | 3.4.2018 | ഹുസ്സൈൻ പി എം | 17-4/18 | Demolition Of Unauthorised Building | 15000/- |
| 2 | 2.11.2018 | രാജേഷ് കുമാർ | 26-11/18 | റിപ്പയറിങ് | 6750/- |
| 3 | 22.1.19 | സി ജെ വിൽസൺ | 76-1/19 | മരം മുറിക്കുന്നതിന് | 50000/- |
| 4 | 31.12.19 | സിബി പ്രവീൺ | 153-12/19 | പ്ലാസ്റ്റിക് നീക്കം ചെയ്യൽ | 10,000/- |
| 5 | 18.1.20 | അഖില എസ് ശങ്കർ | 65-1/20 | ലൈഫ് മിഷൻ,കുടുംബശ്രീ | 25,000/- |
| 6 | 25.9.20 | ബിന്ദു(PWO) | 51-9/20 | Improvement Of CFLTC | 175000/- |
| 7 | 5.10.20 | ജിഷ തോമസ്(JHI) | 28-10/20 | Vehicle Arrangement CFLTC | 20000 |
| 8 | 2.11.20 | ---"--- | 24-11/20 | മരം വെട്ടിമാറ്റൽ | 2500 |
| 9 | 30.1.21 | Medical Officer,Nettoor | 179-1/21 | Advance For Immunisation | 9000 |
| 10 | ---"--- | ---"--- Valanthakad | 180-1/21 | ---"--- | 6000 |

| | | | | | |
|---|---|---|---|---|---|
| 11 | 18.5.21 | സുകു കെ | 47-5/21 | ഹോസ് പൈപ്പ് വാങ്ങൽ | 7000 |
| 12 | 25.5.21 | സ്വപ്ന ടി(JHI) | 88-5/21 | കീ വാങ്ങുന്നതിന് | 15000 |
| 13 | 1.7.21 | ജിഷ തോമസ്(JHI) | 13-7/21 | മരം വെട്ടിമാറ്റൽ | 2500 |
| 14 | 16.8.21 | പവീൻ വൈ ഇ(PWO) | 62-8/21 | Fan Exhauster Replacing | 12000 |
| 15 | 6.10.21 | ജോയിലിൻ ക്രിസ്റ്റി(PWO) | 40-10/21 | ഭൂമി വാങ്ങൽ രജിസ്ട്രേഷൻ | 35000 |

മുൻകൂർ നൽകുന്ന തുകകൾ സമയബന്ധിതമായി ക്രമീകരിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-51 കേരള വാട്ടർ അതോറിറ്റിയ്ക്ക് നൽകേണ്ടതില്ലാത്ത ജി.എസ്.ടി. നൽകി - 22,821/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | ഡിവിഷൻ 12 മണ്ണൂർ റോഡ് ബ്രാഞ്ച് റോഡ് - Laying 63mm Pvc Pipe And Shifting Existing Connection.<br>ഫയൽ നം. ഇ4-9124/18 |
| വാട്ടർ അതോറിട്ടി എസ്റ്റിമേറ്റ് തുക | 2,33,000/-<br>(നം,2019/7394) |
| ചെലവ് | വൌച്ചർ നം.138-2/20<br>ചെക്ക് നം. 330929/25.2.20, 2,33,000/- |

കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 2,33,000/- രൂപയുടെ എസ്റ്റിമേറ്റിൽ 22,821/- രൂപ 12% ജി.എസ്.ടി യിനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ കേന്ദ്ര ധനമന്ത്രാലയത്തിന്റെ 28.06.17 ലെ നോട്ടിഫിക്കേഷൻ നമ്പർ 12/2017 (Central Tax Rate) Sl.no.4 Chapter 99 പ്രകാരം ( Services By A Government(central Government, State Government , Union Territory , Local Self Government) Or Goverment Authority By Way Of Any Activity In Relation To Any Function Entrusted To A Municipality Under Article 243W Of The Constitution- Tax Rate -Nil) നഗരസഭാ ചുമതലകൾ നിറവേറ്റുന്നതിനുള്ള സേവനങ്ങൾക്ക് ജി.എസ്.ടി നൽകേണ്ടതില്ല. മേൽ സാഹചര്യത്തിൽ കേരള വാട്ടർ അതോറിയ്ക്ക് 22,821/- രൂപ ജി.എസ്. ടി നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ധനവിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്. ആയത് ലഭ്യമാക്കുന്നതു വരെ ജി.എസ്.ടി. ഇനത്തിൽ നൽകിയ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
(ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (N0.58/19.2.22) മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതാണ്).

## 1-52 മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-

നഗരസഭയിലെ മുനിസിപ്പൽ എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 2019-20 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു :-

1. നിശ്ചിത മാതൃകയിലുള്ള ക്യാഷ് ബുക്ക് (ടി ആർ 7A) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. പ്രവൃത്തികൾ ടെണ്ടർ നൽകുന്നതുമായി ബന്ധപ്പെട്ടുള്ള പ്രിലിമിനറി എഗ്രിമെന്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താതെ ബ്ലാങ്ക് സ്റ്റാമ്പ് പേപ്പർ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

3. ടെണ്ടർ രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ടെണ്ടർ രജിസ്റ്ററിൽ താഴെ പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല :-

   (I) ടെണ്ടർ തുറക്കുന്ന അവസരത്തിൽ സന്നിഹിതരായിട്ടുള്ള കരാറുകാരുടെ
   ഒപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

   (Ii) ഇഎംഡി തുക, രസീത് നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തുന്നില്ല

   (Iii) ടെണ്ടർ അംഗീകരിച്ച കമ്മിറ്റി തീരുമാന വിവരം രേഖപ്പെടുത്തുന്നില്ല.

4. കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

5. കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്യു.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

6. റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന ബിറ്റുമിന്റെ അളവ് എം.ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. കരാറുകാർ വാങ്ങിയ ബിറ്റുമിന്റെ ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

7. തനത് ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികളിൽ നിന്നും ഈടാക്കുന്ന നികുതികളുടെ ഒടുക്കു വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

8. ഭൂരിഭാഗം ഫയലുകളിലും പ്രവൃത്തികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/14.2.22) നിർവ്വഹണ ഉദ്യോഗസ്ഥയായ മുനിസിപ്പൽ എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ

സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-53 നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല.

2012 ലെ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2112-1പ്രകാരം കരാർ പ്രവൃത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തപക്ഷം നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കുമുൻപ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ളപക്ഷം സമയം ദീർഘിപ്പിക്കാവുന്നതുമാകുന്നു. ഇത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25%അധികരിക്കാൻ പാടില്ല. ഇപ്രകാരം കാലാവധിയുടെ 50%വരെ പരമാവധി സമയം ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ഇത് ആദ്യ തവണ പി.എ.സി യുടെ 1% നിരക്കിലും (കുറഞ്ഞത് 1,000/-രൂപ പരമാവധി 50,000/-രൂപ ) രണ്ടാം തവണ പി.എ.സി യുടെ 2% നിരക്കിലും (കുറഞ്ഞത് 2,000/-രൂപ പരമാവധി 100,000/-രൂപ) പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കേണ്ടതാണ്. അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ /ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവർത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധികകാലത്തിന് പ്രതിവാരം PAC യുടെ 0.1%നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരിൽ നിന്നും നിയമാനുസൃത നിരക്കിലുള്ള പിഴ ഈടാക്കാതെയാണ് തുക നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, കരാറുകാരൻ , പി.എ.സി. | കരാർ തീയതി, കാലാവധി, കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|
| 1 | വി.പി പീറ്റർ റീയജന്റ് റോഡ് ടൈൽ വിരിക്കൽ, വി.പി.പീറ്റർ ബൈലൈൻ റോഡ് സംരക്ഷണ ഭിത്തി (563/20) അഫ്സൽ മുഹമ്മദ് (ക്യൂബ് കൺസ്ട്രക്ഷൻസ് ) പി.എ.സി -1686961/- പ്രവൃത്തിമൂല്യം -1387573/- ബിആർഎൻ - 1651434/30.3.20 | 2.12.2019<br>3 മാസം<br>1.3.2020 | 10.3.2020 | 16870 (1%) |
| 2 | നങ്ങ്യാരത്ത് വാധ്യാപ്പിള്ളി തോട് സംരക്ഷണം (131/19) കെ.കെ.ഗോപിനാഥൻ പി.എ.സി -966463/- പ്രവൃത്തിമൂല്യം -797015/- ചെക്ക് നം. 659028/7.8.2019 | 4.12.2018<br>3 മാസം<br>3.3.2019 | 31.5.2019 | 34793 (3.6%) |
| 3 | നയനാർ റോഡ് ടാറിംഗ് (71/19) ജിനു ജോർജ്ജ് പി.എ.സി -247351/- എം.ബുക്ക് - 87/19-20 പ്രവൃത്തിമൂല്യം -243173/- | 21.11.2018<br>3 മാസം<br>20.2.2019 | 27.1.2020 | 17809 (3+4.2%) |
| 4 | ചമ്പക്കര കനാൽ സൈഡ് റോഡ് (523/20) കെ.കെ.ഗോപിനാഥൻ പി.എ.സി -695242/- എം.ബുക്ക് - 27/18-19 പ്രവൃത്തിമൂല്യം -695127/- ചെക്ക് നം. 5129803/4.10.19 | 22.11.2018<br>3മാസം<br>21.2.2019 | 26.4.2019 | 22248 (3.2%) |
| | ആകെ | | | 91720 |

കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തിയാക്കുകയോ, പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതിനായി അപേക്ഷ സമർപ്പിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തി പൂർത്തീകരണ കാലതാമസ്സം സംബന്ധിച്ച് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.59/19.2.22) നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ ഇനത്തിൽ ഈടാക്കേണ്ട 91,720/- രൂപ കരാറുകാരിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-54 മരാമത്ത് പ്രവൃത്തികൾ - മുനിസിപ്പൽ എഞ്ചിനിയർ ഫയലുകൾ ഹാജരാക്കിയിട്ടില്ല

നഗരസഭാ മുനിസിപ്പൽ എഞ്ചിനിയർ 2019-20 സാമ്പത്തിക വർഷം നടപ്പാക്കിയിട്ടുള്ള / തുക ചെലവഴിച്ചിട്ടുള്ള താഴെ പറയുന്ന പ്രവൃത്തികളുടെ ഫയൽ (ചെലവ് രേഖകൾ) ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രേജക്ട് നം. | പ്രവൃത്തിയുടെ പേര് | ചെലവ് തുക |
|---|---|---|---|
| 1 | 264/20 | വിവിധ വാർഡുകളിൽ ലൈൻ എക്സ്റ്റൻഷൻ, പോസ്റ്റ് ഷിഫ്റ്റിംഗ് | 9,99,141 |
| 2 | 265/20 | പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ് ബൈലൈൻ റോഡ് | 2,05,649 |

| | | | |
|---|---|---|---|
| 3 | 277/20 | കിരൺ ലെയിൻ ടാറിംഗ് | 3,00,000 |
| 4 | 283/20 | ഫിഷ് ലാന്റിംഗ് സെന്റർ ഡിവി30 | 2,99,023 |
| 5 | 284/20 | ചിൽഡ്രൻസ് ഫ്രണ്ടലി ശൗചാലയം (എൽ.പി.എസ് മാങ്കായിൽ) | 6,20,142 |
| 6 | 288/20 | എൽ.പി.എസ് മാങ്കായിൽ ഡൈനിംഗ് ഹാൾ | 9,39,695 |
| 7 | 289/20 | ജെ.ബി.എസ്. കുണ്ടന്നൂർ കിച്ചൺ റൂം ടൈൽ വർക്ക് | 2,43,775 |
| 8 | 290/20 | ബണ്ട് റോഡ് റിനവേഷൻ | 5,09,370 |
| 9 | 298/20 | തെക്കേടത്ത് തോട്, വടശ്ശേരി പറമ്പ് തോട് സംരക്ഷണം | 6,29,820 |
| 10 | 300/20 | കുണ്ടന്നൂർ - ചെലവന്നൂർ റോഡ് സൗന്ദര്യവത്ക്കരണം | 7,20,703 |
| 11 | 312/20 | എസ്.സി. ഫ്ലാറ്റ് നിർമ്മാണം | 26,36,516 |
| 12 | 358/20 | ചെക്ക് ഡാം അറ്റകുറ്റപ്പണി (ഷട്ടർ) | 3,99,158 |
| 13 | 369/20 | വിവിധ അങ്കണവാടി അറ്റകുറ്റപ്പണി | 4,29,113 |
| 14 | 373/20 | അങ്കണവാടി കെട്ടിടനിർമ്മാണം ഡിവി 5 | 11,95,684 |
| 15 | 410/20 | എസ്.സി.ഫ്ലാറ്റ് നിർമ്മാണം രണ്ടാം ഘട്ടം | 25,96,260 |
| 16 | 434/20 | ബണ്ട് റോഡ് റീടാറിംഗ് – ഡിവിഷൻ – 16 | 5,81,442 |
| 17 | 452/20 | കുണ്ടന്നൂർ തേവര പാലത്തിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 4,06,950 |
| 18 | 459/20 | സോഡിയം വേപ്പർ ലാമ്പ് മെയിന്റനൻസ് | 4,58,440 |
| | ആകെ | | 1,41,70,881 |

പ്രസ്തുത മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.52/19.2.22) നൽകിയിട്ടും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ചെലവ് തുക 1,41,70,881/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-55 ഇ ടെണ്ടർ ഫീസ് - മുനിസിപ്പൽ എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്ന ടെണ്ടർ ഫീസ് നഗരസഭാ ഫണ്ടിലേയ്ക്ക് മാറ്റിയിട്ടില്ല

മുനിസിപ്പൽ എഞ്ചിനിയറുടെ പേരിൽ എസ്.ബി.ഐ. മരട് ശാഖയിലുള്ള കറന്റ് അക്കൗണ്ടിലാണ് (അക്കൗണ്ട് നം. 67266395703) ഇ- ടെണ്ടർ മുഖേനയുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തുക ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. പ്രസ്തുത അക്കൗണ്ടിലെ 28.1.22 ലെ നീക്കിയിരുപ്പ് തുക 16,71,169/- രൂപയാണ്. അസിസ്റ്റന്റ് എഞ്ചിനീയർ ക്യാഷ് ബുക്ക് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത തുക അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ടി അക്കൗണ്ടിൽ വരവുള്ള തുകകളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നീക്കിയിരുപ്പ് തുകയുടെ കൃത്യത വ്യക്തമല്ല. മുനിസിപ്പൽ എഞ്ചിനീയറുടെ അക്കൗണ്ടിൽ വരവ് വന്നിട്ടുള്ള ടെണ്ടർ ഫീസ് തുകയുടെ കൃത്യത പ്രതിമാസ/ പ്രതിവർഷ കളക്ഷൻ റിപ്പോർട്ടുമായി പരിശോധിച്ച് ഉറപ്പാക്കേണ്ടതും നീക്കിയിരുപ്പ് തുക മുനിസിപ്പൽ ഫണ്ടിലേയ്ക്ക് മാറ്റി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതുമാണ്.

പ്രസ്തുത അക്കൗണ്ടിൽ നിന്നും ബാങ്ക് ചാർജ്ജിനത്തിൽ 3,863/- രൂപ നാളിതുവരെ ഈടാക്കിയിട്ടുള്ളതായി കാണുന്നു. സർക്കാർ നിർദ്ദേശ പ്രകാരം ആരംഭിച്ചിട്ടുള്ള പ്രസ്തുത കറന്റ് അക്കൗണ്ടിൽ നിന്നും ഇത്തരത്തിലുള്ള ചാർജ്ജുകൾ ഈടാക്കുന്നത് ക്രമപ്രകാരമല്ല. ടി തുക തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രസ്തുത അക്കൗണ്ടിൽ നിന്നും താഴെ പറയുന്ന തുകകൾ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളതായി കാണുന്നു. ആയതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | /തീയതി | തുക |
|---|---|---|
| 1 | 22.6.2015 | 22,500 |
| 2 | 23.6.2015 | 25,000 |
| 3 | 23.6.2015 | 44,700 |
| 4 | 31.7.2015 | 50,750 |
| | ആകെ | 1,42,950 |

പ്രസ്തുത അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.28/16.2.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-56 വിവിധ സ്ഥാപനങ്ങളിലെ വൈദ്യുതീകരണം - വിവരങ്ങൾ ലഭ്യമാക്കിയില്ല

(1) ഡിവിഷൻ 5- അങ്കണവാടി വൈദ്യുതീകരണം (487/20)

(I) പ്രസ്തുത പ്രവൃത്തി കരാർ പ്രകാരം (എസ്റ്റിമേറ്റ് നിരക്കിൽ) ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ളത് പി.ആർ. പവർ ഓൺ എന്ന സ്ഥാപനമാണ്. പ്രവൃത്തി പൂർത്തിയാക്കി സ്ഥാപനത്തിന് ഫൈനൽ ബിൽ പ്രകാരം തുക നൽകിയപ്പോൾ ആദായ നികുതി ഇനത്തിൽ ബില്ലിൽ നിന്നും 2% തുക കുറവ് ചെയ്യേണ്ടതിന് പകരം 1% മാത്രമാണ് കുറവ് വരുത്തിയിട്ടുള്ളത്. ഇത് മൂലം കരാറുകാരന് 2063/-രൂപ അധികമായി നൽകി. ടി തുക തിരികെ ഈടാക്കേണ്ടതാണ്.

| ഇനം | അനുവദിക്കാവുന്ന തുക | അനുവദിച്ച തുക | അധികം നൽകിയത് |
|---|---|---|---|
| പ്രവൃത്തിമൂല്യം | 2,06,372 | 2,06,372 | ---- |
| (-) ആദായ നികുതി | 4,127 | 2,064 | ---- |
| നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം | 2,064 | 2,064 | ---- |
| ആകെ | 2,00,181 | 2,02,244 | 2,063 |

(Ii) അംഗീകരിച്ച എസ്റ്റിമേറ്റിൽ സർവ്വീസ് കണക്ഷൻ ചാർജ്ജ്, ആപ്ലിക്കേഷൻ ഫീ, സിഡി എന്നിവ ഒടുക്കുന്നതിനായി 10000/- രൂപ വകയിരുത്തിയിരുന്നു. എന്നാൽ ഇത്തരത്തിൽ തുക ഒടുക്കിയിട്ടുള്ളതായി കാണുന്നില്ല. സ്ഥാപനത്തിൽ കറന്റ് കണക്ഷൻ ലഭ്യമായിട്ടുണ്ടോ എന്ന വിവരം അറിയിക്കേണ്ടതാണ്.

(Iii) പ്രസ്തുത സ്ഥാപനത്തിലേയ്ക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ഒരു സ്പ്ലിറ്റ് എസിയും സ്റ്റെബിലൈസറും വാങ്ങിയ ഇനത്തിൽ കരാറുകാരന് 40796/- രൂപ നൽകിയിട്ടുണ്ട്. ജി.ഒ(പി)7/19/എസ്.പി.ഡി തീ.26.4.19 പ്രകാരം 25000/- രൂപയ്ക്ക് മുകളിലുള്ള സാധന സാമഗ്രികൾ ജെം മുഖേന സമാഹരിക്കേണ്ടതാണെന്ന് നിർദ്ദേശമുണ്ടായിരിക്കെ ഇത്തരത്തിൽ ജെം, നിയമാനുസൃത ക്വട്ടേഷൻ നടപടി ക്രമങ്ങൾ എന്നിവ ഒഴിവാക്കി വാങ്ങൽ പ്രക്രിയ കരാറുകാരനെ ഏൽപ്പിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(2) ഗവ.ആയുർവേദ ആശുപത്രി മുകൾനില കെട്ടിടത്തിന് ഇലക്ട്രിഫിക്കേഷൻ (570/20)

(I) പ്രസ്തുത പ്രവൃത്തി കരാർ പ്രകാരം (എസ്റ്റിമേറ്റ് നിരക്കിൽ) ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ളത് പി.ആർ. പവർ ഓൺ എന്ന സ്ഥാപനമാണ്. പ്രവൃത്തി പൂർത്തിയാക്കി സ്ഥാപനത്തിന് ഫൈനൽ ബിൽ പ്രകാരം തുക നൽകിയപ്പോൾ ആദായ നികുതി ഇനത്തിൽ ബില്ലിൽ നിന്നും 2% തുക കുറവ് ചെയ്യേണ്ടതിന് പകരം 1% മാത്രമാണ് കുറവ് വരുത്തിയിട്ടുള്ളത്. ഇത് മൂലം കരാറുകാരന് 2,360/-രൂപ അധികമായി നൽകി. ടി തുക തിരികെ ഈടാക്കേണ്ടതാണ്.

| ഇനം | അനുവദിക്കാവുന്ന തുക | അനുവദിച്ച തുക | അധികം നൽകിയത് |
|---|---|---|---|
| പ്രവൃത്തിമൂല്യം | 2,36,025 | 2,36,025 | ---- |
| (-) ആദായ നികുതി | 4,720 | 2,360 | ---- |
| നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം | 2,360 | 2,360 | ---- |
| ആകെ | 2,28,945 | 2,31,305 | 2,360 |

(Ii) പ്രസ്തുത പ്രവൃത്തിയ്ക്കായി കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകിയത് 20.12.2019 ലാണ്. നിയമ പ്രകാരം പിഴ കൂടാതെ കരാർ ചമയ്ക്കാവുന്ന അവസാന തീയതി 3.1.20 ആണ്. എന്നാൽ ഇവിടെ കരാർ ചമച്ചിട്ടുള്ളത് 13.1.20 ലാണ്. കരാർ തയ്യാറാക്കുന്നതിലുണ്ടായ കാലതാമസ്സത്തിന് നിയമാനുസൃതം ഈടാക്കേണ്ട ഫൈൻ 2,360/- രൂപ (1%) കരാറുകാരനിൽ നിന്നും ഈടാക്കാതെയാണ് കരാർ തയ്യാറാക്കിയിട്ടുള്ളത്. ടി തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

(Iii) അംഗീകരിച്ച എസ്റ്റിമേറ്റിൽ സർവ്വീസ് കണക്ഷൻ ചാർജ്ജ്, ആപ്ലിക്കേഷൻ ഫീ, സിഡി എന്നിവ ഒടുക്കുന്നതിനായി 15000/- രൂപ വകയിരുത്തിയിരുന്നു. എന്നാൽ ഇത്തരത്തിൽ തുക ഒടുക്കിയിട്ടുള്ളതായി കാണുന്നില്ല. സ്ഥാപനത്തിൽ കറന്റ് കണക്ഷൻ ലഭ്യമായിട്ടുണ്ടോ എന്ന വിവരം അറിയിക്കേണ്ടതാണ്. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.45/17.2.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-57 ബിറ്റുമിൻ ഉപയോഗത്തിനനുസൃതമായി ഒഴിഞ്ഞ ബാരലിന്റെ വില ബില്ലിൽ കുറവു ചെയ്യുന്നില്ല

2019-20 വർഷം നിർവ്വഹിക്കപ്പെട്ട ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ടാറിന് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. അതു പ്രകാരം ഒഴിഞ്ഞ ബാരലിന്റെ വിലയായി 281/-രൂപ വീതം (238+18% ജി.എസ്.ടി) ബില്ലിൽ കുറവു ചെയ്ത് വേണം കരാറുകാരന് തുക നല്കേണ്ടത്. എന്നാൽ മുൻസിപ്പൽ എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളിലെ ഫൈനൽ ബില്ലിൽ നിന്നും ഇപ്രകാരമുള്ള കുറവ് വരുത്തിയിട്ടില്ലാത്തതായി കാണുന്നു. പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദ വിവരം | ഉപയോഗിച്ച ബാരലിന്റെ എണ്ണം | ഈടാക്കേണ്ട തുക | |
|---|---|---|---|---|
| | | | ബാരൽ വില | ജി.എസ്.ടി |
| 1 | തോട്ടത്തിപ്പറമ്പ് കനാൽ റോഡ് റീടാറിംഗ് (514/20) കെ.കെ.ഗോപിനാഥൻ പി.എ.സി -765975/- എം.ബുക്ക്-79/19-20 പ്രവൃത്തിമൂല്യം - 793226/- ചെക്ക് നം. 5129868/6.3.20 | 16 | 3808 | 688 |
| 2 | രാജീവ് ഗാന്ധി ലെയിൻ ടാറിംഗ് (463/19) ടി.കെ.വർഗ്ഗീസ് പി.എ.സി -248182/- എം.ബുക്ക്-207/18-19 പ്രവൃത്തിമൂല്യം -248157/- ചെക്ക് നം. 2419696/18.9.19 | 9 | 2142 | 387 |
| 3 | നിരവത്ത് റോഡ്, പാണ്ടവത്ത് റോഡ് ടാറിംഗ് (478/19) ടി.കെ.വർഗ്ഗീസ് പി.എ.സി -742099/- എം.ബുക്ക് - 30/18-19 | 27 | 6426 | 1161 |

| | | | | |
|---|---|---|---|---|
| | പ്രവൃത്തിമൂല്യം -722296/- ചെക്ക് നം. 670778/30.10.19 | | | |
| 4 | നയനാർ റോഡ് ടാറിംഗ് (71/19) ജിനു ജോർജ്ജ് പി.എ.സി -247351/- എം.ബുക്ക് - 87/19-20 പ്രവൃത്തിമൂല്യം -243173/- | 6 | 1428 | 258 |
| 5 | മണ്ണൂർ ജയന്തി റോഡ് റീ ടാറിംഗ് (523/20) ടി.കെ.വർഗ്ഗീസ് പി.എ.സി -581145/- എം.ബുക്ക് - 165/19-20 പ്രവൃത്തിമൂല്യം -592216/- | 15 | 3570 | 645 |
| 6 | ചമ്പക്കര കനാൽ സൈഡ് റോഡ് (523/20) കെ.കെ.ഗോപിനാഥൻ പി.എ.സി -695242/- എം.ബുക്ക് - 27/18-19 പ്രവൃത്തിമൂല്യം -695127/- ചെക്ക് നം. 5129803/4.10.19 | 15 | 3570 | 645 |
| 7 | കേട്ടേഴത്തും റോഡ് ടാറിംഗ് (462/19) ടി.കെ.വർഗ്ഗീസ് പി.എ.സി - 274440/- പ്രവൃത്തിമൂല്യം - 267562/- ചെക്ക് നം. 5129811/29.10.19 | 11 | 2618 | 473 |
| 8 | വളന്തക്കാട് റോഡ് ടാറിംഗ് (449/20) ടി.കെ.വർഗ്ഗീസ് പി.എ.സി - 1098260/- പ്രവൃത്തിമൂല്യം - 1086888/- ചെക്ക് നം. 659065/30.8.2019 | 41 | 9758 | 1763 |
| 9 | ബണ്ട് റോഡ് റീടാറിംഗ് (434/20) ടി.കെ.വർഗ്ഗീസ് പി.എ.സി - 595887/- എം.ബുക്ക് - 177/18-19 പ്രവൃത്തിമൂല്യം - 581442/- ചെക്ക് നം. 5129813/29.10.19 | 27 | 6426 | 1161 |
| 10 | മൂത്തേടം കോളനി റോഡ് റീടാറിംഗ് (491/20) ടി.കെ.വർഗ്ഗീസ് പി.എ.സി - 499086/- എം.ബുക്ക് - 40/18-19 പ്രവൃത്തിമൂല്യം - 491028/- ചെക്ക് നം. 2419685/23.7.19 | 18 | 4284 | 774 |
| | ആകെ | | 44030 | 7955 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിനും അധികം നൽകിയ തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കി (ബാരൽ വില തുക ചെലവഴിച്ച ഫണ്ടിൽ) വിവരം അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.60/19.2.22) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാർക്ക് അധികമായി നൽകിയ തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡുകളിൽ ഒടുക്കേണ്ടതാണ്.

## 1-58 പാക്കാക്കൽ ടെമ്പിൾ റോഡ് കാന നിർമ്മാണം - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 117/20 |
| പ്രോജക്ടിന്റെ പേര് | പാക്കാക്കൽ ടെമ്പിൾ റോഡ് കാന നിർമ്മാണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനിയർ |
| കരാറുകാരൻ | ആർ.ആർ. തോമസ് |
| എഗ്രീഡ് പിഎസി | 6,26,601/- |
| ചെലവ് വിവരം | 6,84,499/- |
| എം.ബുക്ക് നം. | 80/19-20 |
| ചെക്ക് നം. | 847879/11.2.2020 |

പ്രസ്തുത പ്രവൃത്തിയിൽ കാന നിർമ്മാണത്തിനായി 137.70 മീ. നീളം 0.80മീ. വീതിയിൽ എർത്ത് വർക്ക് എസ്കവേഷൻ നടത്തി 10 സെ.മീ. കനത്തിൽ ബെഡ് കോൺക്രീറ്റിംഗ് ചെയ്ത് സൈഡ് വാൾ നിർമ്മിച്ചിട്ടുണ്ട്.

പ്രവൃത്തിയുടെ ഒന്നാം ഇനമായ എർത്ത് വർക്ക് എസ്കവേഷനിൽ അവസാന 4 മീറ്റർ താഴെ പറയുന്ന അളവിലാണ് ചെയ്തിട്ടുള്ളത്.

4 X 0.80 X0.72

ഇതിൽ 10സെ.മീ. കനത്തിൽ ബെഡ് കോൺക്രീറ്റിംഗ് നടത്തിയിട്ടുണ്ട്. തുടർന്ന് നിർമ്മിക്കാവുന്ന സൈഡ് വാളിന്റെ ഉയരം 0.62 മീറ്ററാണ്. എന്നാൽ ടി ഭാഗത്ത് നിർമ്മിച്ചിട്ടുള്ള സൈഡ് വാളിന്റെ അളവ് താഴെ ചേർക്കുന്നു.

2 X 4 X 0.30 X 0.82 = 1.968 $M^3$

ടി ഭാഗത്ത് നിർമ്മിക്കാവുന്ന സൈഡ് വാളിന്റെ അളവ്

2 X 4 X 0.30 X 0.62 = 1.488 $M^3$

അധിക അളവ് = 0.48 $M^3$

(2) പ്രവൃത്തിയുടെ ഇനം 4 പ്രകാരം താഴെ പറയുന്ന അളവിൽ കവർ സ്ലാബ് നിർമ്മിച്ചിട്ടുണ്ട്.

സ്ലാബ് - 243x 0.50 X 0.80 X 0.15

സ്ലാബ് - 10 X1.00 X 0.80 X 0.15

ഇത് പ്രകാരം ആകെ നിർമ്മിച്ചിട്ടുള്ള സ്ലാബിന്റെ നീളം 131.50 മീറ്ററാണ്. എന്നാൽ കാന നിർമ്മിച്ചിട്ടുള്ളത് 137.70 മീ. നീളത്തിലാണ്. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

(3) പ്രവൃത്തിയുടെ കരാറുകാരനായ ആർ.ആർ. തോമസിന് കരാർ ചമയ്ക്കുന്നതിനായി സെലക്ഷൻ നോട്ടീസ്

നൽകിയത് 18.9.19 ലാണ്. എന്നാൽ കരാർ ചമച്ചിട്ടുള്ളത് 30.10.2019 ലാണ്. കരാർ ചമയ്ക്കുന്നതിലുണ്ടായ കാലതാമസ്സത്തിന് പിഴ (6266/- രൂപ) ഈടാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.62/19.2.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പിഴയിനത്തിലുള്ള 6,266/- രൂപ ഒടുക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-59 കടേക്കുഴി പ്രഭാകര മേനോൻ റോഡ് കാന നിർമ്മാണം (101/19)- പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല.

നഗരസഭയുടെ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരനായ ശ്രീ ആർ.ആർ. തോമസ് 22.10.2018 ൽ മുനിസിപ്പൽ എഞ്ചിനിയറുമായി കരാർ ചമച്ച് പ്രവൃത്തി നിർവ്വഹണം ഏറ്റെടുത്തിട്ടുണ്ട്. ടെണ്ടർ നിബന്ധന പ്രകാരം പൂർത്തീകരണ കാലയളവ് 3 മാസമുള്ള ടി പ്രവൃത്തി 21.1.2019 ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ട സഹചര്യമുണ്ടായതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും ആയതിന് 16.3.2019 ൽ മുൻകൂർ അനുവാദം നൽകുകയും ചെയ്തിട്ടുള്ളതായി കാണുന്നു.

ഹാജരാക്കിയ ഫയൽ, എം.ബുക്ക് എന്നിവ പ്രകാരം 16.4.2019 ൽ പ്രവൃത്തിയ്ക്കാവശ്യമായ കവർ സ്ലാബുകൾ 97 എണ്ണം നിർമ്മിച്ചതായി രേഖപ്പെടുത്തി 1,56,779/- രൂപയുടെ പാർട്ട് ബിൽ സമർപ്പിക്കുകയും തുക മാറി നൽകുകയും ചെയ്തിട്ടുണ്ട്. (ചെക്ക് നം. 5129809/29.10.2019) തുടർന്ന് പ്രവൃത്തിയുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ ഫയലിലോ, എം ബുക്കിലോ രേഖപ്പെടുത്തിയിട്ടില്ല. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകരിച്ച 16.3.2019 ൽ പ്രവൃത്തി ആരംഭിച്ചതായി കണക്കാക്കി 3 മാസം കാലാവധി അനുവദിച്ചാൽ പോലും പ്രവൃത്തി 15.06.2019 ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചതായി കാണുന്നില്ല. അപാകത്തിന് വിശദീകരണവും, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിവരവും ഓഡിറ്റിൽ അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.53/19.2.22) മറുപടി ലഭ്യമാക്കിയിട്ടില്ല. കാലതാമസത്തിന് വിശദീകരണവും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിവിവരവും ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-60 പൂതേപ്പാടം റോഡ്, കലിംഗ് പറമ്പ് റോഡ് ടൈൽ വിരിക്കൽ - നിർവ്വഹണത്തിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 136/19 |
| പ്രോജക്റ്റിന്റെ പേര് | പൂതേപ്പാടം റോഡ്, കലിംഗ് പറമ്പ് റോഡ് ടൈൽ വിരിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനിയർ |
| കരാറുകാരൻ | വിനോയ് ആന്റണി |
| എഗ്രീഡ് പിഎസി | ₹ 12,49,215/- |
| ചെലവ് വിവരം | ₹ 12,38,645/- |
| എം.ബുക്ക് നം. | 12/19-20 |
| ചെക്ക് നം. | 659067/30.8.19 |

നഗരസഭയുടെ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരനായ ശ്രീ.വിനോയ് ആന്റണി 21.1.2019 ൽ മുനിസിപ്പൽ എഞ്ചിനിയറുമായി കരാർ ചമച്ച് പ്രവൃത്തി നിർവ്വഹണം ഏറ്റെടുത്തിട്ടുണ്ട്. ടെണ്ടർ നിബന്ധന പ്രകാരം പൂർത്തീകരണ കാലയളവ് 3 മാസമുള്ള ടി പ്രവൃത്തി 20.4.2019 ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 18.02.2020 ലാണ്. പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങളിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1) പ്രസ്തുത സ്ഥലത്ത് അതിർത്തി തർക്കമുള്ളതിനാൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ കാലതാമസ്സമുള്ളതിനാൽ പൂർത്തീകരണ കാലയളവ് നീട്ടി നൽകണമെന്നുള്ള കരാറുകാരന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ മുനിസിപ്പൽ എഞ്ചിനിയർ 20.7.2019 വരെ (3മാസം) പൂർത്തീകരണ കാലയളവ് അനുവദിച്ച നൽകിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് മുനിസിപ്പൽ എഞ്ചിനിയർ സ്ഥല പരിശോധന നടത്തിയ റിപ്പോർട്ട്, അതിർത്തി തർക്കം ആരുമായാണ് തുടങ്ങിയ വിവരങ്ങളൊന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

2012 ലെ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2112-1പ്രകാരം തക്കതായ കാരണമുള്ളപക്ഷം പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് നീട്ടി നൽകാവുന്നതാണെന്നും എന്നാലിത് ഒർജിനൽ കാലയളവിന്റെ 50% ൽ അധികരിക്കരുതെന്നും (പരമാവധി 50%) വ്യക്തമാക്കിയിട്ടുണ്ട്. ഇത് പ്രകാരം കേവലം 45 ദിവസം മാത്രം പൂർത്തീകരണ കാലയളവ് നീട്ടി നൽകാവുന്ന പ്രവൃത്തിയ്ക്ക് യാതൊരു വിധ പരിശോധനകളും കൂടാതെ കരാറുകാരന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ മാത്രം 3മാസമാണ് ദീർഘിപ്പിച്ച നൽകിയത്.

തുടർന്ന് പൂർത്തീകരണ കാലാവധി രണ്ടാമതും നീട്ടി നൽകുന്നതിനായി കരാറുകാരൻ സമർപ്പിച്ച അപേക്ഷയിൽമേൽ നിയമാനുസൃത ഫീസ് ഈടാക്കി കാലയളവ് പുതുക്കി നൽകുവാൻ മുനിസിപ്പൽ എഞ്ചിനിയർ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതു പ്രകാരം തുടർന്നുള്ള രണ്ട് സപ്ലിമെന്ററി എഗ്രിമെന്റ് പ്രകാരം (ഒരെണ്ണം 24.10.19 തീയതിയിൽ തയ്യാറാക്കിയത് (21.10.19-20.1.20 വരെ) ഒരെണ്ണം ബ്ലാങ്ക് സ്റ്റാമ്പ് പേപ്പർ) 21.1.20 വരെ കാലാവധി നീട്ടി നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 18.2.20 ലാണ്. കരാറുകാരന് ഫൈനൽ ബിൽ പ്രകാരം തുക നൽകിയപ്പോൾ കാലതാമസ്സത്തിനുള്ള ഫൈൻ ഈടാക്കാതിരുന്നതിനെ തുടർന്ന് മുനിസിപ്പൽ എഞ്ചിനിയറുടെ നിർദ്ദേശാനുസരണം 1% തുകയായ 12,492/- രൂപ 14.9.20 ൽ ഒടുക്കിയതായി ഫയലിൽ

രേഖപ്പെടുത്തിയിട്ടുണ്ട്.

2012 ലെ പി.ഡബ്ല്യൂ.ഡി. മാന്വൽ സെക്ഷൻ 2116-1പ്രകാരം ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവർത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധികകാലത്തിന് പ്രതിവാരം PAC യുടെ 0.1%നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷൻ ഈടാക്കേണ്ടതാണ്. മുനിസിപ്പൽ എഞ്ചിനിയർ ആദ്യ തവണ 20.7.19 വരെ ദീർഘിപ്പിച്ച നൽകിയ കാലയളവ് അനുവദിച്ചാൽ പോലും തുടർന്ന് 21.7.19 മുതൽ 18.2.20 വരെയുള്ള കാലയളവിലേയ്ക്ക് (30 ആഴ്ച) നിയമപ്രകാരം എഗ്രീഡ് പി.എ.സി യുടെ 3% നിരക്കിൽ പിഴ ഈടാക്കേണ്ടതാണ്.

ഈടാക്കേണ്ട പിഴ = 37,476/- രൂപ .

ഈടാക്കിയത് = 12,492/- രൂപ.

ഈടാക്കാൻ ശേഷിക്കുന്നത് 24,984/- രൂപ. ടി തുക കരാറുകാരനിൻ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

2) പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകുന്നത് സംബന്ധിച്ച് നഗരസഭ കൗൺസിലിന്റെ അനുമതി ലഭിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രസ്തുത കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.

3) കരാറുകാരൻ 14.9.20 ൽ തുക ഒടുക്കിയ രസീതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.29/16.2.22) മറുപടി ഹാജരാക്കിയിട്ടില്ല.

## 1-61 നഗരസഭാ ഓഫീസിന് ചുറ്റുമതിൽ നിർമ്മാണം - ക്രമവിരുദ്ധമായി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ | 247/19 |
| പ്രോജക്ടിന്റെ പേര് | നഗരസഭാ ഓഫീസിന് ചുറ്റുമതിൽ നിർമ്മാണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനിയർ |
| കരാറുകാരൻ | കെ.പി. ജോസഫ് സ്റ്റാൻലി |
| എഗ്രീഡ് പിഎസി | ₹ 3,39,267/- |
| ചെലവ് വിവരം | ₹ 1,92,786/- (തനത് ഫണ്ട്) |
| എം.ബുക്ക് നം. | 100/19-20 |
| ചെക്ക് നം. | 557834/28.12.19 |

നഗരസഭയുടെ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരനായ ശ്രീ.കെ.പി.ജോസഫ് സ്റ്റാൻലി 16.10.2018 ൽ മുനിസിപ്പൽ എഞ്ചിനിയറുമായി കരാർ ചമച്ച് പ്രവൃത്തി നിർവ്വഹണം ഏറ്റെടുത്തിട്ടുണ്ട്. ടെണ്ടർ നിബന്ധന പ്രകാരം പൂർത്തീകരണ കാലയളവ് 3 മാസമുള്ള ടി പ്രവൃത്തി 15.1.2019 ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 26.9.2019 ലാണ്. പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങളിൽ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

1) പ്രസ്തുത സ്ഥലത്ത് അതിർത്തി തർക്കമുള്ളതിനാൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ കാലതാമസ്സമുള്ളതിനാൽ പൂർത്തീകരണ കാലയളവ് 6മാസം കൂടി നീട്ടി നൽകണമെന്നുള്ള കരാറുകാരന്റെ 09.01.2019 ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ മുനിസിപ്പൽ എഞ്ചിനിയർ 10.07.2019 വരെ (6മാസം) പൂർത്തീകരണ കാലയളവ് അനുവദിച്ച നൽകിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് മുനിസിപ്പൽ എഞ്ചിനിയർ സ്ഥല പരിശോധന നടത്തിയ റിപ്പോർട്ട്, അതിർത്തി തർക്കം ആരുമായാണ് തുടങ്ങിയ വിവരങ്ങളൊന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

2) പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകുന്നത് സംബന്ധിച്ച് നഗരസഭ കൗൺസിലിന്റെ അനുമതി ലഭിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രസ്തുത കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.

3) 10.7.2019 ന മുമ്പ് പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം ആയത് പൂർത്തീകരിക്കുന്ന തീയതി വരെ നിയമ പ്രകാരമുള്ള ഫൈൻ ഈടാക്കുന്നതാണെന്ന് മുനി.എഞ്ചിനിയർ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് 26.9.19 ലാണ്. എന്നാൽ പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും നിയമപ്രകാരമുള്ള ഫൈൻ ഈടാക്കാതെയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്.

4) പ്രവൃത്തിയുടെ അളവ് ബുക്ക് പരിശോധിച്ചതിൽ പ്രവൃത്തി ആരംഭിച്ചതു തന്നെ 1.8.2019 ലാണെന്ന് വ്യക്തമാണ്. കരാർ ചമച്ച് 16.10.18 ൽ വർക്ക് ഓർഡർ കൈപ്പറ്റിയ കരാറുകാരൻ കരാർ കാലയളവിൽ യാതൊരുവിധ പ്രവൃത്തിയും ചെയ്യാതെ കാലയളവ് പൂർത്തിയായ സാഹചര്യത്തിൽ പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച നൽകുന്നതിനായി അപേക്ഷ നൽകുകയാണ് ചെയ്തതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. വർക്ക് ഓർഡർ പ്രകാരമുള്ള കരാർ കാലയളവായ 15.1.19 വരെയുള്ള സമയത്ത് പ്രവൃത്തി ചെയ്യുന്നതിന് ഏതെങ്കിലും വിധത്തിലുള്ള തടസ്സമുള്ളതായി കരാറുകാരനോ, മുനിസിപ്പൽ എഞ്ചിനിയറോ റിപ്പോർട്ട് ചെയ്തിട്ടില്ല. ഇതിൽ നിന്നു തന്നെ കരാറുകാരന്റെ ഭാഗത്തു നിന്നുള്ള അനാസ്ഥ മൂലമാണ് പ്രവൃത്തി നിർവ്വഹണത്തിൽ താമസ്സമുണ്ടായിട്ടുള്ളതെന്ന് വ്യക്തമാണ്.

പ്രസ്തുത സാഹചര്യത്തിൽ ക്രമവിരുദ്ധമായി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകിയതിനും, നിയമ പ്രകാരമുള്ള ഫൈൻ ഈടാക്കാതിരുന്നതിനും വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.30/16.2.22) മറുപടി ഹാജരാക്കിയിട്ടില്ല.

## 1-62 യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല.

ജി.ഒ(പി)13/2012/പി.ഡബ്ല്യൂ.ഡി/തീ.1.2.2012 നമ്പർ ഉത്തരവ് പ്രകാരം 2012 ൽ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009 (6) പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ (സെലക്ഷൻ നോട്ടീസ് നൽകി 14 ദിവസത്തിനുള്ളിൽ) കരാറിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്നും കരാർ തുകയുടെ 1% (മിനിമം - 1,000/-, മാക്സിമം -25,000/-) പിഴയായി ഈടാക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാർ ചമയ്ക്കാതിരുന്നിട്ടും പിഴ ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | സെലക്ഷൻ നോട്ടീസ് തീയതി/ പിഴ കൂടാതെ കരാർ ചമയ്ക്കാവുന്ന അവസാന തീയതി | കരാർ ചമച്ച തീയതി | ഈടാക്കേണ്ട പിഴ (1% നിരക്കിൽ) |
|---|---|---|---|---|
| 1 | തോട്ടത്തിപ്പറമ്പ് കനാൽ റോഡ് റീടാറിംഗ് (514/20) കെ.കെ.ഗോപിനാഥൻ<br>പി.എ.സി -765975/-<br>പ്രവൃത്തിമൂല്യം -793226/-<br>ചെക്ക് നം. 5129868/6.3.20 | 20.8.2019<br>3.9.2019 | 19.11.2019 | 7660 |
| 2 | രാജീവ് ഗാന്ധി ലെയിൻ ടാറിംഗ് (463/19) ടി.കെ.വർഗ്ഗീസ്<br>പി.എ.സി -248182/-<br>പ്രവൃത്തിമൂല്യം -248157/-<br>ചെക്ക് നം. 2419696/18.9.19 | 31.2.2019<br>14.2.2019 | 21.2.2019 | 2482 |
| 3 | ജയന്തി വിക്രംസാരാഭായി റോഡ് അറ്റകുറ്റപ്പണി (462/19) ജേക്കബ് ഡയറിഷ്<br>പി.എ.സി - 1759975/-<br>പ്രവൃത്തിമൂല്യം - 1759871/-<br>ബിൽ - 37/12.6.19 - 316244/-<br>ചെക്ക് നം. 2419681/15.7.19 - 479953 | 6.12.2018<br>20.12.2018 | 8.3.2019 | 17600 |
| 4 | കേട്ടേഴത്തും റോഡ് ടാറിംഗ് (462/19) ടി.കെ.വർഗ്ഗീസ് പി.എ.സി - 274440/-<br>പ്രവൃത്തിമൂല്യം - 267562/-<br>ചെക്ക് നം. 5129811/29.10.19 | 31.1.2019<br>14.2.2019 | 21.2.2019 | 2744 |
| 5 | പൊതു ശൗചാലയം നിർമ്മാണം (64/20) ജോസഫ് സ്റ്റാൻലി.കെ.പി<br>പി.എ.സി -293905/-<br>പ്രവൃത്തിമൂല്യം -282278 /-<br>ചെക്ക് നം. 660/31.3.20 | 20.8.2019<br>4.9.2019 | 19.11.2019 | 2939 |
| 6 | സർവ്വോദയം റോഡ് കാന, സ്ലാബ് നിർമ്മാണവും, ടൈൽ വിരിക്കലും (477/20) രഞ്ജിത്ത് കുമാർ .എൻ<br>പി.എ.സി -1204440/-<br>പ്രവൃത്തിമൂല്യം - 1304363/-<br>ചെക്ക് നം. 847899/14.2.20 | 20.8.2019<br>4.9.2019 | 30.10.2019 | 12044 |
| 7 | പൂതപ്പാടം റോഡ്, കലിംഗ് പറമ്പ് റോഡ് ടൈൽ വിരിക്കൽ (136/19)<br>വിനോയ് ആന്റണി<br>പി.എ.സി -1249215/-<br>പ്രവൃത്തിമൂല്യം - 1238646/-<br>ചെക്ക് നം. 659067/30.8.19 | 6.12.2018<br>20.12.2018 | 21.1.2019 | 12492 |
| 8 | തോമസ് പുരം ജംഗ്ഷൻ മുണ്ടശ്ശേരി മാസ്റ്റർ റോഡ് നവീകരണം (529/20)<br>കെ.കെ.ഗോപിനാഥൻ<br>പി.എ.സി -1097005/-<br>പ്രവൃത്തിമൂല്യം -1227426/-<br>ചെക്ക് നം. 330911/21.2.20 | 20.8.2019<br>3.9.2019 | 19.11.2019 | 10970 |
| 9 | അംഗൻവാടി നം.28 റോഡ് നവീകരണം (151/20) മെൽവിൻ ജോസഫ്<br>പി.എ.സി -414452/-<br>പ്രവൃത്തിമൂല്യം -419984/-<br>ബിആർഎൻ - 1495033/13.3.20 | 20.12.2019<br>3.1.2020 | 4.2.2020 | 4145 |
| 10 | പിഡബ്ല്യൂഡി റോഡ്, തമ്പാൻ കോളനി റോഡ് കാന നിർമ്മാണവും, ടൈൽ വിരിക്കലും (126/19)<br>വിനോയ് ആന്റണി | 6.12.2018<br>20.12.2018 | 21.1.2019 | 9988 |

| | | | | |
|---|---|---|---|---|
| | പി.എ.സി -998839/-<br>പ്രവൃത്തിമൂല്യം - 635067/- | | | |
| 11 | തണ്ടാശ്ശേരി റോഡ് ബൈലൈൻ കാന പുനരുദ്ധാരണം (144/20)<br>പി.ഡി.ജോസഫ്<br>പി.എ.സി -982070/-<br>പ്രവൃത്തിമൂല്യം -1099913/-<br>ചെക്ക് നം. 330988/13.3.20 | 16.12.2019<br>30.12.2019 | 15.1.2020 | 9821 |
| 12 | വി.പി പീറ്റർ റീയജന്റ് റോഡ് ടൈൽ വിരിക്കൽ, വി.പി.പീറ്റർ ബൈലൈൻ റോഡ് സംരക്ഷണ ഭിത്തി (563/20)<br>അഫ്സൽ മുഹമ്മദ് (ക്യൂബ് കൺസട്രക്ഷൻസ് )<br>പി.എ.സി -1686961/-<br>പ്രവൃത്തിമൂല്യം -1387573/-<br>ബിആർഎൻ - 1651434/30.3.20 | 18.9.2019<br>2.10.2019 | 2.12.2019 | 16870 |
| 13 | കണ്ണാടിക്കാട് തോമസ് പുരം റോഡ് നവീകരണം (167/20)<br>ഫ്രാൻസിസ് ദേവസ്യ<br>പി.എ.സി -1441456/-<br>പ്രവൃത്തിമൂല്യം – 1334891/-<br>ചെക്ക് നം. 330967/11.3.20 | 16.12.2019<br>30.12.2019 | 28.1.2020 | 14415 |
| 14 | നിരവത്ത് റോഡ്, പാണ്ടവത്ത് റോഡ് ടാറിംഗ് (478/19)<br>ടി.കെ.വർഗ്ഗീസ്<br>പി.എ.സി -742099/-<br>പ്രവൃത്തിമൂല്യം -722296/-<br>ചെക്ക് നം. 670778/30.10.19 | 31.1.2019<br>14.2.2019 | 21.2.2019 | 7421 |
| 15 | മണ്ണൂർ ജയന്തി റോഡ് റീ ടാറിംഗ് (523/20)<br>ടി.കെ.വർഗ്ഗീസ്<br>പി.എ.സി -581145/-<br>എം.ബുക്ക് - 165/19-20<br>പ്രവൃത്തിമൂല്യം -592216/-<br>ചെക്ക് നം. 175155/24.6.20 | 20.8.2019<br>3.9.2019 | 30.11.2019 | 5811 |
| | ആകെ | | | 137402 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനും പിഴ ഇനത്തിൽ ഈടാക്കേണ്ട 1,37,402/- രൂപ കരാറുകാരിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.57/19.2.22) നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ടി തുക കരാറുകാരിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ചെക്ക് മുഖേന വരവ് വന്ന ജീവനക്കാരുടെ തൊഴിൽനികുതി -വരവ് സാംഖ്യാ രസീതിലുള്ളതിനേക്കാൾ കുറവ്

Abaad Builders Pvt Ltd-ൽ നിന്ന് ജീവനക്കാരുടെ തൊഴിൽനികുതി ഇനത്തിൽ രസീത് നമ്പർ 119020400027 മുഖേന 85,305/- രൂപ 31-10-2019ൽ ബാങ്കിൽ വരവ് വന്നിട്ടുള്ളതായി ഡേബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ചെക്ക് രജിസ്റ്ററിലും ബാങ്ക് അക്കൌണ്ടിലും (പഞ്ചാബ് നാഷ്ണൽ ബാങ്ക് അക്കൌണ്ട് നമ്പർ -7476001100000011) ഈ രസീത് പ്രകാരം 29-10-2019 ലെ 079508 നമ്പർ ചെക്ക്(HDFC) മുഖേന 84,305/- രൂപ ഈടാക്കിയതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 1,000/- രൂപ കുറവായി വരവ് വന്നത് വിശദീകരിക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (38/17-2-2022) വിഷയത്തിൽ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും വിശദീകരണം വാങ്ങി തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത് ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പദ്ധതി വിഹിതം അധികം ചെലവഴിച്ചു.

പ്രോജക്ട് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ 161/19-20, എസ്.സി. വിഭാഗത്തിന് പി.വി.സി വാട്ടർ ടാങ്ക് നല്കൽ എന്ന പ്രോജക്ട് പ്രകാരം 33 എസ്.സി ഗുണഭോക്താക്കൾക്ക് 500L ന്റെ പി.വി.സി വാട്ടർ ടാങ്ക് ഒരെണ്ണം വീതം നല്കിയിട്ടുണ്ട് . 2,900/- രൂപ നിരക്കിൽ 33 എണ്ണം വാങ്ങിയതിൽ 28/20,31.03.2020, 29.20.31.03.2020,എന്നീ ട്രഷറി ബിൽ പ്രകാരം യഥാക്രമം 49,300/-, 46,400/- എന്നീങ്ങനെ ആകെ 95,700/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ 14.02.2018 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (കൈ) 22/2018 പ്രകാരമുള്ള മാർഗരേഖയിലെ ഖണ്ഡിക നം 6.6 ലെ ക്രമനം 5 പ്രകാരം എസ്.സി ഗുണഭോക്താക്കൾക്ക് 500L ന്റെ പി.വി.സി വാട്ടർ ടാങ്ക് 75% സബ്സിഡി നിരക്കിൽ നല്കാമെന്ന് നിഷ്കർഷിക്കുന്നുണ്ട്. മേൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ 33 എസ്.സി ഗുണഭോക്താക്കൾക്ക് 500L ന്റെ പി.വി.സി വാട്ടർ ടാങ്ക് നല്കിയിട്ടുണ്ടെങ്കിലും 32 ഗുണഭോക്താക്കളുടെ ഗുണഭോക്തൃവിഹിതം മാത്രമേ നഗരസഭയിൽ അടവാക്കിയതായി കാണുന്നുള്ളൂ. 23925 രൂപ ഗുണഭോക്തൃവിഹിതമായി ഈടാക്കേണ്ടിയിരുന്ന സ്ഥാനത്ത് 23,200/- രൂപ മാത്രമേ ശേഖരിച്ചിരുന്നുള്ളൂ (രസീത് ബുക്ക് നം 301, രസീത് നം 30001 മുതൽ 30032 വരെ). പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ച 95700/- രൂപയും എസ്.സി.പി വികസന ഫണ്ടിൽ നിന്നും നല്കിയിട്ടുണ്ട്. ആയതിനു വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടതിന് (15/14.02.2022) ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്തൃവിഹിതം അടവാക്കിയതിന്റെ ലെഡ്ജർ പരിശോധിച്ച് വിവരം ഓഡിറ്റിനെ അറിയിക്കാമെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ബന്ധപ്പെട്ട രസീത് ഓഡിറ്റ് വേളയിൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃവിഹിതമായി 32 ഗുണഭോക്താക്കൾ മാത്രമാണ് അടവാക്കിയിട്ടുള്ളത്. ഗുണഭോക്തൃവിഹിതം കുറവായി ഈടാക്കിയതിനാൽ പ്ലാൻ ഫണ്ടിൽ നിന്നും അധികം ചെലവഴിച്ച 725/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഗുണഭോക്തൃവിഹിതം ബന്ധപ്പെട്ട ഗുണഭോക്താവിൽ നിന്നോ, നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ അടവാക്കേണ്ടതാണ്.

പ്രോജക്ട് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 2018-19 ൽ 420/19,എസ്.സി വിഭാഗത്തിന് പി.വി.സി വാട്ടർ ടാങ്ക് നല്കൽ എന്ന പേരിൽ ആരംഭിക്കുകയും 271/20, എസ്.സി. വിഭാഗത്തിന് പി.വി.സി. വാട്ടർ ടാങ്ക് നല്കൽ എന്ന പേരിൽ 2019-20 ൽ പൂർത്തികരിക്കുകയും ചെയ്ത പ്രോജക്ടിൽ 49 എസ്.സി. ഗുണഭോക്താക്കൾക്ക് 500L ന്റെ പി.വി.സി വാട്ടർ ടാങ്ക് ഒരെണ്ണം വീതം നല്കിയിട്ടുണ്ട് . 2,900/- രൂപ നിരക്കിലാണ് നഗരസഭ ഇത് വാങ്ങിയിട്ടുള്ളത്. 08/20,27.04.2019 ,11/20, 27.04.2019, എന്നീ ബില്ലുകൾ പ്രകാരം യഥാക്രമം 1,16,000/-, 26,100/- എന്നീങ്ങനെ ആകെ 1,42,100/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ 14.02.2018 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (കൈ) 22/2018 പ്രകാരമുള്ള മാർഗരേഖയിലെ ഖണ്ഡിക നം 6.6 ലെ ക്രമനം 5 പ്രകാരം എസ്.സി ഗുണഭോക്താക്കൾക്ക് 500L ന്റെ പി.വി.സി വാട്ടർ ടാങ്ക് 75% സബ്സിഡി നിരക്കിൽ നല്കാമെന്ന് നിഷ്കർഷിക്കുന്നുണ്ട്. മേൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ 49 എസ്.സി ഗുണഭോക്താക്കൾക്ക് 500L ന്റെ പി.വി.സി വാട്ടർ ടാങ്ക് നല്കിയിട്ടുണ്ടെങ്കിലും ഗുണഭോക്തൃവിഹിതം 725/- രൂപ വീതം ഈടാക്കേണ്ടതായിരുന്നു. എന്നാൽ 688/- രൂപ വീതമാണ് ഈടാക്കിയിട്ടുള്ളത്. ഒരു ഗുണഭോക്താവിൽ നിന്ന് 37/- രൂപ നിരക്കിൽ കുറവായി ഈടാക്കിയത് നിമിത്തം ഈയിനത്തിൽ ₹ 1813( 37 X 49) എസ്.സി.പി. വികസന ഫണ്ടിൽ നിന്നും അധികമായി നല്കിയിട്ടുണ്ട്. ആയതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് (15/14.02.2022) നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നൽകിയ മറുപടി, ഗുണഭോക്തൃവിഹിതം തനത് ഫണ്ടിൽ നിന്ന് വികസന ഫണ്ട് എസ്.സി.പി. ലേക്ക് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കാമെന്നാണ്. ഗുണഭോക്തൃവിഹിതമായി കുറവായി ഈടാക്കിയതിനാൽ പ്ലാൻ ഫണ്ടിൽ നിന്ന് അധികം ചെലവഴിച്ച 1,813/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ നിന്നോ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വികസന ഫണ്ട് എസ്.സി.പി.യിലേക്ക് അടവാക്കേണ്ടതാണ്.

## 3-2 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് - അധികം തുക നല്കി

| | | |
|---|---|---|
| പ്രൊജക്ട് നം.,പേര് | എസ് 0002/20 , ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നല്കൽ | |
| അടങ്കൽ | 19,00,000 /- (വികസന ഫണ്ട് ) | |
| ചെലവ് | 18,28,100 /- | ബിൽ നം. 09/19-20 ; 27.01.20 ; 6,95,000 /- |
| | | ബിൽ നം. 10/19-20 ; 27.01.20 ; 5,93,500 /- |
| | | ബിൽ നം. 11/19-20 ; 27.01.20 ; 1,64,500 /- |
| | | ബിൽ നം. 13/19-20 ; 26.02.20 ; 3,46,600 /- |
| | | ബിൽ നം. 17/19-20 ; 13.03.20 ;28,500 /- |
| നിർവ്വഹണഉദ്യോഗസ്ഥ | ICDS സൂപ്പർവൈസർ | |

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നല്കുന്നതിനും പഠനനിലവാരവും ജീവിതനിലവാരവും മെച്ചപ്പെടുത്തുകയും ചെയ്യുന്നതിനുവേണ്ടി ICDS സൂപ്പർവൈസർ നടപ്പാക്കിയതാണ് ഈ പ്രൊജക്ട്. 14.02.18ലെ ജി.ഒ.(എം.എസ്.) 22/2018 ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നല്കേണ്ട ധനസഹായതുക ഏതൊക്കെ ഇനങ്ങളിലാണെന്നും പരമാവധി നല്കേണ്ടതെത്രയാണെന്നും നിശ്ചയിച്ചിട്ടുണ്ട്. ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സനുസരിച്ചും മാനസിക വെല്ലുവിളികൾ നേരിടുന്ന എല്ലാ വിദ്യാർത്ഥികൾക്കും പഠിക്കുന്ന ക്ലാസ്സ് വ്യത്യാസമില്ലാതെ പരമാവധി 28,500 /- രൂപയുമാണ് നല്കാവുന്നത് .

ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നല്കാവുന്ന ധനസഹായം താഴെ പറയും പ്രകാരമാണ് .

| ക്രമ നം. | പഠിക്കുന്ന ക്ലാസ്സ് | നല്കാവുന്ന തുക | | ആകെ നല്കാവുന്നത് |
|---|---|---|---|---|
| | | സ്കോളർഷിപ്പ് | വാർഷിക ബത്ത | |
| 1 | 1 മുതൽ 4 വരെ , നഴ്സറി ക്ലാസ്സ് | 4800 /- | 500 /- | 5300 /- |
| 2 | 5 മുതൽ 8 വരെ | 6000 /- | 600 /- | 6600 /- |

| | | | | |
|---|---|---|---|---|
| 3 | 9 ,10 ,+1 ,+2 | 7200 /- | 800 /- | 8000 /- |
| 4 | ബിരുദം | 12000 /- | 1000 /- | 13000 /- |
| 5 | ബിരുദാനന്തരബിരുദം | 12000 /- | 1500 /- | 13500 /- |

എന്നാൽ ഫയൽ പരിശോധിച്ചതിൽ ശാരീരിക വെല്ലുവിളികൾ നേരിടുന്ന താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് അർഹമായതിലും കൂടുതൽ തുക നല്കിയിട്ടുള്ളതായി കാണുകയുണ്ടായി .

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന ക്ലാസ്സ് | നല്കാവുന്ന പരമാവധി തുക | നല്കിയത് | അധികം നല്കിയത് |
|---|---|---|---|---|---|
| 1 | ലക്ഷ്മി ശിവപ്രസാദ് | + 2 | 8000 /- | 12000 /- | 4000 /- |
| 2 | നിത്യ.വി.ജെ | ബിരുദം | 13000 /- | 14600 /- | 1600 /- |
| 3 | അഖില.ആർ.മേനോൻ | ബിരുദം | 13000 /- | 14600 /- | 1600 /- |
| 4 | മെൽവിൻ അബ്രഹാം | 10 ാം ക്ലാസ്സ് | 8000 /- | 12000 /- | 4000 /- |
| 5 | ശ്രേയ പ്രദീപ് | ഓപ്പൺ സ്കൂൾ വിദ്യാർത്ഥി-13 വയസ്സ് | 8000 /- | 28500 /- | 20500 /- |
| 6 | സാമുവൽ ബിജു അഗസ്റ്റിൻ | 9ാം ക്ലാസ്സ് | 8000 /- | 12000 /- | 4000 /- |
| ആകെ അധികം നല്കിയത് | | | | | 35700 /- |

മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നല്കാവുന്ന ധനസഹായം താഴെ പറയും പ്രകാരമാണ് .

| ക്രമ നം. | ഇനം | നല്കാവുന്ന തുക |
|---|---|---|
| 1 | സ്കോളർഷിപ്പ് | 12000 /- |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത | 1500 /- |
| 3 | പഠനസഹായികൾക്ക് /വിദ്യാഭ്യാസ സാമഗ്രികൾക്ക് | 2000 /- |
| 4 | യാത്രാബത്ത | 12000 /- |
| 5 | ഉല്ലാസയാത്രാചെലവ് | 1000 /- |
| ആകെ നല്കാവുന്നത് | | 28,500 /- |

എന്നാൽ അഞ്ജു ആന്റണി എന്ന വിദ്യാർത്ഥിക്ക് 27.01.20 ന് മാറിയ ബില്ലിൽ (ബിൽ നം.11/19-20 ; 1,64,500/-) നിന്നും 26,500/- രൂപയും 26.02.20 ന് മാറിയ ബില്ലിൽ (ബിൽ നം. 13/19-20 ; 3,46,600/-) നിന്നും 3,500/- രൂപയും നല്കിയിട്ടുണ്ട് (ആകെ 30,000/- രൂപ). അതായത് അനുവദിക്കാവുന്ന തുകയേക്കാൾ 1,500/- രൂപ കൂടുതൽ നല്കി. അർഹമായതിലും കൂടുതൽ തുക സ്കോളർഷിപ്പ് നല്കിയതിനും ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളുടെ വിവരങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം.37 , 17.02.22) ഹാജരാക്കിയ മറുപടിയിൽ തെറ്റ് സംഭവിച്ചതാണെന്ന് നിർവഹണഉദ്യോഗസ്ഥ അറിയിച്ചു. നഗരസഭയിൽ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളുടെ പേര് വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തയ്യാറാക്കി ഓരോരുത്തർക്കും അവരവരുടെ വെല്ലുവിളിക്കനുസരിച്ച് നല്കാവുന്ന തുക എത്രയെന്ന് സ്റ്റേറ്റ്മെന്റ് തയ്യാറാക്കുകയും ചെയ്തിരുന്നുവെങ്കിൽ അധികം തുക നല്കുവാനിടവരില്ലായിരുന്നു.ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് നല്കാവുന്ന പരമാവധി തുകയേക്കാൾ അധികം നല്കിയ 35,700 /-രൂപയും മാനസികവെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് നല്കാവുന്ന പരമാവധി തുകയേക്കാൾ അധികം നല്കിയ 1,500/- രൂപയും ചേർത്ത് 37,200/- രൂപ നിർവഹണ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ് .

### 3-3 അങ്കണവാടിക്ക് സ്ഥലം വാങ്ങൽ -സ്റ്റാമ്പ് ഡ്യൂട്ടി ,രജിസ്ട്രേഷൻ ഫീസ് നല്കി

ഡിവിഷൻ 29 ലെ അങ്കണവാടിക്ക് സ്ഥലം വാങ്ങുന്നതിനായി സി.കെ. പ്രസന്നൻ എന്ന വ്യക്തിക്ക് ചെക്ക് നം. 847846 / 17.03.20 പ്രകാരം 3,00,000/- രൂപ തനത് ഫണ്ടിൽ നിന്നും നല്കിയിട്ടുണ്ട്. ടി സ്ഥലം വാങ്ങിയപ്പോൾ രജിസ്ട്രേഷൻ ഫീസിനത്തിലും സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിലുമായി 27,000/- രൂപ വക്കീലിന് നല്കിയിട്ടുണ്ട് (വൗച്ചർ നം.21901669 / 20.03.20). തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഭൂമി വാങ്ങുന്നതുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ ഫീസ് , സ്റ്റാമ്പ് ഡ്യൂട്ടി ഇളവുകളുണ്ടായിട്ടും ഈയിനത്തിൽ തുക നല്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം.10 , 11.02.22) മറുപടി ലഭ്യമാക്കിയില്ല. ഈയിനത്തിൽ ചെലവഴിച്ച 27,000 /- രൂപ തിരികെ ഈടാക്കി തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ് .

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

വാർഷിക ധനകാര്യ പത്രിക പ്രകാരം ഈയിനത്തിൽ തുകയൊന്നും നല്കിയിട്ടില്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

### 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1,47,60,000/-രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| പി.എം.എ. വൈ | ജി.ഒ(ആർ.ടി നം105/2/ഫിൻ /തി.01.08.2019<br>ജി.ഒ(ആർ.ടി)നം 10500/201/ഫിൻ /തി.21.12.2019 | 14760000 | 0 | 3186668 | 0 | 11573332 |

### 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2980489 |
| തൻവർഷം നിക്ഷേപിച്ച തുക | 420829 |
| ആകെ | 3401318 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3401318 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| എസ്.ബി.ഐ മരട് (67271219027/31.03.20 | 610686 |
| മരട് സർവ്വീസ് കോപ്പോറേറ്റീവ് ബാങ്ക്(0017728/02.04.20) | 2790632 |
| ആകെ | 3401318 |

### 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

### 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 35 | 2000-01 | IV7(62) | -- | ലഭ്യമാക്കിയിട്ടില്ല |
| 1998-99 | 28 | 2004-05 | III 7(1) | -- | ലഭ്യമാക്കിയിട്ടില്ല |

### 4-9 ചാർജ്ജ് സർച്ചാർജ്ജുകളുടെ വിവരം

ഇല്ല.

### 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 20,61,40,924 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 22,01,05,604 |
| വരവിനങ്ങളിലുള്ള നഷ്ടം | 1,000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 66,738 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,84,49,697 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം.

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 1,000/- | | മുനിസിപ്പൽ സെക്രട്ടറി, മുഹമ്മദ് ആരിഫ് ഖാൻ |
| 3-1 | | 2,538/- | സി.ജെ വിൽസൺ, പ്രോജക്ട് ഓഫീസർ |
| 3-2 | | 37,200/- | ഐ.സി.ഡി.എസ് സൂപ്പർ വൈസർ, ശാന്തിനി.എൻ.പി |
| 3-3 | | 27,000/- | മുനിസിപ്പൽ സെക്രട്ടറി, മുഹമ്മദ് ആരിഫ് ഖാൻ |
| ആകെ | 1,000/- | 66,738/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരമായ മേൽവിലാസം |
|---|---|---|---|
| 1-25 | 859490 | സി.ജെ വിൽസൺ, പ്രോജക്ട് ഓഫീസർ | ചക്കാലക്കൽ വീട്, 1/871/എ, ആർ.ഐ.ഡി.എസ്.പട്ടാളം, ഫോർട്ടുകൊച്ചി |
| 1-26 | 7500 | സി.ജെ വിൽസൺ, പ്രോജക്ട് ഓഫീസർ | ചക്കാലക്കൽ വീട്, 1/871/എ ആർ.ഐ.ഡി.എസ്.പട്ടാളം, ഫോർട്ടുകൊച്ചി |
| 1-27 | 10176 | ഡോ. രേഖ.എസ്, സീനിയർ വെറ്ററിനറി സർജൻ | ഹൗസ് നം 4/793 എ, അനുരാഗ്, മരട്.പിഒ |
| 1-28 | 12869 | സി.ജെ വിൽസൺ, പ്രോജക്ട് ഓഫീസർ | ചക്കാലക്കൽ വീട്, 1/871/എ, ആർ.ഐ.ഡി.എസ്.പട്ടാളം, ഫോർട്ടുകൊച്ചി |
| 1-35 | 14,77,839 | ഡോ.ബാലു ഭാസി, മെഡിക്കൽ ഓഫീസർ പി.എച്ച്.സി, വളന്തക്കാട് | ഉഷസ്സ്, പാഴൂർ.പിറവം പി.ഒ |
| 1-36 | 142400 | ശ്രീമതി സതി.എ.സി ഹെഡ്മിസ്ട്രസ്, ജി.എൽ,പി.എസ് ,മാങ്കായിൽ | പഴനി ഹൗസ്.ടി.കെ.എസ് റോഡ്. മരട്.പി.ഒ |
| 1-37 | 81000 | ശ്രീ.മുഹമ്മദ് ആരിഫ് ഖാൻ മുനിസിപ്പൽ സെക്രട്ടറി | അസ്ലാം നിവാസ്, പടപ്പറവിലം, കൊന്നിയൂർ, പൂവച്ചൽ .പി.ഒ., തിരുവന്തപുരം |
| 1-38 | 81484 | ശ്രീ.മുഹമ്മദ് ആരിഫ് ഖാൻ മുനിസിപ്പൽ സെക്രട്ടറി | അസ്ലാം നിവാസ്, പടപ്പറവിലം, കൊന്നിയൂർ, പൂവച്ചൽ .പി.ഒ., തിരുവന്തപുരം |
| 1-41 | 33187 | ശ്രീമതി.മോളി.പി.യു., ജി.എച്ച് എസ്.എസ്. മാങ്കായിൽ | കൊച്ചുപുരയ്ക്കൽ , എം.എൽ.എ റോഡ് ഒഴയാടി. കുന്നംകുളം.പി.ഒ |
| 1-42 | 225000 | ശ്രീ.സുഭാഷ്.പി.കെ മുനിസിപ്പൽ സെക്രട്ടറി | പാലേക്കുഴിൽ വാട്,കരിമുകൾ പുത്തൻകുരിശ്.പി.ഒ |
| 1-43 | 662400 | ശ്രീ.സുഭാഷ്.പി.കെ മുനിസിപ്പൽ സെക്രട്ടറി | പാലേക്കുഴിൽ വാട്, കരിമുകൾ പുത്തൻകുരിശ്.പി.ഒ |
| 1-48 | 662650 | ശ്രീ.മുഹമ്മദ് ആരിഫ് ഖാൻ മുനിസിപ്പൽ സെക്രട്ടറി | അസ്ലാം നിവാസ്, പടപ്പറവിലം, കൊന്നിയൂർ, പൂവച്ചൽ .പി.ഒ., തിരുവന്തപുരം |
| 1-51 | 22821 | ശ്രീ.മുഹമ്മദ് ആരിഫ് ഖാൻ മുനിസിപ്പൽ സെക്രട്ടറി | അസ്ലാം നിവാസ്, പടപ്പറവിലം, കൊന്നിയൂർ, പൂവച്ചൽ .പി.ഒ., തിരുവന്തപുരം |
| 1-54 | 14170881 | ശ്രീ.സുഭാഷ്.ജി, മുനിസിപ്പൽഎഞ്ചിനിയർ | |
| ആകെ | 18449697 | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | സി.ജെ വിൽസൺ<br>പ്രോജക്ട് ഓഫീസർ | ഹെൽത്ത് ഇൻസ്പെക്ടർ<br>കൊച്ചിൻ കോർപ്പറേഷൻ | ചക്കാലക്കൽ വീട്, 1/871/എ<br>ആർ.ഐ.ഡി.എസ്.പട്ടാളം, ഫോർട്ടുകൊച്ചി |
| 2 | ഐ.സി.ഡി.എസ് സൂപ്പർ വൈസർ, ശാന്തിനി.എൻ.പി | ഐ.സി.ഡി.എസ് സൂപ്പർ വൈസർ,<br>മരട് നഗരസഭ | നല്ലപറമ്പത്ത്, സാൻവില്ല,പള്ളുരുത്തി, കൊച്ചി-6. |
| 3 | മുനിസിപ്പൽ സെക്രട്ടറി<br>മുഹമ്മദ് ആരിഫ് ഖാൻ | മുനിസിപ്പൽ സെക്രട്ടറി.<br>മുവാറ്റുപുഴ നഗരസഭ | അസ്ലാം നിവാസ്, പടപ്പറവിലം, കൊന്നിയൂർ,<br>പൂവച്ചൽ .പി.ഒ., തിരുവന്തപുരം |

.

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1980-81 | എൽ.എഫ്.ഇ.(പി.4)1468/26.10.1995 |
| 1982-83 | |
| 1983-84 | |
| 1984-85 | |
| 1986-87 | |
| 1987-88 | |
| 1988-89 | |
| 1990-91 | |
| 1991-92 & 1992-93 | എൽ.എഫ്.ഇ.(പി.4)1025/94/9.2.1996 |
| 1993-94 | എൽ.എഫ്.ഇ.(പി.3)556/96/ 17.5.1998/7.1.99 |
| 1996-97 | എൽ.എഫ്.ഇ.(പി.3)160/96 /17.5.98/7.1.99 |
| 1997-98 | എൽ.എഫ്.ഇ.(പി.4)691/2000/ 18.10.2000 |
| 1998-99 | എൽ.എഫ്.ഇ.(പി.6)1010/05/21.7.06 /7.10.06 |
| 1999-2000 | എൽ.എഫ്.ഇ.(പി.6)1011/05/21.7.06/ 7.10.06 |
| 2000-01 | എൽ.എഫ്.ഇ.(പി.6)1005/05/22.7.2006 |
| 2001-02 | എൽ.എഫ്.ഇ.(പി.7)1818/06/ 3.11.07/15.1.08 |
| 2002-03 | എൽ.എഫ്.ഇ.(പി.7)1819/06/ 3.11.07/31.1.08 |
| 2003-04 | എൽ.എഫ്.ഇ.(പി.7)1820/06/ 3.11.07/15.1.08 |
| 2004-05 | എൽ.എഫ്.ഇ.(പി.8)785/09/ 9.3.10/11.6.10 |
| 2005-06 | എൽ.എഫ്.ഇ.(പി.8)786/09 /9.3.10/11.6.10 |
| 2006-07 | എൽ.എഫ്.ഇ.(പി.8)1342/09/ 9.3.10/11.06.10 |
| 2007-08 | എൽ.എഫ്.ഇ.(പി.8)140/10/ 6.11.10/4.1.11 |
| 2008-09 | എൽ.എഫ്.ഇ.(പി.8)141/10/6.11.10/7.3.11 |
| 2009-10 | എൽ.എഫ്.ഇ.(പി.8)1860/10/ 2.5.11/4.8.11 |
| 2010-11 | എൽ.എഫ്.ഇ.(എം.1)1863/12/ 20.6.12/11.7.12 |
| 2011-12 | എൽ.എഫ്.ഇ.(എം.1)1100/14/ 13.1.15/17.1.15 |
| 2012-13 | എൽ.എഫ്.ഇ.(എം.1)883/15 / 14.07.2015 |
| 2013-14 & 2014-15 | കെ.എസ്.എ.-ഇ.കെ.എം.(എം.1)1012/2016 / 20.07.2016 |
| 2015-16 | കെ.എസ്.എ.- ഇ.കെ.എം.(എം.1) 164/ 17 / 8.2.17 |

| | |
|---|---|
| 2016-17 | കെ.എസ്.എ.- ഇ.കെ.എം.(എം.1) 1758/ 17 / 19.09.17 |
| 2017-18 | കെ.എസ്.എ.- ഇ.കെ.എം.(എം.1) 307/ 19 / 23.03.19 |
| 2018-19 | കെ.എസ്.എ.- ഇ.കെ.എം.(എം.1)1968/19/6.3.19 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ മരട് മുനിസിപ്പാലിറ്റിയുടെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മരട് മുനിസിപ്പാലിറ്റിയുടെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്